ഭാഗം
2

അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല
സർഗ്ഗസൃഷ്ടികൾക്കൊരിടം



## കോവിഡ് 19

# കവിതകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള
ലോക്ഡൗൺ പശ്ചാത്തലത്തിൽ
വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച
കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് 19
# കവിതകൾ

## ഭാഗം 2

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

പ്രസിദ്ധീകരണം
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

ഏപ്രിൽ 2020

*Pubilished by :* **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scert@kerala.gov.in
Phone : 0471 - 2341883, Fax : 0471 - 2341869

*Technical Support :* **Kerala Infrastructure and Technology for Education (KITE)**
Poojappura, Thiruvananthapuram 695012, Kerala

**Cover:** N. T. Rajeev, GHSS, Thariode, Wayanad

**Layout:** Dileep R. S, Mahadevan C. and Sudheer A.
**Printed at** SCERT Press
CC - By - SA - 3.0 license
Department of Education, Government of Kerala



**പിണറായി വിജയൻ**
മുഖ്യമന്ത്രി

കേരള സർക്കാർ

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001

നം.397/പ്രസ്/സി.എം.ഒ/2020.

ഏപ്രിൽ 25, 2020.

## സന്ദേശം

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ കോവിഡ്-19 ലോക്ഡൗൺ കാലം സർഗാത്മകവും സന്തോഷപ്രദവുമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് 'അവധിക്കാല സന്തോഷങ്ങൾ', 'അക്ഷരവൃക്ഷം' എന്നീ പരിപാടികൾ ആസൂത്രണം ചെയ്യുകയുണ്ടായി. അക്ഷരവൃക്ഷം പദ്ധതിയുടെ ഭാഗമായി കുട്ടികൾ ശ്രദ്ധേയമായ ധാരാളം കഥകളും കവിതകളും ലേഖനങ്ങളും എഴുതി. ഒന്നാം ക്ലാസു മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള കുട്ടികളിൽ നിന്നും ആവേശകരമായ പ്രതികരണമാണുണ്ടായത്. ആ രചനകളുടെ ഒന്നാം ഭാഗം ഇതിനോടകം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഏറെ വ്യത്യസ്തത പുലർത്തുന്ന മികച്ച ആയിരക്കണക്കിന് രചനകൾ ഉള്ളതിനാൽ അവയെല്ലാം പുസ്തകരൂപത്തിൽ തുടർ വാല്യങ്ങളായി പ്രസിദ്ധീകരിക്കാൻ തയ്യാറായ പൊതുവിദ്യാഭ്യാസ വകുപ്പിനെ അഭിനന്ദിക്കുന്നു.

കുട്ടികളുടെ സാമൂഹിക വീക്ഷണം, കൊറോണയുമായി ബന്ധപ്പെട്ട ശാസ്ത്രീയ ധാരണകൾ, പ്രശ്ന വിശകലനശേഷി, സൂക്ഷ്മ നിരീക്ഷണ പാടവം, ഒരു പ്രശ്നത്തെ വേറിട്ട രീതിയിൽ നോക്കിക്കാണാനുള്ള ശ്രമം, അനുയോജ്യവും ശക്തവുമായ ഭാഷ ഉപയോഗിക്കാനുള്ള കഴിവ്, ശുഭാപ്തി വിശ്വാസം എന്നിവയെല്ലാം പ്രതിഫലിക്കുന്നവയാണ് രചനകൾ. ഏതു പ്രതിസന്ധിയെയും അതിജീവിക്കാനാകുമെന്ന ഉറച്ച പ്രതീക്ഷയുള്ളവരാണ് നമ്മുടെ പുതിയ തലമുറ എന്ന് ഈ രചനകൾ സാക്ഷ്യപ്പെടുത്തുന്നു.

വൈവിധ്യവും കരുത്തുറ്റതുമായ രചനകൾ നിർവഹിച്ച വിദ്യാർഥി സമൂഹത്തെയും അതിന് അവരെ പ്രാപ്തരാക്കിയ നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തെയും വിദ്യാലയങ്ങളെയും ഈ പ്രവർത്തനത്തിൽ പങ്കാളിയായ വിദ്യാഭ്യാസ വകുപ്പിലെ എല്ലാ പ്രവർത്തകരെയും അനുമോദിക്കുന്നു.

പിണറായി വിജയൻ

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in

# ആമുഖം

കോവിഡ് 19 നെ പ്രതിരോധിക്കുവാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നാം നടത്തിക്കൊണ്ടിരിക്കുകയാണ്. സമാന തകളില്ലാത്ത മഹാദുരിതത്തിലൂടെയാണ് മനുഷ്യ സമൂഹം ഒരിക്കൽകൂടി ഇപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. സർഗ്ഗാത്മകമായ ചിന്തയെയും വികാരങ്ങളെയും ആവിഷ് കാരങ്ങളെയും ചേർത്തുപിടിച്ചുകൊണ്ടു മാത്രമേ നമുക്ക് ഈ പ്രതിസന്ധിയെയും മറികടക്കാൻ കഴിയുകയുള്ളൂ.

ഈ വസ്തുത ഉൾക്കൊണ്ടുകൊണ്ടാണ് പൊതുവിദ്യാ ഭ്യാസ വകുപ്പ് ‘അക്ഷരവൃക്ഷ’ത്തിന്റെ തണൽ നമ്മുടെ കുഞ്ഞുങ്ങൾക്കായി വിരിച്ചിരിക്കുന്നത്. ഈ പദ്ധതിയിൽ പങ്കാളികളായ കുട്ടികളുടെ സർഗ്ഗപ്രതിഭയുടെ തിളക്കം ഓരോ രചനയിലും പ്രകടമാണ്.

നമ്മുടെ പൊതുവിദ്യാഭ്യാസം ആർജിച്ച പക്വതയുടെ ഊർജ്ജത്തിന്റെ ഫലങ്ങൾ കൂടിയാണ് അവ. ചിന്തയും ആവിഷ്കാരവും ചേർന്നുനിൽപ്പും സമഭാവനയുമാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ കാതൽ. നമ്മുടെ കുഞ്ഞുങ്ങൾ കൊറോണക്കെതിരായ പോരാട്ടങ്ങളിൽ ഇവിടുത്തെ ഭരണകൂടത്തിനും ആരോഗ്യപ്രവർത്തകർക്കും ആവേശോജ്ജ്വലമായ അനുഭവങ്ങളാണ് സമ്മാനിച്ചു കൊണ്ടിരിക്കുന്നത്. തീർച്ചയായും അതിന്റെ മറ്റൊരുതരത്തിലുള്ള സാക്ഷ്യപ്പെടുത്തലാണ്, പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ചിട്ടുള്ള അക്ഷരവൃക്ഷ മെന്ന സർഗാത്മക പ്രതിരോധ പ്രവർത്തനത്തിൽ ആവേശ ത്തോടുകൂടി പങ്കെടുത്ത ആയിരക്കണക്കിന് കുട്ടികളുടെ കനപ്പെട്ട രചനകൾ.

അപരന്റെ ദാഹത്തിന്റേതിനെക്കാളും അധികമാം കരുതലും കരുണയും കുടിപാർക്കുന്ന ഹൃദയമുള്ളവരാണ് നമ്മുടെ കുഞ്ഞുങ്ങൾ എന്ന് ഈ രചനകൾ ഓരോ നിമിഷവും നമ്മെ ഓർമ്മപ്പെടുത്തും.

ഇത് മുൻപൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു ചരിത്രരേഖ കൂടിയാണ്. മനുഷ്യജീവിതം നാളിതുവരെ കടന്നു പോയിട്ടില്ലാത്ത ഒരു ഘട്ടത്തിലൂടെ, കരുതലോടെ ഉറച്ച ചുവടുവെപ്പുകളുമായി നടന്നുപോകുമ്പോൾ നമ്മുടെ കുഞ്ഞുങ്ങൾ അതിനെ എങ്ങനെയാണ് നോക്കിക്കാണുന്നത് എന്ന് ഇന്നിനെ മാത്രമല്ല വരും കാലങ്ങളെയും അത് നിരന്തരമായി ഓർമ്മപ്പെടുത്തും.

ആദ്യമായി ലഭിച്ച പതിനായിരം രചനകൾ കോവിഡ് 19 കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നീ പേരുകളിൽ ഒന്നാം ഭാഗമായി ഏപ്രിൽ 22 ന് ബഹു. മുഖ്യമന്ത്രി പ്രകാശനം ചെയ്തിട്ടുണ്ട്. ഈ രണ്ടാംഭാഗത്തിൽ 20,000 വരെയുള്ള കുട്ടികളുടെ രചനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. രചനകളിൽ ചിലതിലെങ്കിലും മുതിർന്നവരുടെ സഹായവും കുട്ടികൾ തേടിയിരിക്കാമെന്ന് വിദഗ്ധസമിതി നിരീക്ഷിക്കുന്നു. മുഴുവൻ രചനകളും 'സ്കൂൾവിക്കി' (www.schoolwiki.in) യിൽ ലഭ്യമാണ്.

ഈ പതിപ്പിന് വേണ്ടി രചന നിർവ്വഹിച്ച മുഴുവൻ വിദ്യാർത്ഥികളെയും അതിന് പ്രേരിപ്പിച്ച അധ്യാപകരെയും രക്ഷിതാക്കളെയും പതിനായിരക്കണക്കിന് രചനകളിൽ നിന്ന് ഏറ്റവും മികച്ചവ തെരഞ്ഞെടുത്ത വിദഗ്ധരെയും എസ്.സി.ഇ.ആർ.ടി. ജീവനക്കാരെയും സാങ്കേതിക സഹായം നൽകിയ കൈറ്റ് ജീവനക്കാരെയും എസ്.എസ്.കെ. ജീവനക്കാരെയും അഭിനന്ദിക്കാൻകൂടി ഈ സന്ദർഭം പ്രയോജനപ്പെടുത്തട്ടെ.

ആശംസകളോടെ,

**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**എ. ഷാജഹാൻ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**കെ.അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**ഡോ.എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ

# നല്ല ചിന്തകൾ



എല്ലാവരും വന്നീടു
ഒരുമയിൽ കൈകൾ കോർത്തീടാം
പ്രകൃതിയെ സംരക്ഷിച്ചീടാം
പ്ലാസ്റ്റിക്കുകളെ നാടുകടത്താം
മരങ്ങൾ നട്ടുവളർത്തീടാം
പോഷകമുള്ളൊരു പച്ചക്കറിയും
പഴങ്ങളുമെല്ലാം കഴിച്ചീടാം
ആഹാരത്തിന് മുൻപും പിൻപും
കൈയും വായും കഴുകീടാം
വ്യക്തി ശുചിത്വം മാത്രം പോര
പരിസരമൊക്കെ ശുചിയാക്കാം
വീട്ടിലിരിക്കും സമയത്തൊക്കെ
നാളേക്കായി കരുതീടാം

**ശിവൻ എസ്**
4 ബി എൽപിബിഎസ് മലയിൻകീഴ്
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# ക്വാറന്റൈൻ കാലം

വീടകങ്ങളിൽ അടഞ്ഞിരിക്കുന്നതിൽ
ഒരു സൗന്ദര്യമുണ്ട്, നന്മയും
എന്റെയും നിന്റെയും സുരക്ഷയുടെ നന്മ
സ്വപ്നങ്ങളിൽ മുങ്ങിയും പൊങ്ങിയും
മലർന്നു കിടക്കാം
പഠിച്ച പാഠങ്ങളും പറഞ്ഞ കഥകളും
ഓർത്തും രസിച്ചും അയവിട്ടുറങ്ങാം
ക്വാറന്റൈൻ അഥവാ വീടകങ്ങൾ
ഒരു ഊഞ്ഞാൽ പോലെയാണ്
തിരികെ വരുമെന്നുറപ്പുള്ള ഊഞ്ഞാൽ
ഭയപ്പെടരുത് ജാഗ്രത മതിയെന്ന
പാഠം പഠിപ്പിച്ച ഊഞ്ഞാൽ
പണമല്ല വലുതെന്ന് പഠിപ്പിച്ച കാലം
ഞാനെന്ന ചിന്തയെ നിർവീര്യമാക്കി
നന്മയും തിന്മയും മാറി പഠിപ്പിച്ച
ക്വാറന്റൈൻ ഇന്നൊരു ഗുരുനാഥനായി
വന്ന തിന്മകൾ മായ്ച്ചുകളഞ്ഞൊരു
നിറമുള്ള ജീവിതം ഇനി കോർത്തിണക്കാൻ

**ഫാത്തിമ നിഹ്‌ല. പി.എ**
5 B അൽ അൻസാർ യു.പി.സ്കൂൾ മുണ്ടംപറമ്പ്
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# മോഹം

സ്വപ്നങ്ങൾ കൺമുന്നിൽ
നിന്ന് ഓടിമറയുമ്പോൾ
മനസിലെ മുറിവുകളെ മറക്കാൻ
കാണാതെപോയ ഒരു സ്വപ്നമെങ്കിലും
മരണക്കിടക്കയിൽ അങ്ങനെ കണ്ടുകിടക്കണം.
വേദനകൾ ഹൃദയം തുരന്ന് മാംസം തിന്ന് ചിരിക്കുമ്പോൾ
വാടിപ്പോയ ഓർമ്മകളെ
നട്ടുനനയ്ക്കാൻ പൊടിഞ്ഞുപോയ ചോരത്തുള്ളികളെ
മാറോടു ചേർക്കണം.
ദു:ഖങ്ങൾ പ്രതീക്ഷകളെ
പിച്ചിച്ചീന്തുമ്പോൾ
മരണതുല്യമായ ജീവിതത്തെ നോക്കി കരയാൻ
ഒരിറ്റു കണ്ണീരെങ്കിലും
ബാക്കിവയ്ക്കണം.
ഒടുവിൽ പഴകിയ ജീവിതത്തെ മണ്ണിനാൽ
പൊതിയുമ്പോൾ
അവിടെയും പുഞ്ചിരിക്കാൻ
മരവിച്ചുപോയ സന്തോഷങ്ങളെയും കൂടെക്കൂട്ടണം.

**അശ്വിൻ പി**
9 ഏ എ.എസ്സ്.എം..എച്ച്.എസ്സ്.ആലത്തൂർ
ആലത്തൂർ ഉപജില്ല
പാലക്കാട്

# പ്രകൃതി മനോഹരി

ചുറ്റിലും മരണഗന്ധമുള്ള കാറ്റടിക്കുന്നു
ഓരോ ദിവസവും
മരിച്ചവരുടെ കണക്കറിയാനാണ്
വാർത്തകൾ തപ്പുന്നത്
ധൃതിയും വേഗതയും കുറഞ്ഞ് സ്വസ്ഥരായി മാറി നാം
മുഖം മറച്ച സുരക്ഷിതത്തിലും
അകലങ്ങളിലും
അകത്തളങ്ങളിലും
വേട്ടയാടപ്പെടുമോ എന്ന ഭീതിയിലാണ് നാം
തെളിനീരുകൊണ്ട് കൈകഴുകി
അഴുക്കലിയിച്ചിട്ടും
വൃത്തി ഹീനരാവുന്നവർ
പകലിലും രാത്രിയിലും
സമാധാനത്തിന്റെ
വെൺപ്രാവുകളാകുന്നവർ
മരിച്ചവർ
നക്ഷത്രപ്രകാശങ്ങളിൽ
തിളങ്ങുന്നവർ.
കർമ്മങ്ങളില്ലാത്ത മരണങ്ങൾ
ആരാധനയില്ലാത്ത
ദേവാലയങ്ങൾ
ഒളിച്ചോടിപ്പോയ ദൈവങ്ങൾ
ഭിക്ഷക്കാരില്ലാത്ത തെരുവുകൾ
വിജനമായ വീഥികൾ
വാഹനങ്ങളില്ലാത്ത നിരത്തുകൾ
ആർത്തി കെട്ടടങ്ങിയവർക്കിടയിൽ
പ്രകൃതി പുതുമണവാട്ടിയാകുന്നു.
മനോഹരിയാകുന്നു..

**ഐഷ കെ എച്ച്**
9 എസ് എസ് എം വി എച്ച് എസ്സ് എടക്കഴിയൂർ
ചാവക്കാട് ഉപജില്ല, തൃശ്ശൂർ

# ഹൃദയപൂർവം

താൻ ലോക്ക് ആയിട്ട് കാലങ്ങളായെന്ന് മനുഷ്യഹൃദയം .
പകയും ദൂരയും തെറിയും വെറിയും നിറഞ്ഞ ഇരുട്ടുമുറിയിൽ
കുടുങ്ങി കിടപ്പാണിന്നും.
'ഞാൻ' മാത്രം 'എനിക്കു' മാത്രം എന്ന് മൊഴിഞ്ഞവരെല്ലാം
'നാം' ആയി 'നമ്മളായി'.
പ്രിയ ഹൃദയമേ മാപ്പ്....
അടച്ചിട്ട കൂട്ടിലിരുന്നപ്പോഴാണ് തുറന്നിട്ട ഹൃദയങ്ങളെ കണ്ടത് .

**ഫായിദ. പി.വി**
10 എ ഗവഃ ഹൈസ്കൂൾ പാച്ചേനി
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ

# അമ്മയാം ഭൂമി

ഒരു തൈ നടുന്നു നാം നാളെയീ മണ്ണിൽ
ഒരു വസന്തോത്സവം തീർക്കാൻ
അമ്മയാം ഭൂമിക്ക് കാവലാവാൻ
നമ്മളല്ലാതെ മറ്റാരുമില്ല
മലയില്ല മരമില്ല കിളികളില്ല
മലകളായ് പൊങ്ങുന്നു മാലിന്യങ്ങൾ
വെള്ളം വിഷം വായു വിഷം
കടലും വിഷമയമാക്കി നമ്മൾ
നേരമില്ല ഒട്ടും നേരമില്ല
ജീവന്റെ നന്മയെ വീണ്ടെടുക്കാൻ
അതിനുള്ള പടയൊരുക്കത്തിനിപ്പോൾ
നമ്മളല്ലാതെ മറ്റാരുമില്ല

**മുഹമ്മദ് ഹാദി കെ പി**
8 H ജി എച്ച് എസ് എസ് കണ്ണാടിപറമ്പ
പാപ്പിനിശ്ശേരി ഉപജില്ല, കണ്ണൂർ

# പ്രകൃതി

അഴുക്കു തിന്ന പുഴ
തൊണ്ടപൊട്ടി മരിച്ചിട്ടും,
മഴയ്ക്കായ് കൊതിച്ച മരം
വേരുപൊട്ടി ചോരവാർന്നിട്ടും,
വിത്തില്ലാതെ മണ്ണ്
വിഷംകുടിച്ച് മരവിച്ചിട്ടും,
പകലും രാത്രിയും മറന്ന്
ആകാശം
മെഴുകുപോലെ ഉരുകിത്തീർന്നിട്ടും,
നിറംപൊഴിഞ്ഞ പൂക്കൾ
പൂക്കാൻ മറന്നിട്ടും,
ഭൂമിയെ ഊതിയുറക്കാൻ
കഴിയാതെ കാറ്റ്
നീറിപ്പുകഞ്ഞിട്ടും,
അവനറിയുന്നില്ല താനൊരു
അഴുകിയ
ജഡമായെന്ന്

**അശ്വിൻ. പി**
9G എ.എസ്സ്.എം..എച്ച്.എസ്സ്.ആലത്തൂർ
ആലത്തൂർ ഉപജില്ല, പാലക്കാട്

# ലോക്ഡൗൺ

ലോക് ഡൗൺ
അടുത്തിടാനായ് അകലാം
നമുക്കു മുറിച്ചിടാമീ ചങ്ങലകൾ
ഇടയ്ക്കിടയ്ക്ക് കൈകൾ കഴുകി
തുരത്തിടാമീ വ്യാധിയേയും
തടങ്കലല്ലിതു തടവറയല്ലിതു
കരുതൽ തന്നുടെ ഒളിവാസം
തിരിച്ചു കിട്ടും പുതിയ പ്രഭാതം
നാം പറക്കുമന്നാച്ചിറകേറി.

**സൂര്യനാരായണൻ .A**
7 A ഗവ യു പി എസ് മുടപുരം
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# ഒരു മടങ്ങിവരവ്

പുഴ, ഓർമകളുടെ ചെപ്പിൽ നിന്നും
പടിയിറങ്ങിപ്പോയ മൃതിയുടെ അടയാളം.
കിളി, മൂകതയിൽ അലിഞ്ഞുചേർന്ന
ഗാനപ്രപഞ്ചം.
ചലനത്തെ മറന്ന് നിശ്ചലതയുടെ
തടവുകാരനായ കാറ്റ്
അതിനിടയിൽ ജീവിതത്തിലേക്ക്
ക്ഷണിക്കാതെ വന്നൊരതിഥി....
തിരക്കുപിടിച്ച് ഓടിയിരുന്ന സമയം
നിശ്ചലമായോ എന്തോ.....?
കാലം അവനെ കാത്തിരുന്നിരിക്കാം.....
കാലങ്ങൾക്കപ്പുറം തന്നെ മനോഹരിയായി കണ്ട്
അത്ഭുതം പൂണ്ട പുഴ,
വീണ്ടും ഒഴുകാൻ തുടങ്ങി....
എങ്ങോ ദൂരയാത്ര പോയ കിളികളും
മടങ്ങിയെത്തിയിരിക്കുന്നു.
നിശ്ചലതയുടെ തടവറയിൽ നിന്നും കാറ്റും
ജയിൽ ചാടി...
ആകാശത്തോളം വളർന്ന മനുഷ്യന്റെ സാമ്രാജ്യം
ചീട്ടുകൊട്ടാരം പോലെ നിലം പൊത്തി...
ജീവിതം വീട്ടിനുള്ളിലേക്കൊതുങ്ങി..
മരിച്ചു കിടന്ന സ്നേഹവും സന്തോഷവും
ഉയിർത്തെഴുന്നേറ്റ്,
പ്രതീക്ഷയുടെ പൊൻ പുലരിയെ കണികണ്ടു...

**ജിയ പി ബിജു**
10 A ഫാ ജി കെ എം ഹൈസ്കൂൾ കണിയാരം
മാനന്തവാടി ഉപജില്ല, വയനാട്

# നല്ല കാലം

കൊറോണ നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
കാറില്ലാ ബസ്സില്ലാ ലോറിയില്ലാ
റോഡിലുമെപ്പോഴുമാളുമില്ലാ
തിക്കിത്തിരക്കില്ലാ ട്രാഫിക്കില്ലാ
ചുറ്റും നിറയും പുകയുമില്ലാ
വാ മൂടിക്കെട്ടുന്ന മാസ്കണിഞ്ഞോർ
കണ്ടാലിന്നെല്ലാരുമൊന്നുപോലെ
തോടും പുഴയും ഒഴുകിടുന്നു
മാലിന്യമൊന്നുമേ ചെന്നിടാതെ
കുന്നും മരവും വയലുകളും
നല്ലൊരു കാലം കണികാണുന്നു
ഡ്രിംഗ്സില്ലാ ജംഗ്സില്ലാ ഫാസ്റ്റ്ഫുഡില്ലാ
താളും തകരയും തിന്നിടുന്നു
ഷുഗറില്ലാ പ്രഷറില്ലാ കൊളസ്ട്രോളില്ലാ
ഗുളികതൻ കെട്ടുകളൊന്നുമില്ലാ
അടിയും പിടിയും സമരങ്ങളും
എവിടെയും കാണുവാൻ കഴിയുന്നില്ലാ
വട്ടത്തിൽ വീട്ടിലിരുത്തി നമ്മേ
വട്ടം കറക്കിയ വൈറസിനെ
നാടും നഗരവും നന്നാക്കുവാൻ
ദൈവം ഇറക്കിയ നൻമയാണോ?

**ആയിഷ പി വി**
6 എ, അഴീക്കോട് നോർത്ത് യു പി സ്കൂൾ
പാപ്പിനിശ്ശേരി ഉപജില്ല
കണ്ണൂർ

# അതിജീവനം

കൊറോണയെന്നമാരിയെ
ഒരുമയോടെ നേരിടാം
സർക്കാരിന്റെവാക്കുകൾ
ശ്രദ്ധയോടെ കേട്ടിടാം
ഭൂവിതിൽ നടമാടിടും
കൊറോണയെതുരത്തുവാൻ
അടങ്ങിടാം ഒതുങ്ങിടാം
വീടിനുള്ളിൽ നിന്നിടാം
വാഴ്ത്തിടാം വിറച്ചിടാതെ
നേരിടുന്ന ധീരരെ
ഓർത്തിടാം കരുതലിൽ
കനിവുകാട്ടും ജനതയെ
മെയ്കൾകൊണ്ടകന്നിടാം
മനസ്സുകൊണ്ടു ചേർന്നിടാം
യാതനയെ നീക്കിടാൻ
കരുതൽയാത്രചെയ്തിടാം
മാറിടാം കരുതലുള്ള
കരുത്തനാം പടയാളിയായ്
നേരിടാം ധരിത്രിയെ-
ക്കാർന്നുതിന്നും മാരിയെ
കൈകളെ കഴുകിടാം
വൃത്തിയോടെ നിന്നിടാം
കൊറോണയെ തുരത്തുവാൻ
കരുത്തരായി നിന്നിടാം
കരുതലോടെ നീങ്ങിടാം
അതിജീവനം നടത്തിടാം
ശാസ്ത്രമാംചിറകിലേറി
വീണ്ടുമൊന്നുചേർന്നിടാം



**ശ്രീനന്ദ പി**
III A, അഴീക്കോട് വെസ്റ്റ് യു.പി സ്കൂൾ.
പാപ്പിനിശ്ശേരി ഉപജില്ല
കണ്ണൂർ.

# കാലം പറഞ്ഞത്

പുലർകാലമേ നിൻ കുളിരിൽ
തളിർത്ത നെന്മണികൾ കതിരുകൾ
സൂര്യനെ നോക്കി മെല്ലെ ചിരിച്ചു
പ്രളയമോ കോവിഡോ ഇനിയെന്ത്-
വന്നാലും ഉയരുക ഉയരുക ദേശമേ
കാലം പഠിപ്പിക്കുന്നു ഓരോ ദിനവും
പുതിയ പുതിയ ജീവിത പാഠങ്ങൾ
മൂക്കറ്റം മുങ്ങിയ ചെളിക്കുണ്ടിൽ
വയലുകൾ കായലുകളായ ദിനത്തിൽ
കാവലായ കരുത്തരായ ജനത
ഇന്നിതാ വീണ്ടും കോവിഡിനായ്
പൊരുതുന്നു, പൊരുതി ജയിക്കുന്നു
കാവൽമാലാഖമാരായ് വെളുത്ത
കുപ്പായമണിഞ്ഞ നന്മുഖങ്ങൾ
ജീവിതസ്വപ്നങ്ങൾ മുറുകെപ്പിടിച്ചവർ
കണ്ണുനീരിനെ പൂക്കളായ് മാറ്റിയവർ
നമ്രശിരസ്സായ് നിൽക്കാം ഇവിടെ
ക്ഷേത്രങ്ങൾ, പള്ളികൾ, എവിടെയും
മണികൾ തൻ ശബ്ദം തേജസായി
മർത്യൻ തൻ ഹൃദയങ്ങൾ സ്വയം
പൂജിതമാക്കി പാഠം പഠിച്ചവർ
തോളോടു തോൾ ചേർത്ത്
ജീവിതം ജീവനാക്കിയവർ
സ്വയം പാഠങ്ങൾ പഠിച്ചവർ
കാലമേ പാഠങ്ങൾ പഠിപ്പിച്ച്
മുന്നേറുക മുന്നേറുക ........
ഞങ്ങൾ നിൻ മുന്നിൽ കുതിച്ച്
കുതിച്ചുയരാൻ കെല്പുള്ളോർ
കാണുക കാണുക കാലമേ
നീ തന്ന വിയർപ്പിൽ നിന്ന്
നീ തന്ന കയ്പ്പുനീരിൽ നിന്ന്
ഉയരുക തന്നെ കാലമേ നിൻ-
മുന്നിൽ കുതിച്ചുയരുക കാലമേ .....
കാണുക കാണുക കാലമേ .....

**അൻസൽ വി ജോസഫ്**
5 A അസംപ്ഷൻ എ.യു.പി സ്കൂൾ ബത്തേരി
സുൽത്താൻ ബത്തേരി ഉപജില്ല, വയനാട്

# തിരിച്ചുവരവിനായ്...

എങ്ങുപോയ് എങ്ങുപോയ് നല്ല കാലം...
അമ്മതൻ കഥയിലെ ബാല്യകാലം.
മാങ്ങ പെറുക്കിയും മാങ്കുല നുള്ളിയും,
പട്ടം പറത്തിയ നല്ല കാലം...
കൊയ്ത്തു കഴിഞ്ഞൊരാ പാടത്തു നോക്കിയാൽ-
പന്ത് കളിക്കുന്ന കൂട്ടുകാരോ?
ഇന്നില്ല ഞങ്ങൾക്ക് കാണുവാനായ്-
കുട്ടിയും പന്തുമൊരാരവവും...

ഞങ്ങൾ തൻ ഓർമയിൽ ഭീതി നിറയ്ക്കും-
'കൊറോണ' എന്നൊരു പേടി സ്വപ്നം.
കണ്ടാൽ മിണ്ടുവാൻ
മുത്തം കൊടുക്കുവാൻ
ചേർത്തൊന്നു നിർത്തുവാൻ...
പേടിപ്പെടുത്തുന്ന ബാല്യകാലം.
ഞങ്ങൾ പൊരുതി പൊരുതി-
ജയിച്ചിടും ഈ മഹാമാരി വിഷവൃക്ഷത്തെ
നല്ല ഫലങ്ങൾ കനിഞ്ഞു നൽകുന്നൊരു
സുന്ദരഭൂമിയെ സൃഷ്ടിക്കുവാൻ-
കരൾ കോർത്തു നമ്മൾക്ക്
മുന്നേറി പോയിടാം
നന്മ നിറഞ്ഞൊരു നാളേക്കായ്...

**ശ്രേയ പി വി**
1 എ ആലക്കാട് എസ്.വി.എൽ.പി.സ്കൂൾ
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# ഉണർന്നിരിക്കാം

കാറ്റ് ഇലയനക്കാതെ കടന്നു പോയി
വീർപ്പുമുട്ടിക്കിതച്ച വാനം
വേരടർന്ന മരത്തിലേക്കുതിർത്തു മഹാമാരി.
വേനൽക്കുളിരിലിടർച്ചപ്പകപ്പ്
ഓരോ ഉറക്കത്തിലേക്കും
നീണ്ടുനീണ്ടു വരുന്ന കിനാക്കാലം
നിർത്താതെ പുലമ്പുന്നു
ഉറങ്ങാതെ മക്കളേ ചുവടറുക്കും ...

പൂക്കളിൽ പുഴകളിൽ
നാം തൊടുമിടങ്ങളിൽ
ഇത്തിരിപ്പോന്നോരണുവിനുവാസം
നാം തൊടുത്തോരു ബ്രഹ്മാസ്ത്രമാണത്
തിരിച്ചെടുക്കുവാനാകാതെ മാനവൻ...
വലിച്ചെറിഞ്ഞോരു പ്ലാസ്റ്റിക്കിനുള്ളിൽ
വീർപ്പുമുട്ടുന്നൊരമ്മയെ കാണാം
പുക തുപ്പിയോടുന്ന വണ്ടികൾ നോക്കി
പകച്ചൊതുങ്ങുന്ന പുൽക്കളെ കാണാം
ചീഞ്ഞുനാറുന്ന വാനവും ഭൂമിയും
ഉള്ളു നടുക്കുന്ന കാഴ്ചകൾ കാണാം

ഇത്രയൊക്കെയറിഞ്ഞിട്ടുമെന്തേ
കണ്ണുകെട്ടി നടക്കുന്നിതേവരും
അല്പശ്വാസം പുറത്തേക്കൊഴുക്കുവാൻ
സ്വല്പനേരം കൊടുക്കുകീ മണ്ണിന്
കുറച്ചു നേരം ഇളവെയിലേൽക്കുവാൻ
കൊതിക്കയാണിന്നു മാനവരേവരും
കതകടച്ചിട്ടു പുറത്തിറങ്ങാതെ
ഭയച്ചിറകിട്ടടിക്കുകയാണു നാം
കാത്തിരിക്കണം പുതിയ സൂര്യന്റെ
ഉദയ രശ്മികൾ പൂത്തിറങ്ങും വരെ
വരണ്ട ഭൂവിൽ പുളകം പകർന്നതാ
അതിജീവനത്തിന്റെ ചിത്രച്ചിറകുകൾ

**മുഹമ്മദ് സൽമാൻ.കെ.എസ്**
9C ആശ്രമം എച്ച്.എസ്.എസ് പെരുമ്പാവൂർ
പെരുമ്പാവൂർ ഉപജില്ല, എറണാകുളം ജില്ല

# കൊറോണക്കാലം

കൊറോണ വന്നു പടർന്നപ്പോൾ
പരീക്ഷയെല്ലാം പോയല്ലോ
വെളിയിലിറങ്ങാനാവാതെ
വീട്ടിലിരുന്നു മടുത്തല്ലോ
ഉണ്ണിപ്പുരയൊന്നുണ്ടാക്കി
കഞ്ഞിവെച്ചു കളിച്ചല്ലോ
ഊഞ്ഞാലാടി മടുത്തപ്പോൾ
പന്തു കളിച്ചു രസിച്ചല്ലോ
ചേട്ടനോടൊപ്പമിരുന്നിട്ട്
കുട്ടിക്കവിതകൾ പാടി കുറെ
ഒരുപിടി കവിതകൾ വായിച്ച്
ഗുണപാഠങ്ങളറിഞ്ഞല്ലോ
വിഷുവും പൂരവും ഈസ്റ്ററുമെല്ലാം
വെറുതെ പോയിമറഞ്ഞല്ലോ
മനുഷ്യർ നേടിയ അറിവെല്ലാം
കൊവിഡിനോട് ജയിച്ചല്ലോ
രോഗം വേഗം പടരുന്നു
ലോകം കൂനിവിറക്കുന്നു
ആളുകളേറെ മരിക്കുമ്പോൾ
ആഹ്ളാദിക്കുവതെങ്ങനെ നാം
അമ്മേ ദേവി വന്നാട്ടെ
മാരിയെ മാറ്റിത്തന്നാട്ടെ
പേടിയുമൊപ്പം കണ്ണീരും
കൂടാതുലകം വാഴട്ടെ



**കൃഷ്ണപ്രിയ കെ ബി**
1 ഈസ്റ്റ് യു പി ഏസ് പെരുമ്പടപ്പ ചെന്ത്രാപ്പിന്നി,തൃശ്ശൂർവലപ്പാട്
വലപ്പാട് ഉപജില്ല
തൃശ്ശൂർ

# THE WORLD OF FEAR

Let me recite a poem about an epidemic
Which raised from the corner of Wuhan

Corona,it sounds familiar to all ear
Gripped the world by fear

It neither spread by forest creatures nor from the environment
But it effects by the cooling touch of our dear ones

Day-by-day deaths tread in the
streets without medicine
But it can be cured by personal hygeine

Those who affected were aparted from their loved ones-
and isolated in the silent walls of green borders.

But earthy angel who is known as nurses
Care them right from the starts
cure them with great hearts

When the virus became dreadful,countries-
Joined to kill it with quarantine
They ordered to stay in our own nest-
for a few days by taking rest

But we people felt, it like a prisons-
But matter is, it taught us big lessons

The lesson that opened the eyes of humanity-
to help the poor with the feeling of equality

**KADEEJATH ISHRA**
10 B അൽസഫാഫ് ഇ എം എസ്
മഞ്ചേശ്വരം ഉപജില്ല, കാസർഗോഡ്

# എന്റെ പരിസ്ഥിതി

അവസാനത്തെ നദിയും
മലിനമായി കഴിയുമ്പോൾ
അവസാനത്തെ മരവും
നാം മുറിച്ചു കഴിയുമ്പോൾ
അവസാനത്തെ മത്സ്യവും
നമുക്ക് നഷ്ടപ്പെട്ടു കഴിയുമ്പോൾ
നാം തിരിച്ചറിയും നോട്ട് കെട്ടുകൾ
നമുക്ക് ഭക്ഷിക്കാനാവില്ലെന്ന്

**ലന മെഹറിൻ**
2 C എഎംഎൽപി സ്കൂൾ ചാത്രത്തൊടി
വേങ്ങര ഉപജില്ല, മലപ്പുറം

# ഹരിത വിദ്യാലയം

മാവുകൾ പൂത്തു മണം പരന്നു
പച്ചക്കുടയായി ബദാം മരങ്ങൾ
അണ്ണാറക്കണ്ണന്മാർ കാക്കകളും
വിദ്യാലയത്തിൽ വിരുന്നുവന്നു
ടീച്ചറും കുട്ട്യോളും മാന്തണലിൽ
പാടിപ്പഠിക്കുവാൻ ഒത്തുകൂടി
ചക്കപ്പഴത്തിൻ മധുരഗന്ധം
ദിക്കെല്ലാം വാരിവിളമ്പി തെന്നൽ
അണ്ണാനും കാക്കയും കുയിലുകളും
തമ്മിൽ കലഹമായി ചക്കയുണ്ണാൻ
താലോലമാടും മുരിങ്ങകളും
താളംപിടിക്കുന്ന നെല്ലികളും
കാണുന്നോർക്കെല്ലാം രസംപകരും
ഹായ് !നല്ല സുന്ദരം വിദ്യാലയം !

**അഥിനി വി.പി**
2 D എ.എം.എൽ.പി.എസ് നീരോൽപലം
വേങ്ങര ഉപജില്ല, മലപ്പുറം

# പറ്റിച്ചേ

ചൈനയിൽ നിന്നൊരു കീടാണു
കൊറോണയെന്നൊരു കീടാണു
ഇരയെ കാത്തു പാത്തുപതുങ്ങി
ഒളിച്ചിരുന്നു കീടാണു

അയ്യോ അന്നൊരു പാവത്താൻ
അറിയാതാ വഴി പോയപ്പോൾ
കിട്ടിയ തക്കം കളയാതെ
ചാടിക്കേറി കീടാണു

പെറ്റു പെരുകി കീടാണു
മീശ ചുരുട്ടീ കീടാണു
മുഷ്ടി ചുരുട്ടീ പേരും മാറ്റി
ഉലകം ചുറ്റി കീടാണു

യാത്രയ്ക്കിടയിൽ കോവിഡവൻ
കേരള നാട്ടിൽ വന്നപ്പോൾ
ശുചിത്വം കാത്തു നാട്ടാരെല്ലാം
വീട്ടിൽ കയറി താഴിട്ടു

ആർത്തി മൂത്ത് കീടാണു
നാലുപാടും നടന്നിട്ടും
ചാടിക്കേറാൻ ഇരയില്ലാതെ
തിരിച്ചു പാഞ്ഞു കീടാണു.

**മുഹമ്മദ് അദീബ്. കെ.സി**
1A എ.എൽ.പി.എസ്. മുണ്ടംപറമ്പ,
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# പരിസ്ഥിതി

കാടും പുഴകളും പൂമലർ മേടുകളും
പ്രകൃതി ഒരുക്കിയ നായകന്മാർ.
മാരുതൻ ആഗമിച്ചൂതിയണഞ്ഞു
പൂമഴ പെയ്യുന്നു പൂവാൽ നിറയുന്നു.
പൊൻ നിറത്താൽ തിളങ്ങുന്നു ഗഗനവും
പൊൻനിറം പാകിത്തിളങ്ങുന്നു സോമനും.
ഹരിതവർണത്താൽ പരന്നു കിടക്കുന്ന
പ്രകൃതിമാതാവിന്റെ കൗതുകങ്ങൾ
വാക്കിലൊതുക്കുവാൻ കഴിവതില്ല.
ശിരസ്സുയർത്തും മലകൾ തന്നുടെ
തലകൾ ഛേദിച്ചെറിയുന്നു.
മണ്ണിനെ തിന്നുന്ന മണ്ണിന്റെ ശത്രുവാം
പ്ലാസ്റ്റിക്കിനെ മണ്ണിലെറിയുന്നു.
അന്നം ലഭിക്കുന്ന വയലുകൾ മണ്ണിട്ടു
ഫ്ളാറ്റുകൾ കെട്ടി വസിച്ചിടുന്നു.
കാവു നികത്തി കുളവും നികത്തി
പ്രകൃതിതൻ സുന്ദര കാഴ്ചകൾ നികത്തി.
ഫ്ളാറ്റുകളും മാളുകളും കെട്ടിയുയർത്താൻ
പുഴകളെ കൊല്ലാക്കൊല ചെയ്തു അവർ.
പ്രകൃതിയുടെ കൗതുകക്കാഴ്ചകൾ തന്നുടെ
ഒരുപുറം ആളുകൾ വെട്ടിമാറ്റി.
എല്ലാം സഹിച്ചു സൗമ്യഭാവത്താൽ
പ്രകൃതി അവരുടെ കൂടെ നിന്നു.
മനുജന്റെ ചെയ്തികൾ അതിരുകടന്നെന്ന്
പ്രകൃതിമാതാവിന് ബോധ്യമായി.
സർവംസഹയായി നിന്നവളോ
വൻ ശക്തിയായ് അവർക്കുനേർ തിരിച്ചടിച്ചു.
പിന്നിട്ട വർഷം പ്രളയവും വന്നു
ഭീതിയോടോടി മനുഷ്യരെല്ലാം.
ഹിന്ദുവും മുസൽമാനും ക്രിസ്ത്യനുമില്ല

ഒക്കെയും ഒന്നായി കൈ കോർത്തു നിന്നു.
മാനവർ ഇതിലൂടെ പാഠം പഠിച്ചു
ഒരുമയുടെ മേലെ ഒരാളുമില്ല.
പ്രകൃതിദേവിയുടെ സംഹാരതാണ്ഡവം
നമുക്കായ് നൽകി സൂക്ഷ്മാണു 'കൊറോണയെ'.
മനുജൻ മനുജനെ ഭയക്കുന്ന കാലം
നമുക്കായ് നല്കിയതോ നമ്മുടെ ചെയ്തികൾ.
പ്രകൃതി നമുക്കായ് കരുതിയ ശിക്ഷ
ജീവവായുവാം വ്യാധിയായാലോ?
പ്രകൃതിതൻ രണ്ടാംമുഖം നാം കാണല്ലേ
കണ്ടാൽ വിറക്കും മനുജന്റെ കാലുകൾ.
ഈ തലമുറയെങ്കിലും ഏറ്റെടുക്കൂ
പ്രകൃതിയെ കൈകോർത്തു മോടികൂട്ടൂ.
നട്ടു പിടിപ്പിക്കൂ വൃക്ഷലതാദികൾ
പ്ലാസ്റ്റിക്കിനെ തുരത്തി അകറ്റൂ.
പരിസ്ഥിതി സംരക്ഷണം ഏറ്റെടുക്കാം
പ്രകൃതി ദേവിയെ ശാന്തമാക്കാം.

**നീരജ് നാരായൺ. പി**
5 A എ.യു.പി.എസ്.പനമണ്ണ
ഒറ്റപ്പാലം ഉപജില്ല, പാലക്കാട്



# വൈറസ് വന്നപ്പോൾ

വീട്ടിലിരിക്കണം കൂട്ടുകാരെ
നാട്ടിൽ മുഴുവനും വൈറസാണെ
റോഡിലിറങ്ങിയാൽ വൈറസുണ്ട്,
പാർക്കിലും ബീച്ചിലും വൈറസുണ്ട്.
ദൂരെയെങ്ങാണ്ടൊരു നാട്ടിൽ നിന്നും
വൈറസു വന്ന വഴിയേതാണോ?
അമ്മ പറയുന്നു കൂടെക്കൂടെ
കൈകൾ കഴുകണം വൃത്തിയായി.
നടുമുഴുവനും വൈറസുവന്നപ്പോൾ
നാട്ടുകാരെല്ലാരും വീട്ടിലായി
അമ്പലം, പള്ളികൾ എല്ലാമടച്ചിപ്പോൾ
പ്രാർഥന വീട്ടിലിരുന്നിട്ടായി
മാവിലെ മാങ്ങയും, പ്ലാവിലെ ചക്കയും
വീട്ടുകാർക്കിപ്പോൾ പ്രിയമായല്ലോ
ചീരയും, പയറും, മുളകുമെല്ലാം
നട്ടുവളർത്താൻ സമയമുണ്ട്.
തൊടിയിലെ മാങ്ങയും, നെല്ലിക്കയും
വീണുപോകാതെ പറിക്കുന്നുണ്ട്...
അച്ഛനും അമ്മയും വല്ലപ്പോഴും
കുട്ടികൾക്കൊപ്പം കളിക്കാറുണ്ട്...
ആർക്കും തിരക്കില്ല ദേഷ്യമില്ല...
എല്ലാരും ഒത്തിരി മാറിപ്പോയി..
വൈറസു വല്യ വിപത്താണെന്നാകിലും
അതു നമ്മെ പഠിപ്പിച്ചു നല്ല പാഠം.

ദേവിക
4 B എം.എൽ.പി.എസ്, ഇളപ്പിൽ, വെട്ടൂർ
വർക്കല ഉപജില്ല, തിരുവനന്തപുരം

# GO CORONA GO

You cruel devil
They call you Corona
You spread massively
Crossing all limits...

Our street memories fall down
Death comes high
From single to many
You are killing all
Touching rich and poor alike
Funeral songs are everywhere
You kill humanity
But they don't know
How to kill you!

Hygeine make you flee
We look you down
To get you away

Days, weeks and months
Going away with mask
People keeps distance
To keep you away
We will throw you away for sure !

**ദേവി സുനിൽ**
10 എം.കെ.എ.എം.എച്ച്.എസ്.എസ്. പല്ലന
അമ്പലപ്പുഴ ഉപജില്ല, ആലപ്പുഴ

# അർഥങ്ങൾ

**ഭീതി!**
അർഥമറിയണം,പലരോടും അന്വേഷിച്ചു,
മതിയായ ഉത്തരം കിട്ടിയില്ല,
ആഴ്ചകൾ കടന്നു, മഹാമാരി നാട്ടിൽ പടർന്നുപിടിച്ചു.
പലരും അതിന്റെ കാൽച്ചുവട്ടിൽ ഞെരിഞ്ഞമർന്നു
കൊറോണ എന്നാണത്രെ പേര്!
ഒരുനാൾ ഞാനാസത്യം മനസ്സിലാക്കി
ഞാനും അതിന്റെ പിടിയിലാണെന്ന്.
ചുറ്റും മൂടിപ്പുതച്ച രൂപങ്ങൾ,
യാമങ്ങൾതോറും ദുഃസ്വപ്നങ്ങൾ,
നിറക്കൂട്ടുകളില്ലാത്ത നിമിഷങ്ങൾ
അതെ അതാണ് **ഭീതി!**
ഹൃദയസ്പന്ദനങ്ങൾ നിലച്ചതായി തോന്നുന്ന നിമിഷങ്ങൾ!
എങ്ങും മരണത്തിന്റെ ഗന്ധം,
മൃതിയുടെ വിളയാട്ടം
ഒരു വാക്കിനായുള്ള തിരച്ചിലിൽ ഞാനിന്ന്
ജീവൻമരണ പോരാട്ടത്തിലാണ്
പലരും കൺമുന്നിൽ പിടഞ്ഞുമരിക്കുന്നു
പലരും ഉയർത്തെഴുന്നേൽക്കുന്നു
ഇതിൽ എതാണ് എന്റെ **വിധി!**
കിട്ടി, അടുത്ത വാക്ക്, **വിധി!**
അർഥമറിയണോ? വേണ്ട ഒന്നുമറിയേണ്ട,
ഒറ്റ ലക്ഷ്യം ഉയിർത്തെഴുന്നേൽക്കണം അത്രമാത്രം.
ദിവസങ്ങൾ കൊഴിഞ്ഞുപോയി
രോഗം ഭേദമായി
അതെ -ഞാൻ ഉയിർത്തെഴുന്നേറ്റു
**വിധി**യുടെ അർഥവുമറിഞ്ഞു
എത്ര മനോഹരമായ മുൻവിധികൾ!

**അസ്റ നൂരിയ യു. ആർ.**
9 എ മൗണ്ട് താബോർ ഹൈസ്കൂൾ, പത്തനാപുരം, പുനലൂർ, കൊല്ലം

# പശ

ഒട്ടിയിരിക്കുന്നവയോടാണത്രേ
കൊറോണയ്ക്ക് പ്രണയം
ശരീരങ്ങൾക്കിടയിൽ
ഫെവിക്കോൾ തേക്കരുതെന്ന്
മുന്നറിയിപ്പ്
എന്നാൽ
മനസ്സുകൾ തമ്മിൽ തൊട്ടു
കെട്ടിപ്പിടിച്ചു
ചുംബിച്ചു
'പ്രണയത്തിനും ജാഗ്രത'
ദൂരം മറന്നോടാൻ ഇനി
ഗ്യാരണ്ടിയില്ലാത്ത
കഞ്ഞിപ്പശ തന്നെ
ശരണം

**അനുഷ പി**
9 C എം.പി.എസ്.ജി.വി.എച്ച്.എസ്.എസ്. ബെള്ളിക്കോത്ത്
ബേക്കൽ ഉപജില്ല, കാസർഗോഡ്



# THE REALITY

Its been days weeks and months
since our lives have turned upside down
on the very thought, I still feel numb….

All of a sudden our world
went into utter silence
just like the light turned  into darkness.

CORONA teach us a lessons
a very pertinent ones
all of us will suffer for
whatever we have done against nature.

The resultant effect was Mammoth
it spread all around the world
just like a forest fire.

Thousands and thousands
got retribution for their
inadvertent deeds,
from President to beggar
was punished without disparity.
But light wont stay hidden
in the forbidden.
For the supreme power is merciful.

This too shall pass as
nothing ever stays the same.
A big salute to the warriors
who bleed for us!!

**SELNA JOMENS**
9C Iz#nq#Iz#I'y#IÆy#IÆy/#`‹qdéz
wLphw“fq#G‘Sq¨/#IgZpLsiz

# മാലാഖപ്പിറാവുകൾ

വീടടച്ചകത്തിരി-
ക്കുന്നിതോ കൂട്ടുകാരേ?
കണ്ണുകളടയ്ക്കാതെ
സേവിക്കുന്നോരേക്കാണൂ.

രോഗികളനേകരി-
ന്നാതുരാലയങ്ങളിൽ
ബന്ധുക്കൾ കൂടെയില്ല
പകരും വ്യാധിയല്ലോ.

രാവില്ലാ, പകലില്ലാ,
ഊണില്ല, മടുപ്പില്ല,
ശുശ്രൂഷയൊന്നു മാത്രം
നഴ്സുമാരവർക്കിപ്പോൾ.

അമ്മിഞ്ഞയുണ്ണാറുള്ള
കുഞ്ഞിനെക്കാണുവാനോ
മാറിലൊന്നണയ്ക്കാനോ
മോഹമില്ലാഞ്ഞിട്ടാണോ?

ആശ്രയിക്കുന്നവരാം
രോഗികളിവരുടെ
ആശ്രയമല്ലോയിവർ
മാലാഖപ്പിറാവുകൾ.

കിട്ടുന്ന പണം നോക്കി
ക്ലോക്കിലെ നേരം നോക്കി
സ്ഥാനത്തിൻമാനം നോക്കി
പണിയുന്നോരേ കാണൂ.

നിങ്ങളെപ്പോലെയിവർ
സുഖത്തിൽ ഭ്രമിച്ചെങ്കിൽ
ആരാനും വന്നീടുമോ
ലോകത്തിൻ കണ്ണീരൊപ്പാൻ?

**പാർവ്വതി ബി. നായർ**
8 ഹയർ സെക്കന്ററി സ്ക്കൂൾ, കൂത്താട്ടുകുളം
കൂത്താട്ടുകുളം ഉപജില്ല, എറണാകുളം

# സ്വാതന്ത്ര്യത്തിലേക്ക്..

മതംപോയ് രാഷ്ട്രീയവും സമുദായങ്ങളും
വെളുത്തവൻ കറുത്തവൻ ഭേദബുദ്ധികളെല്ലാം
മനുഷ്യൻ മാത്രമായി........
എങ്ങും പച്ചയായമനുഷ്യൻ
ആഡംബരങ്ങൾ അലങ്കാരപ്പൊങ്ങച്ചമെല്ലാം
മാഞ്ഞുപോയ് വിശപ്പുമാത്രമായി മനുഷ്യരിൽ
മറഞ്ഞുപോയ് പൗരത്വഭേദഗതി
സമരങ്ങൾ നിരാഹാരകോലാഹലങ്ങളെല്ലാം
മാലിന്യമാം പുകവണ്ടികൾ, യന്ത്രശാലകൾ
സർവ്വതും നിശ്ശബ്ദമായിനിന്നുപോയി
പ്രകൃതി എങ്ങും പരിമളം പടർത്തിയവേളയിൽ
അഹോ ! മനുഷ്യൻ മാത്രം മുഖം മൂടിയണിഞ്ഞു.

**സിയ**
10 എച്ച് എസ് എസ് പനങ്ങാട്
കൊടുങ്ങല്ലൂർ ഉപജില്ല, തൃശ്ശൂർ

# വിത്തും വിളവും

മണ്ണൊരുക്കാം കൂട്ടരേ,
മനസ്സൊരുക്കാം കൂട്ടരേ,
മനം നിറഞ്ഞു പണിയെടുത്തു,
മുന്നേറാം നാം കൂട്ടരേ,
മുന്നേറുകനാം കൂട്ടരെ,
മണ്ണൊരുക്കാം കൂട്ടരേ,
മനസ്സൊരുക്കാം കൂട്ടരേ,
വിളവുകൊയ്യാം കൂട്ടരേ,
വിതച്ചു നേടിയ നാടിതു,
കൊയ്തു കയറിയ നാടിതു,
മണ്ണറിഞ്ഞു പണിയെടുത്തു,
മുന്നേറാം കൂട്ടരേ,
മുന്നേറുകനാം കൂട്ടരെ,

**ആൽഫ്രിഡ് റോജി**
3 A എഫ് എൽ പി എസ് പുഷ്പഗിരി
ചാലക്കുടി ഉപജില്ല, തൃശ്ശൂർ

# അമ്മയും മുല്ലയും

വള്ളികൾ നിറയും പൂന്തോട്ടം
പച്ചപ്പാണീ പൂന്തോട്ടം
വെള്ളമൊഴിച്ചും വളമിട്ടും
അമ്മവളർത്തിയ പൂന്തോട്ടം
എന്നും ഞാനാത്തോട്ടത്തിൽ
ചെടികൾക്കൊപ്പം നിന്നീടും
ഒരുനാൾ സന്ധ്യ മയങ്ങുമ്പോൾ
ചെറുകാറ്റേകീ സമ്മാനം
'ആഹാ ..മുല്ലപൂത്തല്ലോ' !
തുള്ളിച്ചാടി ഞാനെത്തി
മുല്ലച്ചെടിയുടെ ചെറുപൂക്കൾ,
പുഞ്ചിരിയോടെ നിൽക്കുന്നു.
മുല്ലപ്പൂവേ ചെറുപൂവേ
എന്തൊരു ചന്തം എൻ പൂവേ !
വെള്ളമൊഴിച്ചും വളമിട്ടും
അമ്മവളർത്തിയ പൂന്തോട്ടം
ഞാനും കൂടും അമ്മയ്ക്കൊപ്പം
പുഞ്ചിരി നീളെ വളർത്തീടാൻ.

**അതുല്യ ഓമനക്കുട്ടൻ**
7A എച്ച് എച്ച് റ്റി എം യു പി എസ് പാലച്ചിറ,
വർക്കല ഉപജില്ല, തിരുവനന്തപുരം

# നന്മയുള്ള മലയാളികൾ

മാവേലി നാടുവാണൊരു കാലം പോലെ,
ഈ കൊറോണയ്ക്കു മാനുഷരെല്ലാം ഒന്നുപോലെ..

രാഷ്ട്രീയമില്ല, കൊലയുമില്ല
റോഡിലപകടം തീരെയില്ല
ആഘോഷമില്ല... ആരവമില്ല
ആചാരമാവട്ടേ ഒട്ടുമേയില്ല.....
മദ്യപന്മാർക്കൊട്ടു മദ്യവുമില്ല.,
വീട്ടിലെ സ്ത്രീകൾക്കിതാശ്വാസമായി..
വാർത്തയിൽ പീഡനം കേൾക്കാനുമില്ലാ....

ടിവികൾക്കാട്ടെ വിശ്രമവുമില്ല,
പോലീസുകാർക്ക് ഉറക്കവുമില്ല,
ഡ്രോണുകളാട്ടെ പറന്നു കളിക്കുന്നു...
കേൾക്കുക മാനവാ, ഒന്നു കാതോർക്കു.....
ആതുരരംഗത്തെസ്സേവകർക്കേകിടാം നന്ദി തൻ പൂവുകൾ

ഭയപ്പെടല്ലേ.. ജാഗ്രതയോടെതിർത്തു നിൽക്കാം.,
എതിർത്തുന്നിൽക്കാം കൊറോണയെ
നല്ലൊരു നാളെക്കായ്
എതിർത്തു നിന്നു ജയിച്ചു പോകാം

**വിഷ്ണു മനോജ്**
7 കൂടാളി എച്ച് എസ് എസ്
മട്ടന്നൂർ ഉപജില്ല, കണ്ണൂർ

# അവൾ

അവൾ, അരുണനാം പൊട്ട് ചാർത്തിയവൾ
തിങ്കളാം കൃഷ്ണമണികൾക്കു ചുറ്റും
തിളങ്ങും താരങ്ങളുള്ള
കണ്ണുകളുമായ്
സമുദ്രംപോൽ അലയടിക്കും മുടിയുമായ്
പച്ചച്ചേലയുടുത്ത് പ്രകാശം നിറയും പുഞ്ചിരിയാൽ ചിരിതൂകി നിന്നു
അവൾ അമ്മയായിരുന്നു
ആശ്രയമായിരുന്നു
എന്നാൽ മക്കൾ സ്വാർഥലാഭത്തിനായി
അവളെ ചുട്ടെരിച്ചു
സഹിക്കാൻ വയ്യാതായപ്പോൾ അവൾ പൊട്ടിത്തെറിച്ചു , കലിതുള്ളി
കണ്ണിൽ തീപ്പൊരി പടർന്നു
എങ്ങും അത് ആളിക്കത്തി
മക്കൾ അവളുടെ കാൽക്കൽ വീണു
അവൾ കരുണ ചൊരിഞ്ഞു
കാരണം,
അവൾ അമ്മയാണ്

**ഉമാദേവി . ആർ**
8 D എച് എസ് എസ് വളയൻചിറങ്ങര, എറണാകുളം
പെരുമ്പാവൂർ ഉപജില്ല, എറണാകുളം

# വേനൽമഴ

വേനലിൻ ചൂടിൽ മണ്ണും മനവും
കനലായ് വിണ്ടു വരണ്ടു നീളെ
മാനത്തതിനാൽ കണ്ണും നീട്ടി
മാനവരങ്ങനെ നോക്കിയിരിക്കെ
കോവിഡു വന്നു വിളിക്കുകയായി
നാടുമുടിച്ചു നടക്കുകയായി
എന്തിനി വേണ്ടൂ വീട്ടിലിരിക്കാ
തെന്തൊരു പോംവഴി വേറൊന്നില്ല
അങ്ങനെ വീടിൻ വാതിലടച്ചി
ട്ടങ്ങനെ വേനൽച്ചൂടിൽ തങ്ങും
നാളേക്കൊരു കരുതലിനായി
നാളുകളങ്ങനെ തള്ളിത്തള്ളി
വീട്ടിൽ തന്നെയിരുന്നു മടുക്കെ
നാട്ടിലിറങ്ങി നടക്കാൻ മോഹം
പോലീസവരുടെ കൃത്യം കൃത്യം
പാലിക്കാനായ് ചുററിനടപ്പൂ
സ്വന്തം പ്രാണൻ വകവയ്ക്കാതവർ
നോട്ടം തെററാതുഴലുകയായി
നാടിനുവേണ്ടി ജീവനുവേണ്ടി
രാപകൽ നോക്കാതലയുകയായി
മാനമിരുണ്ടു കറുക്കുകയായി
മാനവഹൃദയം കുളിരണിയാറായ്
കലപില കൂട്ടാനിലയുടെ തുമ്പിൽ
പല പല തുള്ളികൾ വീഴുകയായി.

**ആൻമേരി ബെന്നി**
9 സി എഫ് എം ജി എച്ച് എസ് എസ് കൂമ്പൻപാറ
അടിമാലി ഉപജില്ല, ഇടുക്കി

# കൊറോണ

നിന്റെ പേര് കേട്ടപ്പോളെനിക്ക് കൗതുകം
സ്കൂളടച്ചപ്പോളെനിക്ക് സന്തോഷം
മനുഷ്യജീവനെടുക്കുന്ന മഹാമാരിയാണ്
നീയെന്നറിഞ്ഞപ്പോൾ
എന്റെ ഉള്ളിൽ പേടി തോന്നി തുടങ്ങി
അങ്ങ്ചൈനയിൽ, റഷ്യയിൽ,അമേരിക്കയിൽ
പോലും നീ നാശം വിതച്ചപ്പോൾ
ഇന്ത്യയിൽ നീ വരില്ലെന്ന് ഞാനാശ്വസിച്ചു
പിന്നെ ഞാൻ കേൾക്കാൻതുടങ്ങി
നിൻരാക്ഷസകരങ്ങൾ ഇങ്ങോട്ടും നീണ്ടെന്ന്
പിന്നെ ഭാരതാംബയുടെ നെഞ്ചിൽ
കയറി നീ താണ്ഡവമാടിത്തുടങ്ങി
ആയിരങ്ങൾ ആശുപത്രിയിലായി
അവിടെയും മാലാഖക്കൈകൾ നമ്മെ
അമ്മയെപ്പോലെ മാറോട് ചേർത്തു
ആളുകൾ വീട്ടിനകത്തിരിപ്പായ്
നിന്നെ തടുത്തു നിർത്തുന്നതിനായ്
കൈകൾ കഴുകുന്നു നാം ഇടയ്ക്കിടയ്ക്കായ്
നിന്റെ കൈയിൽനിന്നു രക്ഷനേടാൻ
നിന്നെ ഇവിടെ നാം വാഴിക്കില്ല
തുടച്ചെറിയും നിൻകരാളഹസ്തം
നല്ലൊരുനാളെ പുലരുന്നതിനായ്
നന്നായി പ്രാർഥിക്കാം നമുക്കെല്ലാർക്കും

**സാരംഗ് പി**
4 എളയാവൂർ ധർമ്മോദയം എൽ പി
കണ്ണൂർ നോർത്ത് ഉപജില്ല
കണ്ണൂർ

# ചോരുന്ന കൈകൾ

ഇന്നു നാമെന്തു നേടി കൂട്ടരേ
ഈ കെട്ട കാലം ,നാം പെട്ട കാലം.
ആരുംഅറിഞ്ഞില്ല, ആരോടും പറഞ്ഞില്ല
തേടിയിറങ്ങി കൊയ്ത്തു തുടങ്ങി.
വിസയുമില്ല പാസ്പോർട്ടുമില്ല,
പൗരത്വം തെളിയിക്കാൻ രേഖയുമില്ല !
വലിപ്പവുമില്ല ചെറുപ്പവുമില്ല-
മന്ത്രിയും തന്ത്രിയും പക്ഷമില്ല.
മത ജാതി വർഗീയമൊന്നുമില്ല
നീതിയിൽ ഈ വ്യാധി കേമൻ തന്നെ.
മരുന്നില്ല മന്ത്രവും തന്ത്രവുമില്ല
ലോകം പകച്ചു ഭരണം തരിച്ചു.
ജനം മരണം വരിച്ചു, വ്യാധി ഫണം വിരിച്ചു
ദൈവമേ കാക്കുമാറാകണമെന്നാ ജനം
കൈ കൂപ്പി നിൽക്കുന്നു പരാശക്തി നമോ.
ഇന്നലെ പെയ്ത ബോംബിൻ അഗ്നിനാളങ്ങൾ
പിഞ്ചു-പുഞ്ചിരി പൈതങ്ങളെ തിന്നിരുന്നു!

ഇന്നലെ ബോംബിട്ടു പൊട്ടിച്ചിരിച്ചവർ
ഇന്നിതാ മാളത്തിൽ പെട്ടിരിക്കുന്നു !
വീട്ടിലെ മറകൾ വിരിമാറു തുറന്നപ്പോൾ,
ബന്ധുക്കൾ ആരൊക്കെയെന്ന് തിരിച്ചറിഞ്ഞു.
പുല്ലുകൾ പുൽച്ചാടി പക്ഷി മൃഗാദികൾ-
തലയൊന്നുയർത്തി പുഞ്ചിരിച്ചു .
ദുരന്തവും ദുരിതവും നല്കീടുന്നൊരീ
കൊറോണയെ  ദൈവമേ ആട്ടിടണേ
സോപ്പിട്ടും കൂട്ടിലടച്ചും നീ ഞങ്ങളെ ,
പരീക്ഷിച്ചു തുടച്ചു നീക്കിടല്ലേ ...

**അപർണ ബി.എസ്**
7 D എസ് എൻ യൂ പി എസ് കൊല്ലായിൽ
പാലോട് ഉപജില്ല, തിരുവനന്തപുരം

# ആദരാഞ്ജലികൾ

ചീനക്കാരുടെ നാട്ടിൽ പിറന്നു.
ലോകരെയാകെ കിടുകിടാ വിറപ്പിച്ചു.
ജാതിയോ മതമോ ഇല്ല വർണ ലിംഗപ്രായഭേദവുമില്ല
സമ്പന്നനെന്നോ ദരിദ്രനെന്നോയില്ല
മനുഷ്യനെന്നോ മൃഗമെന്നോയില്ലാതെ
തള്ളിയിട്ടു അവൾ ലക്ഷങ്ങളെ
മരണത്തിന്റെ കറുത്ത താഴ്‌വരയിലേക്ക്.

സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിൻ
സാമ്രാജ്യപതിയെ ശ്വാസം മുട്ടിച്ചു
പാശ്ചാത്യകലകളുടെ ഈറ്റില്ലമായൊരാ
ഇറ്റലിയെ കുരുതിക്കളമാക്കി.
വിശുദ്ധ നഗരമാം വത്തിക്കാനെ
വിജനതയുടെ ആഴത്തിൽ അമർത്തി
അഹങ്കാരത്തിൻ ഭാഷ കൈമുതലാക്കിയ
അമേരിക്കക്കാരെ അവശരാക്കി.
നിശ്ചലമാക്കി ന്യൂയോർക്കിനേയും.
സോളിന്റെ സ്വൈരം കെടുത്തി.

മലനാട്ടുകാരുടെ പറുദീസയായ
മണലാരണ്യങ്ങളെ മരണക്കളമാക്കി.
അവൾ പറന്നിറങ്ങി ഭാരതമാതാവിന്റെ
വലത് പാദത്തിൽ പാദസരമായി
കിടക്കുന്ന മലയാളനാട്ടിൽ. . .
വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും
പേരുകേട്ടവർ, അവർ മലയാളികൾ. .
മഹാമാരി മലനാട്ടിൽ മരണമണി
മുഴക്കും മുൻപേ അവരെടുത്താ വജ്രായുധം !
പ്രതിരോധത്തിൻ വജ്രായുധം.

അകലത്തിലുടെയവർ ഒന്നായി
ശുചിത്വത്തെ ഒരു ശീലമാക്കി.
ഗ്ലൗസാൽ മൂടി കരങ്ങൾ;
മാസ്കാൽ മൂടി മുഖം.
തുപ്പിയില്ലവർ പൊതുനിലങ്ങളിൽ
തുമ്മിയില്ല മുഖം മൂടാതെ .

പോരാടിയവർ മഹാമാരിക്കെതിരെ
പ്രതിരോധമാം വജ്രായുധമേന്തി.
ലോകത്തെ വിറപ്പിച്ച കോറോണേ
എണ്ണപ്പെടുന്നു നിന്റെ സമയം.
മലയാളമക്കൾ നിനക്കായ് വൈകാതെ
പാടും ആദരാഞ്ജലികൾ.....

**ശ്രീപ്രിയ. എസ്**
8 C എസ് എൻ വി എസ് എച്ച് എസ് തിരുവല്ല
തിരുവല്ല ഉപജില്ല, പത്തനംതിട്ട

# ഒരുമിച്ചു നിൽക്കാം

കരുതലോടിരിക്കുവിൻ അകലെമാറിനിൽക്കുവിൻ
ഒരുമയോടെ ശക്തരായ്
കൊറോണയെ തുരത്തുവിൻ
ജാതിയും മതവുമൊന്നും പ്രശ്നമല്ല കൂട്ടരേ
ഒത്തുചേർന്ന് കരുതലോടെ
കൊറോണയെ തുരത്തുവിൻ
സോപ്പുകൊണ്ട് കഴുകിടാം
കൊറോണയെ അകറ്റിടാം.
കരുതലോടിരിക്കുവിൻ മാസ്ക്കുകൾ ധരിക്കുവിൻ
കൊറോണയെത്തുരത്തിടാം കരുതലോടെ നീങ്ങിടാം
അകറ്റിടുക കൂട്ടരേ സ്നേഹബന്ധത്തെയും
മാറ്റിനിർത്തുകൂട്ടരെ രക്തബന്ധത്തെയും .

**അനഘ**
4 B എസ്.കെ.വി.എൽ .പി.എസ്. പരപ്പാറമുകൾ
പാലോട് ഉപജില്ല, തിരുവനന്തപുരം

# മനുഷ്യൻ എത്ര നിസ്സാരൻ

കൊറോണ ഇപ്പോൾ കൊടും ഭീകരൻ
അവനൊരു കൃമി കീടം
അഖിലാണ്ഡ ലോകവും വിറപ്പിച്ചുകൊണ്ടവൻ
അതിവേഗം പടരുന്നു കാട്ടുതീയായി
വിദ്യയിൽ കേമരാം മാനവരൊക്കെയും
വിധിയിൽ പകച്ചു നിന്നിടുമ്പോൾ
വിരസത ഒട്ടുമേ പിടികൂടാതെ അവൻ വിലസുന്നു
ലോകത്തിനു ഭീഷണിയായി
ഇനിയാര് ഇനിയാര് മുൻപന്തിയിലെന്ന്
രാഷ്ട്രങ്ങൾ ഓരോന്നും ഭയന്നിരുന്നു
ഞാനില്ല ഞാനില്ല
എന്നോതിക്കൊണ്ടവർ
ഓടാൻ ശ്രമിക്കുന്നു ഭീരുക്കളായ്
കേമത്തം കാട്ടാനായ് മുൻപന്തിയിൽ നിന്നോർ
കേണിടുന്നു അല്പം ശ്വാസത്തിനായ്
കേട്ടവർ കേട്ടവർ അടയ്ക്കുന്നു മാർഗങ്ങൾ
കേറി വരാതെ തടഞ്ഞിടുവാൻ
കണ്ണിലും കാണാത്ത കാതിലും കേൾക്കാത്ത
കൊറോണ നീ ഇത്രയും ഭീകരനോ
ആണവായുധക്കോപ്പുകൾ പോലും
നിൻതാണ്ഡവത്തിൽ കളിപ്പാവയോ
സങ്കടമുണ്ട് മനസ്സകം എല്ലാമേ
സ്വച്ഛരാം മനുഷ്യരെ ഓർത്തിടുമ്പോൾ
സത്യത്തിൽ ഈ ഗതി ചൂണ്ടിക്കാട്ടുന്നത്
സത്യമാർഗത്തിൻ ദിശ അല്ലയോ
അഹന്തകളെല്ലാം വെടിയുക മനുഷ്യാ, നീ
നിസ്സാരനായ കൃമി കീടത്തെ കാണാതെ
നിന്റെ നിസ്സാരത ഓർക്കുക നീ

**മീര മോഹൻ**
6 B എസ്. സി. എസ്. ഹയർസെക്കണ്ടറി സ്കൂൾ തിരുവല്ല
തിരുവല്ല ഉപജില്ല, പത്തനംതിട്ട

# പാഠങ്ങൾ തന്നൊരു മഹാമാരി

അറിയണം നമ്മൾ തിരിച്ചറിയേണം...
കൊറോണയെന്ന മഹാമാരിയെ....
കരുതണം നമ്മൾ തിരുത്തുക വേണം....
ജീവിതചര്യകൾ മേലിൽ....
കഴുകണം നമ്മൾ കരുത്തുള്ള കൈകൾ...
സോപ്പിട്ടു വൃത്തിയോടെന്നും....
അകന്ന് നിന്നീടാം ഒരു മീറ്ററോളം
പ്രാണൻ നിലയ്ക്കാതിരിക്കാൻ....
മേളകൾ, കല്യാണ കൂട്ടങ്ങളൊക്കെയും
ആഡംബരങ്ങളില്ലാതെ ഘോഷിച്ചീടാം....
നാളെ നമ്മളെ കാണുവാൻ
നമ്മൾക്കുമീ ലോകം കാണുവാൻ....
പലതും പഠിപ്പിച്ചു മാരിതൻ നാളുകൾ
പല ശീലങ്ങളും മാറ്റി നമ്മൾ.....
ചക്കയും മാങ്ങയും ഓമയ്ക്കയും തിന്ന്...
പീഡകൾ രോഗങ്ങൾ മാറി....
ഫാസ്റ്റ് ഫുഡെന്നൊരാ ഫാഷൻ ഭക്ഷണം
തിന്നിട്ട് നാളുകളായി
മദ്യശീലങ്ങൾ മാറി ചര്യകൾ മാറി...
കുടുംബ ബന്ധങ്ങൾ മുറുകി...
താളം തെറ്റിയ മാനുഷ ജീവിതം...
നേരിന്റെ വീഥിയിലായി...
ഭൂമിയിൽ വിത്ത് വിതച്ചു കിളിർത്തു...
വിഷമില്ലാത്ത കായ പറിച്ചു..
പുതുതലമുറ കണ്ടു പഠിച്ചു തിരുത്തി...
തെറ്റായ പാഠങ്ങൾ പലരും......
ഈ മാരി, പുതുമാരി...
തൊട്ടാൽ പകർന്നിടും
കോവിടെന്നുള്ളൊരു മാരി..
ഈ മാരി, പുതുമാരി.....
ജീവിതം പാഠങ്ങൾ ഒരുപാട് തന്നൊരു മാരി...

**മീര മോഹൻ**
6 B എസ്. സി. എസ്. ഹയർസെക്കണ്ടറി സ്കൂൾ തിരുവല്ല
തിരുവല്ല ഉപജില്ല, പത്തനംതിട്ട

# വൈറസും ഭൂപടവും

ആഗോളവത്കൃത 'e' ലോകചിന്തയിൽ
ലോകമെന്നൊരു കൊച്ചുഗ്രാമത്തിൽ
അരികിലൊന്നിൽ 'കിരീട'മൊരുവൻ പിറന്നു
നോവൽ കൊറോണയെന്നോമനപ്പേരിലായ്.
വികസിത വികസ്വര രാഷ്ട്രങ്ങളില്ലെല്ലാം
ജാതി, മത, വർഗ ഭേദമില്ലാതെ
ഭൂപടമൊന്നാകെ സന്ദർശിച്ചീടുവാൻ
നമ്മുടെ നാട്ടിലുമെത്തിയൊരു ദിനം
ആധിയായ് വ്യാധിയായ് ലോകമൊട്ടാകെയും
നെട്ടോട്ടമൊന്നുമെ എത്തിലൊരേടവും
ലോകം നേടിയ മനുഷ്യമികവുകൾ
പാഴായി പരിഭ്രാന്തിയാൽ
ചന്ദ്രനിലേറിയ ശാസ്ത്രമില്ല
ആയുസ്സു നീട്ടിയ മരുന്നുമില്ല
ജീവനെ താങ്ങുവാൻ കെല്പുമില്ല
ആഡംബരത്തിൻെറ പ്രൗഢിയില്ല
വിനീത ഹൃദയരായ് ഐക്യത്തിലൊന്നായ്
സ്നേഹത്തിലകലം പാലിച്ചിടാതെ
പൊരുതിടാമീദുരിതം നിശ്ചയമായ്
നന്മയിൽ ചെന്നെത്തും ഭൂപടത്തിൽ!

**ദർശൻ ജോർജ്ജ്**
9 C എസ്. എം. എച്ച്. എസ്. മേരികുളം
കട്ടപ്പന ഉപജില്ല, ഇടുക്കി

# കൊറോണ

വമ്പനാം കൊറോണ കേരളത്തിൽ
മാനുഷ ദേഹത്തിൽ തിത്തക തിത്തക തൈ
മാളോരെ കാണുവാൻ നോക്കിടേണ്ട
മനുഷ്യരെല്ലാരും വീട്ടിലാണേ
കള്ളവുമില്ല ചതിയുമില്ല
കൊറേണയാണല്ലോ നാട്ടിലൊക്കെ
ലോകം മുഴുവനും അമ്പരന്നു
കൊറോണ കാരണം പേടിയായി
റോഡിൽ മുഴുവനും പോലീസാണേ
ഓടെടാ വീട്ടിന്റെയുള്ളിലേക്ക്
കേന്ദ്രം പറയുന്ന കാര്യങ്ങൾക്ക്
ഭംഗം വരുത്തിയാൽ കിട്ടും രോഗം
മനുഷ്യർചെയ്യുന്ന തെറ്റുകൾക്ക്
ദൈവം കൊടുക്കുന്ന ശിക്ഷയാണോ ?
ഇനി നാം സൂക്ഷിച്ച് ജീവിക്കുകിൽ
രോഗം ശമിച്ചിടും ജീവൻ കിട്ടും
ആശങ്ക വേണ്ട കരുതൽ മതി
രോഗത്തെ തോൽപ്പിച്ച് രക്ഷനേടാം
വൃത്തിയും ശുദ്ധിയും പാലിച്ചെന്നാൽ
നല്ലൊരു നാളേയ്ക്കായ് കൈകൾ കോർക്കാം
ഇന്നു നാം ചെയ്യുന്ന തെറ്റുകൾക്ക്
ഭാവിതലമുറ സാക്ഷിയാകും
ആയതു കൊണ്ട് നാം ഭാവിക്കായി
രോഗത്തെ തോൽപ്പിച്ച് രക്ഷ നേടാം.

**ജയദേവൻ ഇ**
VIII D എസ്.എം.എച്ച്.എസ്.എസ് അറക്കുളം
അറക്കുളം ഉപജില്ല, ഇടുക്കി

# ഒരു ലോക്ക്ഡൗൺ ഓർമ്മ

വീടിനുള്ളിൽ ബന്ധങ്ങളുടെ നോവറിഞ്ഞ കാലം
അച്ഛനും അമ്മയും മക്കളും കൂടെ കളിച്ച കാലം
പഴമതൻ കുസൃതികൾ നിറയും
കളികൾ തിരികെ അണഞ്ഞൊരു കാലം....

ഏകാന്തതയിൽ മുഴുകിയിരിക്കാതെ
സ്നേഹത്തിന്റെ കടലാഴം അറിഞ്ഞ കാലം
തിരക്കിനിടയിൽ അറിയാതെ പോയ
അമ്മതൻ വാത്സല്യം അറിഞ്ഞ കാലം
എന്തിനും ഏതിനും തിരക്ക് അഭിനയിച്ച്
ഒന്നിനും ആവാതെ മറഞ്ഞ ദിനങ്ങൾക്ക്
പലതും ചെയ്യാനുണ്ടെന്ന് ഓതിപ്പഠിപ്പിച്ച കാലം
മക്കളുടെ കുസൃതികൾക്ക് കാതു കൊടുക്കുമ്പോൾ
മനസ്സിൽ അറിയാതെ ബാല്യം നിറഞ്ഞ കാലം
ബന്ധങ്ങൾക്ക് വിലയുണ്ടെന്ന് എന്നെ
ഓതിപ്പഠിപ്പിച്ച കാലം എന്നെ
ഇനിയും പഠിപ്പിച്ച കാലം.....

**അർച്ചന സന്തോഷ്**
8 എ എസ് എസ് എച്ച് എസ് നെയ്യശ്ശേരി
തൊടുപുഴ ഉപജില്ല, ഇടുക്കി

# മനുഷ്യനും കാലവും

ഹേ! കാലമേ നിന്റെ കളിയരങ്ങിൽ
വേഷമിട്ടാടുകയല്ലോ ജീവിതം
വിധിയെന്ന സത്വമേ നിന്റെ കൈക്കുള്ളിൽ
പിടയുകയല്ലോ ഞങ്ങളെല്ലാം
പണത്തിൻ പെരുമയിൽ പൊങ്ങിയോരെല്ലാം
ഭൂമിയോളം താഴാൻ പഠിക്കുന്നു
ജീവിതമെന്ന ഈ കളിയൂഞ്ഞാലിൽ
നീ കളിപ്പിക്കുകയല്ലോ മനുഷ്യരെ
സ്വബുദ്ധിയും വിവേകവും നശിച്ചോർക്കെല്ലാം
ബോധമുദിക്കുന്നു ചിന്തിക്കാൻ പഠിക്കുന്നു.
മനുഷ്യരെ ഒരു പാഠം പഠിപ്പിക്കുന്നതിനായി നീ
കൊണ്ടു നട്ടു കൊറോണ എന്ന വ്യാധിയെ
പലതായിരുന്ന മനുഷ്യരെല്ലാം
ഒന്നായി മുന്നേറുന്നു അതിനെ തുരത്താൻ
സമയമൊട്ടില്ലായിരുന്ന അച്ഛനുമമ്മയ്ക്കും
സമയമുണ്ടിന്ന് മക്കളെ നോക്കാൻ
ജീവിതമെല്ലാം നമുക്കായ് ഉഴിഞ്ഞിട്ട
പല മുഖങ്ങളും സ്മരിക്കണം നാം
പരസ്പരം മറന്നുള്ള
മനുഷ്യന്റെ ഓട്ടത്തിനു കുറവുവന്നു
നന്ദിയുണ്ട് കാലമേ........

**ആഞ്ജലി ഷിബു**
11 കോമേഴ്സ് എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്.
നീലീശ്വരം,എറണാകുളം, അങ്കമാലി
അങ്കമാലി ഉപജില്ല, എറണാകുളം,

# ഞാൻ അറിഞ്ഞിരുന്നുവോ?

ഒരു സന്ധ്യയിൽ ഈ ലോകത്ത് കാൽ കുത്തുമ്പോൾ,
അറിഞ്ഞിരുന്നോ ഞാനീ പ്രയാണത്തിൻ ദൂരം...?
ആ സന്ധ്യയിൽ ഈ ലോകത്ത് കൈകളാട്ടിയപ്പോൾ,
അറിഞ്ഞോ ഞാൻ ജീവിത ചങ്ങല തന്നെണ്ണം...?
ആ ദിവസം കാതോർക്കാൻ ശ്രമിച്ചു കൊണ്ടിരുന്നപ്പോൾ,
ഓർത്തോ ശ്രവണം നിലയ്ക്കാൻ ആഗ്രഹിക്കുമെന്ന് ?,
ആ ദിനം കണ്ണുകൾ നനവാൽ ചിമ്മിയപ്പോൾ,
ഓർത്തു വോ ഞാൻ കണ്ണടപ്പിന്റെ ശാശ്വതമാം സുഖം?
അന്ന് കണ്ണുനീർ അടക്കാതിരുന്നപ്പോൾ,
നിനച്ചുവോ ചിരി പൊഴിക്കാൻ പാടുപെടുമെന്ന് ?
അന്ന് ചുറ്റിലെ സുഗന്ധം ശ്വസിച്ചപ്പോൾ,
നിനച്ചുവോ സുഗന്ധത്തിനപ്പുറത്തെ ദുർഗന്ധത്തെ ?
അന്നൊരിക്കൽ മേനി കുളിർത്തപ്പോൾ,
ഓർത്തുവോ ഞാൻ ജീവിത ഗ്രീഷ്മത്തെപ്പറ്റി?
അന്നൊരിക്കൽ പിറന്നുവീണപ്പോൾ,
ചിന്തിച്ചുവോ ഉറപ്പുള്ള ആ മൃത്യുവേപ്പറ്റി?

**റൂത്ത് മരിയ പോൾ**
10 I എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്
തൃപ്പൂണിത്തുറ ഉപജില്ല
എറണാകുളം

# ഇരുട്ടിന്റെ പാട്ട്

ഇന്നേതോ പാട്ടിന്റെ ഈരടിയോർത്തു ഞാൻ
ഇരുളിലും താന്തനായ് പാടിടുന്നു
ഇടനെഞ്ചിലൂറുന്ന വേദന എന്തിനോ
ഇടറിയെൻ നെഞ്ചിലുടക്കിടുന്നു.

ഭാഗ്യം പിറന്നവൻ മാലോകരോതുന്നു
ഭാഗ്യഹീനനെന്നറിഞ്ഞിടാതെ
ഭിക്ഷുകനായി അലയുന്നു ഇന്നിവൻ
ഭാഗ്യമെന്ന നിധി തേടിടുന്നു.

തകർന്നൊരാ നെഞ്ചിന്റെ വേദന എന്തിനോ
തളർന്നൊരാ കൈകൾ തുടച്ചതില്ല
തപ്തമാം വികലമാം സങ്കടം പേറി നീ
തപ്പിത്തടഞ്ഞിതാ വീണിടുന്നു.

ആർക്കായി പാടുന്നു ഈ രാവിനിരുളിലും
ആർദ്രമാം തരളമാം ഈ ഈരടി
ആർദ്രയായ് കരയുന്നീ രാവിനു വേണ്ടിയോ
ആലോലമായി നീ പാടിടുന്നു.

**ഗോകുൽ**
8 സി , എസ്.സി.വി.ബി.എച്ച്.എസ്. ചിറയിൻകീഴ്
ആറ്റിങ്ങൽ ഉപജില്ല
തിരുവനന്തപുരം

# പറയുവാനുള്ളത്

മൃത്യുവിൻ പൊയ്കയിൽ മൊട്ടിട്ട സൂനമേ,
വന്നുവോ നീ എൻ മന്നിൽ ജഡശയ്യ വിരിക്കുവാൻ
തിളയ്ക്കുന്ന പൊയ്കയിൽ
തളിർക്കുന്ന പുഷ്പമേ,
നിനക്കാവുകില്ലെൻ
മന്നിൽ തളിർക്കുവാൻ.,
നിനക്കാവുകില്ലെൻ
മാർച്ചട്ട പിളർക്കുവാൻ.
കഴിയുകയില്ല നിനക്ക്
നിൻ രഥചക്രമുരുട്ടുവാൻ,
കഴിയില്ല നിനക്കു നിൻ
രണഭേരി മുഴക്കുവാൻ,
രണാങ്കണത്തിങ്കൽ.
അടരാടും പോരാളികൾ ഞങ്ങൾ.
മനോബലം മാരുത തുല്യം തീർക്കുക,
മർത്ത്യസ്നേഹത്തിന്റെ മാർച്ചട്ട കെട്ടുക.
മാനവ സേവ പടവാളായ്  മാറ്റുക
കരുണകൊണ്ടു പടക്കളം വാഴുക.
ഒരുമ തൻ അസ്ത്രം തൊടുക്കുക,
അടരാടും പോരാളികൾ ഞങ്ങൾ.
എയ്തു വീഴ്ത്തുക ഈ മഹാമാരി തൻ ചിറകുകൾ.
അഗ്നിയിൽ എറിഞ്ഞുടയ്ക്കുക
ഈ മഹാമാരി തൻ സ്വപ്നങ്ങളെ,
ഇനി വിരിയാതിരിക്കട്ടെ ഈ
രക്തപുഷ്പത്തിൻ മുകുളങ്ങളൂഴിയിൽ,
അടരാടിടും പോരാളികൾ ഞങ്ങൾ

**ദ്യുതി ദീക്ഷ**
6 C എസ്സ്.എം.എച്ച്.എസ്സ്. പഴമ്പാലക്കോട്
ആലത്തൂർ ഉപജില്ല
പാലക്കാട്

# താളം തെറ്റിയ പ്രകൃതി

ഒരു പൂങ്കുയിലിന്റെ പാട്ടുകേട്ട് ഞാനീ
ജനുവരിപ്പുലരിയിലുണർന്നു വന്നു
ആ കുയിലിനെ തേടി ഞാൻ മുറ്റത്തെ
പൂത്ത കണിക്കൊന്ന മരത്തിൻ ചില്ലകളിൽ
ഒരു കല്യാണപ്പെണ്ണിനെ പോൽ
സ്വർണവർണമണിഞ്ഞ ചില്ലകളിൽ ......
സന്തോഷത്തോടെ അമ്മയോടിതു
ഞാൻ ചൊന്നപ്പോൾ
എൻ നെറ്റിയിൽ പൊടിഞ്ഞ
വിയർപ്പെല്ലാമൊപ്പിക്കൊണ്ടമ്മ ചൊല്ലി
ഇതെല്ലം ആഗോളതാപനത്തിന്റെ
സൂചനകളാണ് കുഞ്ഞേ
ഇന്നലെ നമ്മുടെ തൊടിയിൽ
ഒരുകൂട്ടം മയിലുകൾ വന്നിറങ്ങിയില്ലേ....?
വരണ്ടു തുടങ്ങീ നമ്മുടെ നാടും
എന്നതിന് സൂചനയാണതും കുഞ്ഞേ .
കൊടുങ്കാടുകൾ കത്തി നശിച്ചു
മഞ്ഞു മലകൾ ഉരുകിത്തുടങ്ങീ
കടലിന്റെ ചൂടും കൂടിത്തുടങ്ങീ
താളം തെറ്റി വീശും കൊടുങ്കാറ്റും
ആർത്തലയ്ക്കുന്ന മഴയും പ്രളയവും
ആഗോള താപനത്തിന്റെ ബാക്കിയത്രെ

നട്ടു നനച്ചു വളർത്തണം നമ്മൾ
നശിച്ചുപോയൊരീ കാടൊക്കെയും
കുറയ്ക്കണം പുക തുപ്പും യന്ത്രവാഹനങ്ങളും
ഇത്രയൊക്കെ ചെയ്തീടിനാൽ മെല്ലെ
ഭൂമിതൻ ചൂട് കുറഞ്ഞീടും
പ്രകൃതിക്കു പഴയ താളം വന്നീടും .

**പാർവതി പി എസ്**
2 A എൻ എൽ പി എസ് പൂവത്തുശ്ശേരി
മാള ഉപജില്ല, തൃശ്ശൂർ

# കാലം

പ്രപഞ്ചമുഖത്തേറെ കോലമെഴുതി -
കാലം;വികൃതികളങ്ങനെ കാട്ടി വളർന്നു
അതിശയകൂട്ടുകളൊക്കെ കൂട്ടി,
കോലം - കുത്തിത്തീരാനായപ്പോൾ..
ബുദ്ധിയും ശക്തിയുമൊക്കെ കൂട്ടിച്ചേർത്തു -
കലക്കിയ ചായം കൊണ്ടൊരു ചിത്രം തീർത്തു
മന്നിലെ മാനവനെന്നു പേരും നൽകി,
കാലം; മുന്നിൽ നിന്നു നയിച്ചു
ബുദ്ധിയുദിച്ചു - ചിന്തയുണർന്നു
മാനവനതിശയം കാട്ടി.........
പിന്നെയും വളർന്നവൻ, കാല;
കടിഞ്ഞാണുകളൊക്കെയറുത്തു
കോപം കൊണ്ടു ജ്വലിച്ചു കാലം;
പിന്നെ പ്രപഞ്ചമിളക്കിയാടി.........
മഹാമാരികൾ വാരിത്തൂകി ....... കാലം;
മാനവക്കോലമഴിക്കാൻ
വസൂരിയായും
കോളറയായും
അങ്ങനെ പലപലതായും
കാലം നൽകിയ മാരികളൊക്കെയും
ചെറുത്തൂ മനുഷ്യൻ സഹനത്താൽ
ഇപ്പൊഴും നാമും കാലവുമായൊരു -
ചെറു, ചങ്ങാത്തപ്പിണക്കം
ചെറുക്കാം നമുക്കൊന്നി-
ച്ചൊരുമിച്ചൊന്നായ് ചെറുക്കാം
കോർക്കാം കരളുകൾ കോർക്കാം
അകലത്തിരുന്നരുമയായ് കോർക്കാം മനസ്സുകൾ
സൗഹൃദ അകലം തീർത്തു ജയിക്കാം
നമുക്കീ വ്യാധിയെ തോൽപ്പിക്കാം
കാലം കണ്ടു ചിരിക്കും
തന്നുടെ സൃഷ്ടിയെ മാനിക്കും
അനുഗ്രഹം നൽകി സ്നേഹ-
പ്പെരുമഴ തീർക്കും........
പെരുമഴ തീർക്കും

**ദേവിക കൃഷ്ണൻ എ**
10 എൻ.എസ്.എസ്.എച്ച്.എസ്. എസ്.മടവൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# മണ്ണിൻ പുണ്യം

വറുതിക്കാലം വന്നു തുടങ്ങി
വയറിതു മെല്ലെയൊതുക്കീടേണം
പണിയും കൂലിയുമില്ലാതിങ്ങനെ
പലതും ചൊല്ലിയിരിപ്പൂ നമ്മൾ

വയലുകളിവിടെ കാണാനില്ല
വഴികൾ തേടി നടപ്പൂ നമ്മൾ
ഉഴുതു മറിക്കാൻ കാളകളില്ല
ഉണ്ണാനായി വിശക്കലുമില്ല

കർഷകരെ കണി കാണാനില്ല
കർമ്മ ഫലം അതു തീരുന്നില്ല
കൊയ്യാനിവിടെ കറ്റകളില്ല
കൊറ്റികളെ കണി കാണാനില്ല

ലോറിയിലെത്തും പച്ചക്കറികൾ
ലോകം ചുറ്റി നടപ്പൂ നമ്മൾ
രോഗം കൊണ്ടു ചുമയ്ക്കുന്നുണ്ടോ
ശോകം കൊണ്ടു വിറയ്ക്കുന്നുണ്ടോ

അരിവാളോടി നടന്നൊരു പാടം
അരവയറാൽ നാമാശകൾ പോറ്റി
അരിവാൾ പാട്ടു മറന്നൊരു കാലം
അരിയും തേടി നടപ്പൂ നമ്മൾ

മണ്ണു മറച്ചു പണിഞ്ഞൊരു മാളിക
മണ്ണായ് മാറിയ കഥ നാം കണ്ടു
മണ്ണിൽ നിന്നു മുളച്ചൊരു ജീവൻ
മണ്ണായ് തീരുമതറിയുക നമ്മൾ.

**ഭവ്യ സുരേഷ്. എസ്**
5 A കാർമൽ ജി എച്ച് എസ് എസ്
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# എന്റെ നാട്

പച്ച നിറഞ്ഞ വയലുകളും
കളകളമൊഴുകും അരുവികളും
കിളികൾ പാടും പാട്ടുകളും
ചേർന്നതാണെൻ മലനാട്
മരം മുറിച്ചും കുന്നിടിച്ചും
കൊന്നിടല്ലേ എൻ നാട്
മണലെടുത്തും മാലിന്യമിട്ടും
കളഞ്ഞിടല്ലേ എൻ നാട്
പ്രളയം വന്നു ഓഖി വന്നു
പൊരുതി നമ്മൾ ഒരുമിച്ച്
നമുക്ക് നല്ലൊരു നാളേക്കായ്
ഒന്നിച്ചൊന്നായ് കൈ കോർക്കാം

**നജ ഫാത്തിമ ടി**
4 B കീച്ചേരി എൽപി സ്കൂൾ
മട്ടന്നൂർ ഉപജില്ല, കണ്ണൂർ

# സ്വപ്നം

പറയുവാൻ ഏറെയുണ്ടെൻ ഹൃദയത്തിൽ,
ഒരോമൽ കിനാവിൻെറ വേലിയേറ്റം
മഴയൊന്നു നനയണം പുഴയായ് ഒഴുകണം
ഒരു മൃദു തളിരിൻെറ ഉയിരാവണം
മലയാവണം പിന്നെ മേടാവണം
ഒരു മഞ്ഞുതുള്ളിതൻ കുളിരാവണം
മഴവില്ലിനേഴഴകായിടേണം പിന്നെ
ഒരു കുഞ്ഞു പൂവിൻെറ ചിരിയാവണം
കാറ്റാവണം, കനിവാവണം, കാട്ടിൽ
പാഴ്മുളംതണ്ടിൻെറ പാട്ടാവണം
നീയെൻെറ പ്രാണൻ, നീയെൻെറ ജീവൻ'
കാടിൻെറ കാതിൽ മൊഴിഞ്ഞിടേണം
പൂത്തുമ്പിയാകണം പൂന്തിങ്കളാകണം
ഒരു പിടിമണ്ണിൽ അലിഞ്ഞിടേണം.

**ഐശ്വര്യ രൂപൻ**
9 A കെ എം ജി വി എച്ച് എസ് എസ് തവനൂർ
എടപ്പാൾ ഉപജില്ല, മലപ്പുറം

# നമ്മമരം

എൻ കൊച്ചുവീടിന്റെ തൊടിയിൽ ഞാനൊരു
കൊച്ചുതൈമാവ് നട്ടു
വെള്ളമൊഴിച്ചു വളമിട്ടു ഞാൻ
വളരുന്നതും നോക്കി നിന്നു
തളിരില വന്നു തൈ മെല്ലെ വളർന്നു
വളർന്നു വളർന്നൊരു വന്മരമായി
ഒരു നാളിലാ തൈമാവ് പൂവിട്ടുവല്ലോ
പൂവെല്ലാം വിരിഞ്ഞു കായ്കളായി
ഒത്തിരിയൊത്തിരി തേൻമാമ്പഴമായി
തേൻമാവിൽ കൂടുകൂട്ടാനായി
കിളികൾ വന്നു
മാമ്പഴമുണ്ണുവാൻ അണ്ണാൻ വന്നു
താങ്ങായ് തണലായ് എൻ കൊച്ചുതൈമാവ്
ഒരു വൻമരമായ് മാറിയല്ലോ

**അനന്ദു സജീഷ്**
3 A കൊവ്വൂർ എൽ.പി.സ്കൂൾ
മട്ടന്നൂർ ഉപജില്ല, കണ്ണൂർ



# ചെമ്പകത്തൈ

പച്ചത്തലപ്പുകൾ
തളിർത്തുനിൽക്കുന്ന
വിദ്യാലയ മുറ്റത്തെ
പൂച്ചെടികളെല്ലാം
എരിയുന്ന വെയിലേറ്റ്
വാടിക്കരിഞ്ഞിരിക്കാം
ഞങ്ങളെക്കാണാതെ
ഏറെക്കരഞ്ഞിരിക്കാം

യാത്ര പറയാതെ
പിരിയുന്ന നേരത്ത്
കാണാതെ പോയ
ചെമ്പകത്തൈ
ദാഹനീരിനായ്
ഏറെകൊതിച്ചിരിക്കാം

കാലം കയറൂരി വിട്ട
സൂക്ഷ്മ വിഷബിന്ദു
കാറ്റിന്റെ കൈകളിൽ
വിഷം പുരട്ടുന്നു

അഴുകി ദ്രവിക്കാത്ത
പ്ലാസ്റ്റിക് കവറുകൾ
കുപ്പികൾ പാറി
പ്പറന്നു കളിക്കുന്നു

പേടിയാകുന്നെനിക്ക്
ദൂരേക്ക് നോക്കുവാൻ
വെയിലൊരുനദിയായ്
ഒഴുകി വന്നെന്റെ
പച്ചിലത്തോപ്പിനെ
തീയിട്ടു കളയുന്നു
ഉറക്കം വരാതെ
കരയുന്നുരാത്രിഞാൻ

എത്തുന്നു വീണ്ടുമെൻ
വിദ്യാലയത്തിൽ
കണ്ടു മഴയിൽ
തളിർത്ത ചെടികളെ
നിറയെ പൂവിട്ട
ചെമ്പകത്തൈയും
ഇളം കാറ്റിലാടി
സുഗന്ധം പരത്തുന്നു

**ഫാത്തിമ. കെ. എച്ച്**
5 എ കോൺകോർഡ് ഇംഗ്ലീഷ് ഹയർ
സെക്കൻഡറി സ്കൂൾ,
കുന്നംകുളം ഉപജില്ല, തൃശ്ശൂർ

# മങ്ങുന്ന ഭംഗികൾ

എന്റെ ബാല്യത്തിന്റെ ഓർമ്മകളിൽ
ഓർക്കുന്നു ഞാനാ കുളിരരുവി
തണൽ വിരിക്കുന്ന വൻവൃക്ഷങ്ങളും
ഇന്നില്ലാവൃക്ഷവും ആ തണലും
കളകളം പാടുന്നോരരുവികളും
ഇന്നു ഞാൻ കിളിവാതിലിൽ ചാരിനിൽക്കുമ്പോൾ
തഴുകുന്ന കാറ്റിനും വിഷ ഗന്ധമായ്.
കുളിരിനായാമഴ ഒന്നു നനയുമ്പോൾ
വിഷമാണ് പെയ്യുന്നതെന്നോർക്ക നീ
ആരാണിതിനെല്ലാം കാരണക്കാർ
ഞാനാണ് നീയാണ് നമ്മളാണ്
നാമിന്നു ചെയ്യുമീ ദുഷ്പ്രവർത്തി
ആത്മഹത്യയ്ക്ക് സമാനമല്ലോ
കൊല്ലപ്പെടുന്നൊരീ പുഴകളെല്ലാം
ഇന്നു ഞാൻ നാളെ നീ എന്നു ചൊൽവൂ
അതുകൊണ്ടിനിയിതാ സമയമായി
ഒന്നിച്ചു കൈകോർത്ത് രക്ഷനേടാൻ
അമ്മയാം പ്രകൃതിയെ സംരക്ഷിച്ച്
ജീവിച്ചിടാമിനി സൗഖ്യമായി

**ഗൗരീനന്ദ.വി**
9 B ഗവൺമെന്റ് എച്ച്.എസ്.എസ്. കലവൂർ, ആലപ്പുഴ
ചേർത്തല ഉപജില്ല, ആലപ്പുഴ

# എന്റെ ഗ്രാമം

ഇവിടെ ഒരു ഗ്രാമമുണ്ടായിരുന്നു
കുന്നുകൾക്കപ്പുറം വയലുകൾക്കപ്പുറം
അവിടെയൊരു പുഴയുമുണ്ടായിരുന്നു
കുന്നെങ്ങു പോയി കുന്നിമണിയോ?
വിതയില്ല കൊയ്ത്തില്ല തരിശ് പാടങ്ങളിൽ
നിറയെ സൗധങ്ങൾ വിളഞ്ഞ് നിൽപ്പു
പുഴയെങ്ങ് പോയി തെളിനീരിലാടും
തവളകളും ചെറു മീനുകളുമെങ്ങു പോയി
കുന്നില്ല പുഴയില്ല വയലില്ല ഗ്രാമമില്ല
ഒന്നുമില്ലല്ലോ നമുക്ക് ബാക്കി
മഴയില്ല കുളിരില്ല പൂവിളി പാട്ടില്ല
പൂന്തേൻ മധുരമില്ലൊന്നുമില്ല
ഒന്നുമില്ലല്ലോ നമുക്ക് ബാക്കി
ഇവിടെ വസന്തമുണ്ടായിരുന്നു
ഇവിടെ ഇളം കാറ്റ് മേഞ്ഞിരുന്നു
ചിത്രശലഭങ്ങൾക്ക് പിറകെ നടക്കുന്ന
നിഷ്കളങ്കത്തമുണ്ടായിരുന്നു
ഇവിടെയൊരു ഗ്രാമമുണ്ടായിരുന്നു

**കീർത്തന വി.എം**
3 C ഗവ.എൽ.പി.എസ്.പച്ച
പാലോട് ഉപജില്ല, തിരുവനന്തപുരം

# എന്റെ പ്രണയം

അങ്ങേലെ വസന്തത്തിൻ
വർണ്ണപ്പട്ട് വിരിക്കുന്ന
പൂക്കളോടാണെന്റെ പ്രണയം
നീലയാമങ്ങളിൽ ഒഴുകുന്ന നീല
നിലാവിനോടാണെന്റെ പ്രണയം
വെയിലിന്റെ തീരങ്ങളിലെത്തുന്ന
കാറ്റിനോടാണെന്റെ പ്രണയം
ഉദയസൂര്യന്റെ ഇളം
ചൂടിനോടാണെന്റെ പ്രണയം
പ്രകൃതിയുടെ മടിത്തട്ടിലെ
ഋതുഭേദങ്ങളോടാണെന്റെ പ്രണയം
വഴിയറിയാതുള്ള വഴികളിലേക്കൊഴുകുന്ന
പുഴകളോടാണെന്റെ പ്രണയം
മണ്ണിന്റെ ഗന്ധവുമായ് ചിലമ്പുന്ന
വേനൽമഴയോടാണെന്റെ പ്രണയം
ഈ ദൃശ്യഭംഗിയോടാണെന്റെ പ്രണയം

**നന്ദന എൽ**
6 A ഗവ യു പി എസ്സ് വഞ്ചിയൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# കലിയുഗം

സൗഹൃദ സിദ്ധിതൻ കലവറയാം
പരിസ്ഥിതിതൻ കാഴ്ച്ചയായ്
പൂക്കുന്നു കായ്ക്കുന്നു വസന്തം വിതയ്ക്കുന്നു
ഭൂമിതൻ അങ്കണത്തിൽ
നീളുന്ന വഴികളിൽ തൂകുന്ന പൂക്കളിൽ
തൻ സ്നേഹമാം അമ്മതൻ ഭൂമിയാലേ
പുഞ്ചിരി തൂകുന്ന പക്ഷികൾ
ഇന്നും പാടുന്ന താരാട്ടുകൾ
കാട്ടുപുൽതണ്ടിലത്ഭുത ധാരയായ്
പാട്ടുണർത്തുന്ന പൂങ്കുയിലുകളും
പൊൻപുലരിതൻ നറുമണം വീശിയെത്തും
അങ്കണത്തോപ്പിലെ ചെമ്പനീർ പൂവും
പ്രകൃതിതൻ നാശം കണ്മുന്നിൽ തെളിയുന്നു
കലികാല നിലവിളി ആരവങ്ങൾ
പുഴകളും കാടുകൾ മലകളും
മർത്ത്യന്റെ ദുരയാൽ മറഞ്ഞിടുന്നു.
ഭൂമിയാം മാതാവിൻ മുറിപ്പാടുകൾ
കണ്ടുനാം മനുജർ ചിരിച്ചിടുന്നു.

**സാനിയ സുരേഷ്**
6 A ഗവ യു പി എസ് വഞ്ചിയൂർ
കിളിമാനൂർ ഉപജില്ല
തിരുവനന്തപുരം

# രൗദ്രം

മുൻകാല സ്മരണയിൽ
കൺ നിറയ്ക്കുന്നിതാ
വേദനാജനകമാം ഭൂമി
വിശ്വം വിറയ്ക്കുന്നു
നേത്രം നിറയുന്നു
ഒഴുകുന്നിതാ ചുടുകണ്ണീർ
കൊല്ലരുതേ നിങ്ങൾ
വെട്ടരുതേ നിങ്ങൾ
മാറിടം വെട്ടിപ്പിളർക്കരുതേ
ഗതകാല സ്മരണയിൽ
മാനമുരുകുന്നിതാ
വേദനാജനകമാം ഭൂമി
തീക്കനൽ വാരിയെറിഞ്ഞിടും
നാൾകളിൽ നേത്രങ്ങൾ
പൂട്ടിയിരിക്കും അവർ
രൗദ്ര ഭാവം വരും
നേത്രം ജ്വലിച്ചിടും
അന്നു നീ സാക്ഷിയായ് നിന്നിടും
കൊല്ലരുതേ നിങ്ങൾ
വെട്ടരുതേ നിങ്ങൾ
മാറിടം വെട്ടിപ്പിളർക്കരുതേ

**ചന്ദന എൽ**
7 B ഗവ യു പി എസ്സ് വഞ്ചിയൂർ
കിളിമാനൂർ ഉപജില്ല
തിരുവനന്തപുരം

# അതിജീവനത്തിന്റെ പാതയിൽ

അമ്മയാം ഭൂമിയെ
വിസ്മരിക്കാതെ നാം
കൊറോണയാം വിപത്തിനെ
ഒരുമയോടെ തകർത്തിടാം
ഈ യുദ്ധഭൂമിയെ
സ്നേഹഭൂമിയാക്കീടുക നാം
അതിജീവനത്തിന്റെ
ഈ നല്ല പാതയിൽ
ഒറ്റക്കെട്ടായ് മർത്യന്മാർ
സേവനത്തിന്റെ മാലാഖമാരെ
വന്ദിച്ചീടുക നാം
കദനത്തിലാണ്ട ഭൂമിയെ
ശുശ്രൂഷിച്ചീടുക നാം
ശുചിത്വത്തിന്റെ പാതയിൽ
നീങ്ങീടുക നാം.

**അൻഷ ജോൺ**
9 B ഗവ. ഹയർ സെക്കന്ററി സ്കൂൾ കോയിക്കൽ
കൊല്ലം ഉപജില്ല, കൊല്ലം



# വീണ്ടെടുക്കും

പ്രളയവും ഓഖിയും നിപ്പയുമെത്തിന്
മഹാമാരികൾ വന്നകലുമ്പോൾ
ഒറ്റക്കെട്ടായ് ലോകത്തിനു നാം
മാതൃക കാട്ടിയ കേരളമേ
തകരില്ലിനി നാം തളരില്ലിനി നാം
ഒറ്റ മനസ്സായ് കൈകോർക്കാം

ലോകമനസ്സാക്ഷികളേ നമ്മൾ
ഏകമനസ്സായ് മുന്നോട്ട്
പതറില്ലിനി നാം പിരിയില്ലിനി നാം
പടപൊരുതും ഇനി ഒന്നായ് നാം

രാവും പകലും വിശ്രമമെന്തെന്നറിയാതെ
അദ്ധ്വാനിക്കും ധീരരാം പോരാളികളെ
അഭിനന്ദിക്കാംകരുത്തു പകരാം
സ്വന്തം ജീവൻ ത്യാഗം ചെയ്യും
മാലാഖമാരാം സിസ്റ്റർ ലിനിമാർ
ആയിരങ്ങൾ മറക്കില്ല നാമവരെ
തോൽക്കില്ല നാം ഭയക്കില്ല നാം
ജാഗരൂകരായ് മുന്നോട്ട്
ഇനിയും വരും വസന്തങ്ങളും
ഇലകൊഴിയും ശിശിരങ്ങളും
ശരത്കാലം വൃഷ്ടിയും പേമാരിയും
തോൽക്കാതിനി നാം പടപൊരുതും
മന്ദമാരുതൻ തൊട്ടു തലോടും
നെല്പാടങ്ങൾ കതിരണിയും
ഒന്നിച്ചൊന്നായ് മുന്നോട്ടെങ്കിൽ
എല്ലാമിനിയും തിരികെ വരും.

**അലക്സ് റോബിൻ റോയ്**
9 B ഗവ. ഹയർ സെക്കന്ററി സ്കൂൾ കോയിക്കൽ
കൊല്ലം ഉപജില്ല, കൊല്ലം

# കണ്ണിപൊട്ടിക്കേണ്ട ചങ്ങലകൾ

കണ്ണിപൊട്ടിക്കേണ്ട ചങ്ങലകൾ
കാലം മറഞ്ഞൊരു കാലഘട്ടത്തിൽ
മിഴികൾ നിറഞ്ഞു നാം നീറിനിന്നു
മഹാമാരിതൻ നടുവിൽ നിന്നൊന്നു
നമ്മുടെ ഭൂമിയെ വീണ്ടെടുത്തീടുവാൻ
ഗുരുക്കന്മാർ ചൊല്ലുന്ന കാര്യമതൊക്കെയും
വേർതിരിവില്ലാതെ കേൾക്കണം നാം
വീട്ടിലിരുന്നു കൈകോർത്തിടണം

ദുരിതത്തെ നീക്കിടാം ഒന്നിച്ചു നീങ്ങിടാം
മഹാമാരിയെ എതിർത്തിടാം നാം
ശുചിത്വവും പാലിച്ച് മുന്നോട്ട് നീങ്ങിടാം
ജാഗ്രത തെല്ലും മറന്നിടാതെ
കൂട്ടങ്ങൾ കൂടാതെ അകലാം നമുക്കിനി
ഹൃദയത്തിനുള്ളിൽ സ്നേഹവുമായ്
കരുതലായീടണം കനിവോടെ
നാമിന്നു ദോഷങ്ങൾ നാടിനതേകിടാതേ
മത ജാതി ചിന്തകൾ ദൂരെ കളയണം
നന്മകൾ മാത്രമതോർത്തിടണം
പുണ്യമാം ഭൂമിയ്ക്കു പുതു -
തലമുറകളേകിടാം അതിനായി
ഈ വിഷധാരിയെ കൂട്ടിലടയ്ക്കണം നാം
ഇനിയുള്ള കാലം ഒന്നിച്ചു നീങ്ങിടാം
തകരില്ല നമ്മുടെ സ്വർഗഭൂമി....

**ശ്രീനന്ദ ബിജു**
6 B ജി എച്ച് എസ് ഇരുളത്ത്
സുൽത്താൻ ബത്തേരി ഉപജില്ല, വയനാട്

# സഹനം

പ്രളയതീരങ്ങൾക്കുമപ്പുറം ഇവിടൊരു
സ്നേഹതീരമുണ്ടെന്ന് കണ്ടുനാം....
ജാതിചിന്തകൾക്കപ്പുറം ഇവിടൊരു
മനുഷ്യനുണ്ടെന്നു കണ്ടു പഠിച്ചു നാം
ഇത്തിരിത്തുണ്ടു പുറമ്പോക്കു ഭൂമിയിൽ
ജീവിതത്തെ കരുപിടിപ്പിച്ചവർ
രമ്യഹർമങ്ങൾ പടുത്തുയർത്തിയതിൽ
ജീവിതത്തെ പണയപ്പെടുത്തിയോർ
ആർത്തലച്ചെത്തിയ കർക്കിടകപ്പെരുമഴയിൽ
കുത്തിയൊലിച്ചുപോയ് സർവ്വരും സകലതും
കാലമേറെ കഴിഞ്ഞില്ല വീണ്ടും
കോവിഡെന്ന മഹാമാരിയെത്തി
ജീവിതം വീണ്ടും ദുരിതമായ് തീർന്നു
ദേശാതീതമായെത്തി കരാളമാം
കൈകളാഴ്ത്തി ഞെരുക്കുന്നു നമ്മേ
ഇത്തിരിക്കുഞ്ഞൻ വൈറസാണിന്ന്
മർത്ത്യവംശത്തിൻ ഭീമമാം ശത്രു
ഭീതിവേണ്ട...മെരുക്കാം നമുക്ക്
ക്ഷമയോടെയുള്ള കരുതലുണ്ടെങ്കിൽ
മാറ്റിവെക്കാം കുറേനാൾ നമുക്ക്
നമ്മളൂട്ടി വളർത്തിയ ചര്യയെ
ആരോഗ്യരംഗം സജീവമാണെപ്പോഴും
കൂട്ടായവർക്കു കരുത്തു നൽകണം.
നന്ദിയോടെ സ്മരിക്കാം നമുക്കാ-
നന്മമുഖങ്ങളെ സാന്ത്വനകർമ്മത്തെ
ഉത്സവം വേണ്ട ആഘോഷവും
ജീവനാണല്ലോ പരമപ്രധാനം
തന്നിലേക്ക് മടങ്ങുക മർത്ത്യരേ
തങ്ങളാരെന്ന് ബോധ്യമുണ്ടാക്കുക.

**ദേവതീർത്ഥ**
8 ജി എച്ച് എസ് അതിരാറ്റുകുന്ന്
സുൽത്താൻ ബത്തേരി ഉപജില്ല, വയനാട്

# മഹാമാരി

പണ്ടു ഞാൻ വീട്ടിൻപടിക്കലിരുന്നെന്റെ
മാരിയോടൊത്തു കളിക്കുമാർന്നൂ...
മാരിയെന്നന്നു കേട്ടാലതേവർക്കും
സന്തോഷമേറെ അതേറെയാർന്നു...
ജീവജന്തുജാലങ്ങൾക്കെല്ലാമാ
മാരിയെയേറെയന്നിഷ്ടമാർന്നൂ...
മാരിയോടൊത്തുകളിക്കുമ്പോളെന്നുടെ
ദേഹമാകെ കുളിർ ചൊരിയുമാർന്നൂ...
ഇന്നലെ കേട്ടു മഹാമാരിയെന്നൊരു
കോവിഡ് നയന്റീൻ വൈറസിനെ...
ചൈനയിൽ നിന്നു തുടങ്ങിയിപ്പോൾ
ഭൂമിയെ മൊത്തമായ് കീഴ്പെടുത്തി...
ഇന്നലെ ഹുങ്കോടെ കാറിൽകയറിയോ-
രിന്നലെ മാളിക വീട്ടിലുറങ്ങിയോർ...
ഇന്നിതാ രോഗത്തിനടിമയായ്
ഐസൊലേഷൻ വാർഡിലന്തിയുറങ്ങുന്നു...
നിപയെയോടിച്ചോർ പ്ലേഗിനെ തോൽപിച്ചോർ
എല്ലാരുമിന്നിതാ തോറ്റിടുന്നു...
രോഗത്തിനടിമയായ് മരണമടഞ്ഞോ
രുടെയെണ്ണമിതാ ലക്ഷം പിന്നിടുന്നു...
നിയന്ത്രണം വിട്ടൊരു വാഹനം
പോലിതവിടിവിടെയായ് സഞ്ചരിച്ചീടുന്നു...
മരണം കൈപിടിച്ചെന്നാലവരെപ്പി
ന്നൊരുനോക്കുകാണുവാൻ പോലും വിലക്കാണ്
ഭയമല്ല ജാഗ്രത മതിയിതിന്നോടു
പൊരുതിടാനെന്നു മറന്നിടല്ലേ...
സംഭാഷണങ്ങൾക്കും മീറ്ററിന്നകലം
പാലിച്ചിടേണമെന്നോർത്തിടണേ...
കൈകളിടയ്ക്കിടെ സോപ്പിട്ടു കഴുകി
യണു മുക്തമാക്കുവാൻ ശ്രദ്ധവേണം...
തരണം ചെയ്തിടും നാമീ മഹാമാരി
യെയെന്നൊരു വാശിയും കൂടെവേണം

**മുഹമ്മദ് റഊസ്.ഇ.കെ**
IX A ജി.എച്ച്.എസ്.എസ്.പടിഞ്ഞാറത്തറ
വൈത്തിരി ഉപജില്ല, വയനാട്

# പ്രകൃതി

നീ തന്നെ ജനനി....
നീ തന്നെ രക്ഷ......
നീ തന്നെ സർവം....
ഓടിത്തളരുന്ന മർത്ത്യന്നു
ദാഹജലം നീ ഏകി.
തളിരായി കുളിരായി വേരായി
നീരായി, പ്രാണനായ് നീ ....
നീയാം മഴയേറ്റു തളിർക്കുന്ന
നാമ്പുകൾ നാം.....
നിന്നിൽ നിന്നടർന്ന
മുത്തുകൾ നാം
നിന്നിലേക്കു മടങ്ങുന്ന
കീടങ്ങൾ നാം.
അവൾ തന്ന വെയിലിന്റെ,
തണലിന്റെ സുഖം മറന്നു...
കാറ്റിന്റെ, പുഴയുടെ ഈണം മറന്നു...
കൊല്ലുന്നു നാമവളെ ഇഞ്ചിഞ്ചായി...
അവൾ പകർന്ന നന്മയെ
പാടെ മറന്നും...
അവളുടെ ചോരയെ ഊറ്റിക്കുടിക്കുന്ന
രക്തരക്ഷസ്സുകളല്ലേ നാം...
അലറിക്കരയുന്ന പെണ്ണാം പ്രകൃതിയെ
കണ്ടില്ലെന്നു നടിച്ചവരല്ലേ...
മുറിവേറ്റു പിടയുന്ന ജീവനെ വീണ്ടും
കുത്തിനോവിക്കും തിന്മതൻ മൂർത്തികൾ.....
വിസ്മരിക്കുന്നില്ലാ അവളൊന്നും...
തിരികെ തന്നിരുന്നു...
മാനവരാശിതൻ നാശമാം
മഹാമാരികളൊക്കെയും അവളായ് -
ത്തന്നെ സൃഷ്ടിച്ചതായിരുന്നു.
നൂറ്റാണ്ടിന്നന്ത്യങ്ങളിൽ അവൾ

കവർന്നെടുത്തില്ലേ പല ജീവൻ.
ഇനിയും പഠിച്ചില്ലയെന്നാൽ മർത്ത്യാ
നീ നിൻ മരണത്തിലേക്കടുക്കുന്നു.
വേദനിപ്പിച്ചീടരുതൊരിക്കലും പ്രകൃതിയെ.
ഇന്നു നിശബ്ദമായിരിക്കാമെങ്കിലും
നാളെ പഞ്ചഭൂതങ്ങളേക്കാൾ
ശക്തരായ്മാറിടാം.
തീയായി, മഴയായി, കാറ്റായി വന്നവൾ
കാർന്നുതിന്നീടും നിന്നെ...
അവൾ തന്നതൊക്കെയും തിരിച്ചെത്തീടും
നീതി നൽകാത്ത പ്രകൃതിനിയമമാകും.
സൃഷ്ടി സ്ഥിതി സംഹാര രൂപിയാം
പ്രകൃതിയിലേക്കു മടങ്ങുക മാനവാ....

**നിത വി. എസ്**
10 C ഗവ. ഹൈ സ്കൂൾ, ചിതറ, ചടയമംഗലം, കൊല്ലം
ചടയമംഗലം ഉപജില്ല, കൊല്ലം

# ഭൂമി എന്ന അമ്മ

പണ്ടൊരു നാളിൽ കളിക്കും നേരം
കിളികളുടെ ശബ്ദം ഞാൻ കേട്ടിരുന്നു
പണ്ടൊരു നാളിൽ കളിക്കും നേരം
അണ്ണാൻ തൻ ശബ്ദം ഞാൻ കേട്ടിരുന്നു
കിളികൾ തൻ വീട്ടിലേക്ക് ഓടി അടുക്കുന്ന
സായാഹ്ന സന്ധ്യ ഞാൻ കണ്ടിരുന്നു
അണ്ണാൻ തൻ വീട്ടിലേക്ക് ഓടി അടുക്കുന്ന
ചില ചില ശബ്ദം കേട്ടിരുന്നു
സന്ധ്യ കഴിയുന്ന രാത്രി സമയത്ത് മിന്നാരം
പോലൊരു വെട്ടം കണ്ടു
മിന്നാമിനുങ്ങിന്റെ വെട്ടം കണ്ടു
കുയിലിന്റെ ശബ്ദം കേട്ടെഴുന്നേറ്റ്
നോക്കുമ്പോൾ ജ്വലിക്കുന്ന സൂര്യന്റെ
വെട്ടം കണ്ടു
ഇന്നീദിനങ്ങളിൽ എഴുന്നേറ്റ് നോക്കുമ്പോൾ
ഫ്ളാറ്റുകൾ ഏറെപ്പെരുകിടുന്നു.
പ്ലാസ്റ്റിക് മാത്രമേ കാൺമതുള്ളൂ.
മാലിന്യം കുത്തനെ നിറയുന്ന വീടുകൾ
ഭൂമിയെന്നൊരു അമ്മയല്ലൊ പ്രകൃതിതൻ
വിഭവങ്ങൾ നൽകുന്നത്
പുഴകളെ മണ്ണിട്ട് മൂടുന്ന സമയത്ത്
വെള്ളത്തിനായി നാം എവിടെ പോകും
മരങ്ങളാകവേ വെട്ടുന്ന സമയത്ത്
തണലിനായി നാം എവിടെ പോകും
മഴയ്ക്കായി നമ്മൾ എവിടെ പോകും
ഇന്നത്തെ മനുഷ്യർക്ക് വേണ്ടയെന്നൊ
പുഴകളെ വനങ്ങളെ വേണ്ടയെന്നൊ
കേഴുന്നു ഞാനിവിടം കേഴുന്നിതാ
ഭൂമിയുടെ സംരക്ഷണത്തിനായി

**ദേവിക ആർ നായർ**
7 A ഗവ.യു.പി. എസ്സ് കാര്യവട്ടം
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# നല്ല ഭൂമി

വേണം മർത്ത്യന് ജാഗ്രത
കളയേണം നാം അഹങ്കാരം
മനസ്സിൽ നിന്നും തമസ്സെല്ലാം
നേടേണം നാം ആരോഗ്യം
അതിനാൽ നമ്മൾ കുളിക്കേണം
വൃത്തിയുള്ളവ ധരിക്കേണം
കഴിക്കുക നല്ല ആഹാരം
കൈകൾ നന്നായ് കഴുകീട്ട്
തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും
കൈയ്യിൽ കരുതുക തൂവാല
കൂട്ടം കൂടി നടക്കല്ലേ
നിർദ്ദേശങ്ങൾ പാലിക്ക
നിയമം നമ്മൾ പാലിക്ക !
ഒന്നിച്ചൊന്നായ് നിന്നെന്നാൽ
കൊറോണയെന്ന മഹാമാരി
ഓടിയൊളിക്കും പമ്പകടക്കും
ഭയപ്പെടേണ്ട കൊറോണയെ
ജാഗ്രത മാത്രം മതിയാകും
അതിനായ് നമ്മൾക്കൊരുമിക്കാം
വാർത്തെടുക്കാം നല്ലൊരു ഭൂമി !

**ശിവാനി മുരളി**
3 എൽ പി എസ് കടമ്പനാട്, നെയ്യാറ്റിൻകര,കാട്ടാക്കട
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# തുരത്തണം കൊറോണയെ

തുരത്തണം കൊറോണയെ
തുരത്തണം
തകർക്കണം
ഈ മഹാമാരിയെ
കരുതണം പൊരുതണം
ഒരുമിച്ച് നിൽക്കണം
ജാതിയില്ല മതവുമില്ല
കക്ഷിരാഷ്ട്രീയമില്ല ഭാഷയില്ല
വേഷമില്ല ദേശഭേദങ്ങളില്ല
അറിവുള്ളവർ പറയുന്നതനുസരിച്ചീടണം
പടരാതെ നോക്കണം തുരത്തണം
തകർക്കണം ഈ മഹാമാരിയെ
പതറാതെ തളരാതെ
ഒരുമിച്ച് നിൽക്കണം
ഒരുമിച്ച് നിൽക്കണമെന്നും നമ്മൾ.

**ഹാരിസ് ഹാജ**
1 B ഗവ: എൽ പി എസ് കുളത്തുമ്മൽ, കാട്ടാക്കട
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# എന്റെ ഭൂമി

കണ്ടോ ഭൂമിയെ നിങ്ങൾ കണ്ടോ
എന്തൊരു സുന്ദരമായ ഭൂമി
പലതരം പക്ഷികൾ പല തരം മൃഗങ്ങൾ
പലതരം മരങ്ങൾ എല്ലാമുണ്ടേ
പലതരം നിറത്തിൽ പഴങ്ങളുണ്ടേ
പലതരം നിറത്തിൽ പൂക്കളുണ്ടേ
കടലിലെ തിരമാല തുള്ളിക്കളിക്കുന്ന
കാണാനെന്തൊരു രസമാണേ
കാട്ടിലും വീട്ടിലുമുള്ള മൃഗങ്ങൾ
ഓടിക്കളിക്കുന്നതെന്തു ചന്തം
മാനത്തു പക്ഷികൾ പാറിപ്പറക്കുന്ന
കാണാനെന്തൊരു ചേലാണേ
ഭൂമി തൻ മക്കളാം മനുഷ്യരെല്ലാം
ഭൂമിതൻ മടിയിൽ മയങ്ങീടുന്നു
ഒന്നിച്ചൊരുമയായി ജീവിച്ച മാനുഷർ
സുഖഭോഗങ്ങളിൽ ലയിച്ചു ചേർന്നു
സുഖ സൗകര്യങ്ങൾക്കൊപ്പം മനുഷ്യന്റെ
ജീവിത ശൈലിയും മാറി വന്നു
ജിമ്മുകൾ സൗന്ദര്യ വർദ്ധകങ്ങൾ
ഓഡികാറുകൾ ഫ്ളാറ്റുകളും
ഫാസ്റ്റ്ഫുഡ് ശീലിച്ച മനുഷ്യരെയോ
ഓരോരോ രോഗങ്ങൾ കീഴടക്കി
കണ്ടോ ഭൂമിയിൽ നിങ്ങൾ കണ്ടോ
വൈറസ് കൊണ്ടുള്ള രോഗബാധ
ഡെങ്കുവും ചിക്കനും നിപ്പയും പിന്നെ
കോവിഡും ഭൂമിയിൽ വ്യാപരിച്ചു
കോവിഡ് 19 എന്ന പേരിൽ
കൊറോണ ഭൂമിയിൽ വിലസുന്നു
കൊറോണ മൂലം ലോക്ക് ഡൗണായി
ആളുകൾവീട്ടിലിരിപ്പായി
അകലം പാലിച്ച് ലോക്ക് ഡൗൺപാലിച്ച്
കൊവിഡിനെ നമ്മൾ തുരത്തീടും
കൊവിഡ് മാറിയ സുന്ദര ഭൂമി
പെട്ടെന്ന് നമുക്ക് കണ്ടീടാം
പ്രകൃതിയാം അമ്മയെ സ്നേഹിച്ചീടാം

**ജോസിയ**
3 B ഗവ. എൽ. പി. എസ്. പരുത്തിപ്പള്ളി
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# മഹാമാരി

അലക്ഷ്യമാം പ്രവൃത്തിയിൽ
ഉടലെടുക്കുന്നിതാ പുതുരോഗം
വൃത്തിഹീനമാം പ്രവൃത്തിയിൽ
വന്നെത്തുന്നൊരു രോഗം.
ജാതിയോ മതമോ നിറമോ
മനുഷ്യനെന്നോ മൃഗമെന്നോ
ഭേദമന്യേ പടരുന്നൊരു രോഗം. ..
മരണത്തിൻ കൈകളിൽ തെന്നി -
വീഴുന്നൊരു മാരകമാം രോഗം. ..
ഹേ. ..മഹാമാരിയാം രോഗമേ നിന്റെയീ -
നാമം കോവിഡ്- 19 എന്നാകുന്നു.
മനുഷ്യാ. ..നിന്റെ കൈകൾ ശുദ്ധിയാക്കൂ.
യാത്രാവേളകളിൽ മൂക്കും വായും
നീതന്നെ മറയ്ക്കുക, അകലം പാലിക്കുക. .
ഇതാണൊരു പ്രതിവിധി. ...
ഈ മഹാമാരിക്കൊരു പ്രതിവിധി. ....

**ആദിത്യൻ എ**
3 B ഗവ.എൽ പി എസ് വെട്ടിയറ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# പ്രതിരോധം

പോരാടുവാൻ നേരമായി കൂട്ടരേ
പ്രതിരോധ മാർഗത്തിലൂടെ
കണ്ണി പൊട്ടിക്കാം നമുക്കീ
ദുരന്തത്തിനലയടികളിൽ നിന്ന് മുക്തി നേടാം
ഒഴിവാക്കിടാം സ്നേഹ സന്ദർശനം
നമുക്കൊഴിവാക്കിടാം ഹസ്തദാനം
അല്പകാലം നാം അകന്നിരുന്നാലും
പരിഭവിക്കേണ്ട  പിണങ്ങിടേണ്ട...
പരിഹാസ രൂപേണ കരുതലില്ലാതെ നടക്കുന്ന
സോദരരെ കേട്ടുകൊൾക
നിങ്ങൾ തകർക്കുന്നതൊരു ജീവനല്ല...
ഒരു ജനതയെ തന്നെയല്ലേ...?
ആരോഗ്യ രക്ഷക്ക് നൽകും നിർദ്ദേശങ്ങൾ
പാലിച്ചിടാം മടിക്കാതെ.
ആശ്വാസമേകുന്ന ശുഭവാർത്ത കേൾക്കുവാൻ
ഒരു മനസ്സോടെ കാത്തിരിക്കാം.
ജാഗ്രതയോടെ,
ശുചിത്വ ബോധത്തോടെ മുന്നേറിടാം ഭയക്കാതെ...
ശ്രദ്ധയോടീ നാളുകൾ സമർപ്പിക്കാം...
ഈ ലോക നന്മക്കുവേണ്ടി...

**മുഹമ്മദ് യാസീൻ. എസ്**
3 എ ഗവ. എൽ. പി. എസ്സ്.പറക്കുളം,
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# THANK YOU CORONA

We forgot our brotherhood
We forgot our nature
We forgot our neighbours
We forgot our simplicity
We forgot our Earth
We forgot our Creator
We forgot being thankful
Then you came as the most unwanted
The most uninvited guest
You took some of our loved ones
You locked us at our homes
You brought the fear of death
You brought us in the queue of death
Yet we don't hate you
We want to thank you
We have learnt many things from your nasty doings
We have regained our strengths
We have re-learnt from our failures
We have thrown all our discriminations
We have brought back our brotherhood
We have became simple, humble, committed
We realize what we have done to the Earth
We realize what our Creator want from us
Though we fight against you, we will be thankful
Your name Corona has become a timeline of humanity

**ബിനോയ്**
5 A ഗവ. എൽ. പി. എസ്സ്.ആരൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# കൊറോണക്കാലം

മാർച്ചിൽ തുടങ്ങിയ ദുരന്തകാലം
നാട്ടിലാകെ കൊറോണക്കാലം
രോഗംപടരാതെ നോക്കുവാൻ
നാട്ടിലാകെ ലോക്ക്ഡൗണുമായി

കാഴ്ചകൾ കാണാൻ പുറത്തുപോണ്ട
കൂട്ടുകാരെ ഇപ്പോൾ കണ്ടിടേണ്ട
നമ്മുടെ ജീവനെ സംരക്ഷിക്കാൻ
മാസ്കു ധരിച്ചു പുറത്തു പോകാം

പോയി തിരികെ വരുന്ന നേരം
കൈകൾസോപ്പിട്ടു കഴുകിടേണം
ആപത്തുകാലത്തു സഹകരിച്ചിടൂ
നമ്മുടെ നാടിനെ സംരക്ഷിക്കാം

**വൈഗ ആർ**
2 B ഗവ :എൽ പി എസ് നെടുമങ്ങാട്
നെടുമങ്ങാട് ഉപജില്ല, തിരുവനന്തപുരം

# ഓട്ടൻ തുള്ളൽ കോവിഡ്-19

എന്നാൽ ഇനിയൊരു കഥയുര ചെയ്യാം
എന്നുടെ ഗുരുവരനരുളിയപോലെ
നമ്മുടെ നാട്ടിൽ ഭീതിവിതച്ചു
കോവിഡ് എന്നൊരു രോഗം വന്നു
നമ്മുടെ നാടതുമാത്രവുമല്ല
ലോകം മുഴുവൻ ഭീതിയിലായി
എങ്ങനെ നാമിതു അതിജീവിക്കും
കേട്ടോളൂ പ്രിയമുള്ളവരെ
വ്യക്തിശുചിത്വം പാലിച്ചീടിൻ
ശരിയായ് അകലം നോക്കിടുവിൻ
മാസ്ക് ധരിക്കൂ തുമ്മുമ്പോഴുംചീറ്റുമ്പോഴും
കൈകൾ നന്നായി സോപ്പിട്ടോളൂ
രോഗാണുക്കൾ ഓടിപ്പോകും
വാതിൽ അടക്കൂ വീട്ടിൽ ഇരിക്കൂ
മഹാവിപത്തിനെ തോൽപ്പിക്കാനായ്
നാരായണ ജയ നാരായണ ജയ
നാരായണ ജയ നാരായണ ജയ

**അദ്വൈത എസ്. പി**
3 B ഗവ. എൽ.പി.എസ് മാരായമുട്ടം
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# മടങ്ങുക പ്രകൃതിയിലേക്ക്

ലോകം മുഴുവൻ വ്യപിച്ചോരു
മഹാമാരിയെ കേട്ടോ നിങ്ങൾ
ചൈനയിൽ നിന്നും പടർന്ന മാരി
വമ്പന്മാരൊക്കെയും വീണ മാരി
വൈറസ് എന്നൊരു സൂക്ഷ്മാണു
കൊറോണയെന്നാണവന്റെ പേര്
കൈകൾ കഴുകീ മാസ്ക് ധരിച്ചു
എന്നിട്ടെന്താ കുറയാത്തേ
ലോക്ക് ഡൌൺ വന്നു
ഹോട്ട് സ്പോട്ട് വന്നൂ
എന്നിട്ടെന്താ കുറയാത്തേ
മനുഷ്യനും ശാസ്ത്രവും
പോരാടുന്നൊരു കാലത്ത്
മടങ്ങുക നമ്മൾ പ്രകൃതിയിലേക്ക്
മടങ്ങുക നമ്മൾ പ്രകൃതിയിലേക്ക്

**സവിൻ. എസ്.എസ്.**
4ബി ഗവ.എൽ.പി.എസ്. കൊല്ല
നെടുമങ്ങാട് ഉപജില്ല, തിരുവനന്തപുരം

# കൊറോണക്കാലം

കാറ്റു വന്നു ചൊല്ലുന്നു
പുക മണമില്ലാത്ത റോഡെങ്ങും.
കിളികൾ വന്നു ചൊല്ലുന്നു
പരിസരമെല്ലാം ശുചിയായി.
വനങ്ങളാർത്തു ചിരിക്കുന്നു
ശത്രുവിൻ കാലൊച്ചയില്ലെങ്ങും.
പക്ഷിമൃഗാദികളോതുന്നൂ
ഞങ്ങൾക്കെല്ലാം സ്വാതന്ത്ര്യം.
നീരുറവകൾ താളം തുള്ളുന്നു
പുതുജീവൻ വന്നു ഞങ്ങൾക്കും
കുട്ടികൾ പുഞ്ചിരി തൂകുന്നു
ഞാനിന്നേകനല്ലല്ലോ.
എല്ലാമെല്ലാം നന്നായി
നമ്മളെല്ലാം ഒന്നായി.

**ഷാൻആൽബർട്ട്**
2 B ഗവൺമെൻറ് എൽ.പി.എസ്. പുതുക്കുളങ്ങര
നെടുമങ്ങാട് ഉപജില്ല, തിരുവനന്തപുരം

# കൊറോണ

ഭയന്നിട്ടില്ല കൊറോണയെന്ന
ഭീകരൻ വൈറസിനെ
ചെറുത്ത് നിന്ന് തോൽപ്പിച്ചീടും
തുമ്മിടുന്ന നേരവും
ചുമച്ചിടുന്ന നേരവും
കൈകളാലോ തുണികളാലോ
മുഖം മറച്ചു നിൽക്കണം
ഇടയ്ക്കിടയ്ക്ക് സോപ്പു കൊണ്ട്
കൈകൾ നന്നായ് കഴുകണം
പൊതുസ്ഥലത്ത് കൂട്ടമായി
ഒത്തുചേരൽ നിറുത്തണം
രോഗമുള്ള സ്ഥലങ്ങളിൽ
പോയിടാതെ നോക്കണം
രോഗലക്ഷണത്തെ കാൺകിൽ
'ദിശ' യിൽ നാം വിളിക്കണം
ഭയന്നിടില്ല കൊറോണയെന്ന
ഭീകരൻ വൈറസിനെ
ബസ്സിലും മറ്റു വണ്ടിയിലോ
പൊതുസ്ഥലത്തു ചെല്ലുകില്ല
നമ്മളാൽ നമുക്കു തന്നെ
മറ്റൊരാൾക്കും വരുത്തുകില്ല
പരത്തുകില്ല പകർച്ചവ്യാധി
തുരത്തണം കൊറോണയെ.

ഒപ്പമുണ്ട് കേരളത്തിൽ
പൊതു ജനം മുഖ്യമന്ത്രിയും
ആരോഗ്യവകുപ്പുമൊപ്പം
പോലീസുമുണ്ട് സേവനം
നമ്മളതി ധൈര്യശാലികൾ
പ്രളയം വന്നു കാറ്റു വന്നു
മറ്റു പല ദുരന്തവും
ഇപ്പഴീ കൊറോണയും
അതിജീവിക്കുമീയവസ്ഥയെ
പുനർജ്ജനിക്കും കേരളം.

**ഫാദിഷ വി പി.**
ക്ലാസ് - 4, ഗവ.മാപ്പിള എൽ.പി.സ്ക്കൂൾ,ചാലാട്
പാപ്പിനിശ്ശേരി ഉപജില്ല, കണ്ണൂർ

# കൊറോണക്കാലം

നന്മയെ മറന്നൊരീയുലകത്തിനായ്
കാലം നൽകിയ വിധിയാണ് നീ കൊറോണ
വാളെടുത്താലവൻ വാളിനാലെന്നതും
കാണിച്ചുതന്നതും നീ വ്യാധിയേ

കൊലമാരിയായ് പെയ്തിറങ്ങി
മനുജനോയീ ദുരിതപ്പെയ്ത്തിനിരയായി മാറി
ഇനിയെത്ര കാതം തുഴയണം
നമ്മളീ ദുരിതത്തീക്കടൽ താണ്ടുവാനായി

അണയാത്ത കനലിന്റെ
അഴലൂതിക്കുഴയുന്നു
സപ്തഗിരി നിരകളും സാനുക്കളും
വസുധയോ തളരുന്നു തൻ
പ്രിയ കിടാങ്ങൾ തൻ ചുടലപ്പറമ്പായി തനു മുഴുവൻ

ലോകം നടുങ്ങുന്നു സൂക്ഷ്മാണു നിന്റെ
രൂക്ഷമാം വേട്ട തുടരുന്നു നീ
പൂജകളില്ല നമസ്കാരമില്ല
കുർബ്ബാനയില്ലാതെ ഈശ്വരന്മാർ
തുണയായി കരുണയായി ഒപ്പമുണ്ടല്ലോ
വെള്ളയുടുപ്പിട്ട മാലാഖമാർ

മനസ്സുകളൊന്നായ് കാക്കണം
നമ്മുടെ വസുധയെ,
ആപത്തിൽ രക്ഷകരാവുന്നവരത്രേ
ദേവകൾ, മറക്കില്ലൊരിക്കലും

കരുതലിൻ പുഞ്ചിരിത്തെല്ലോലും മുഖവുമായ്
അവിശ്രമം പോരാടും
നവയുഗ പോരാളികളെ.

**വന്ദന ഷിബു**
7 B ഗവ.യു .പി .സ്കൂൾ, തമ്പകച്ചുവട്
ചേർത്തല ഉപജില്ല, ആലപ്പുഴ

# സൂക്ഷിച്ചാൽ ദുഖിക്കേണ്ട

പരക്കെപരക്കുന്ന
വൈറസ്സു ചുറ്റും
പരക്കാതിരിക്കാൻ നമുക്കെന്തു ചെയ്യാം
കരം ശുദ്ധമാക്കാം, ശുചിത്വം വരിക്കാ -മിരിക്കാം നമുക്കിന്നു വീട്ടിൽ
സുഹൃത്തേ

പുറത്തേക്കു പോകേണ്ട ലാപ്ടോപ് തുറന്നാൽ
പുറം ജോലിയെല്ലാം യഥേഷ്ടം നടത്താം
പുറം ലോകമെല്ലാമതിൽ കണ്ടിരിയ്ക്കാം
മറക്കില്ല കൈ വൃത്തിയാക്കിടുവാനും

ഇടയ്ക്കെങ്കിലും വൃത്തിയാക്കു കരം താൻ
തൊടേണ്ട മുഖം മൂക്കുമക്കണ്ണു രണ്ടും
മടിയ്ക്കാതെയിമ്മട്ടു സൂക്ഷിക്കണം
തെല്ലിടയ്ക്കാകിലും നീ പുറത്തേയ്ക്കു പോയാൽ

**സന്മയ. എൽ**
1 B ഗവ. യു. പി. എസ് ., വെള്ളൂപ്പാറ, ചടയമംഗലം, കൊല്ലം
ചടയമംഗലം ഉപജില്ല, കൊല്ലം

# ഭൂമിയെ കുലുക്കിയ കൊറോണ

എന്തിനു വന്നു നീ , എന്തിനു വന്നു നീ
ഒരോരോ ജീവനെടുക്കുവാനോ
ഓരോ കണ്ണീര് കാണുവാനോ
ഓരോ മനസ്സും തകർക്കുവാനോ
എന്തിനു വന്നു നീ, എന്തിനു വന്നു നീ
ഭൂമിയേ വിറപ്പിച്ചു നിൽക്കുന്നു നീ
മനുഷ്യരെ ഭയത്താൽ മൂടിയില്ലേ
അതാ അങ്കണമുറ്റവും നടപ്പാതകളും
വിശാലമായി തീർത്തില്ലേ നീ
ഭൂമിയേ നിശബ്ദതയിൽ താഴ്ത്തിയല്ലോ
എന്തിനു വന്നു നീ, എന്തിനു വന്നു നീ
ലക്ഷത്തിലേറെ ജീവനെടുത്തു
എത്രയോ പേരിൽ കടന്നുകൂടി
ദൈവത്തിൻ സ്വന്തം നാടായ കേരളം...
ഒത്തൊരുമയുള്ള കേരളീയർ
പ്രളയത്തെ അതിജീവിച്ച കേരളീയർ
ഈ രോഗത്തിൽ നിന്നും വിമുക്തി നേടാൻ
ഈ രോഗത്തിൽ നിന്നും അതിജീവിക്കാം
കരുതലോടെ, അകലത്തോടെ
കഴിയാം, കഴിയാം ഈ ദിനങ്ങൾ

**കൃഷ്ണ സജി**
7 എ ഗവ. വി എച്ച് എസ് എസ് കളമശ്ശേരി
ആലുവ ഉപജില്ല, എറണാകുളം

# കരുതീടാം ഈ ലോകത്തെ

മുള്ളുകളുള്ളൊരു കുപ്പായത്താൽ
കാടും മേടും മലയും ചുറ്റി
പാഞ്ഞുവരുന്നൊരു മൊട്ടത്തലയൻ
കുഞ്ഞിവിരുതനെ അറിയാമോ?
സോപ്പും വെള്ളവും കണ്ടുകഴിഞ്ഞാൽ
ഓടിയോളിക്കും തിരുമാടി
ചൈന,ഇറ്റലി,ജർമനി,ഫ്രാൻസ്
അങ്ങനെയങ്ങനെ രാജ്യങ്ങൾ
വന്നുകഴിഞ്ഞു ഇന്ത്യയിലേക്കും
നാടും നഗരവും ഒരുപോലെ
വൃദ്ധനും കുട്ടിയുമൊരുപോലങ്ങനെ
ഇല്ലില്ലിവനീ ഭേദങ്ങൾ
പുള്ളിക്കാരനെ അറിയാമോ?
അവനാണത്രേ കൊറോണ
കരുതിയിരിക്കുക കരുതിയിരിക്കുക
നമ്മുടെ വീടിന്നകതാരിൽ
പാലിച്ചീടാം നിർദ്ദേശങ്ങൾ
കാത്തീടാമീ ലോകത്തെ.......

**പത്മ രതീഷ്**
6 A ജി. എച്ച്. എസ്. എസ് തോട്ടക്കോണം
പന്തളം ഉപജില്ല, പത്തനംതിട്ട

# ഇരുട്ട് മായുമ്പോൾ ...

ഇരുട്ട് മെല്ലെ മെല്ലെ
വെളിച്ചത്തെ വിഴുങ്ങുന്നു.
കൂട്ടിലേക്ക് തിടുക്കത്തിൽ
പറന്നകലുന്ന
കിളികൾക്ക് ഭയമാണ്:
ഉമ്മറത്തിണ്ണയിൽ
ജ്വലിക്കുന്ന വിളക്കുകൾ
നാളെയും പ്രകാശം ചൊരിയും,
നാമം ചൊല്ലുന്ന മുത്തശ്ശിയുടെ
പ്രാർത്ഥനകൾ
അനുഗ്രഹമായേക്കാം.
ചെടികളെ പുണരുന്ന
ഇളംകാറ്റ്
മനസ്സിനെ തണുപ്പിക്കുന്നു.
ആത്മവിശ്വാസത്തോടെ
സൂര്യൻ അസ്തമിക്കുന്നു.
പുതിയ പ്രഭാതത്തിൽ
ഉണരാൻ ഞാൻ കാത്തിരിക്കുന്നു.

**ദേവദത്ത് മനോജ്**
9 A ഗവ.എച്ച്.എസ്. കോഴഞ്ചേരി
കോഴഞ്ചേരി ഉപജില്ല, പത്തനംതിട്ട

# പാഠം ഒന്ന് ഒരുമ

ഒരുമയോടെ ഒന്നുചേർന്നൊ
രുമനസ്സായ് നിന്നിടാം
സ്നേഹമായ് ത്യാഗമായ്
നാടിനെതുണച്ചിടാം
കാവലായ് കരുതലോടെ
നാടിനെ കാത്തിടാം
ഒരുമയെന്ന പാഠവും
പഠിച്ചുനാമിതിനിടെ
കഴുത്തുമുങ്ങി നിന്നൊരാ
പ്രളയവും കഴിഞ്ഞുടൻ
വന്നു കോവിഡെന്ന മാരിയും
അതിഥികളില്ലിന്നാതിഥേയരും
മനുഷ്യനൊന്നെന്നാശയം
കൈവരിച്ചിടാം നമുക്കിനി
കോവിഡെന്ന മാരിയെ
പിടിച്ചുകെട്ടിടാം
നാടിനായ് നന്മയോടെ
നമ്മളൊന്നായ് മാറിടാം
ഒറ്റയടുപ്പിലൂടെയിന്നു ഭക്ഷണം
കൊടുത്തിടാം പട്ടിണിയകറ്റിടാം
മനുഷ്യനൊന്നായ് മാറിടാം
ഒരുമയോടെ ഒരുമനസ്സായ്
വീടിനുള്ളിലായിടാം
മുഖം മറച്ച് കൈ കഴുകി
കോവിഡെന്നൊരാഭീതിയെ
തകർത്തിടാംനമുക്കിനി
ഒരുമയെന്നൊരാശയം
പാടിവന്നപ്രളയവും
ഓർമ്മയായ് ഊർജ്ജമായ്
നമ്മളിൽ നിറഞ്ഞിടാം
ഒന്നു ചേർന്നു നിന്നിടാം
ഒരുമയോടെ പൊരുതിടാം
അകന്നു മാറി നിന്നിടാം
രോഗമുക്തി നേടിടാം

**വൃന്ദ എസ് മുട്ടത്ത്**
10 A ഗവ.എച്ച് എസ് എസ് കോന്നി,
കോന്നി ഉപജില്ല, പത്തനംതിട്ട

# നേട്ടങ്ങൾ

തെരുവിലൂടെ
നടക്കുമ്പോൾ
കണ്ണുകൾ
കുതറിയോടുന്നു

ആസക്തികൾ വരഞ്ഞുവെച്ച
ചുമർചിത്രങ്ങളിലേക്ക് ...

പുഴക്കരയിലൂടെ കുളിർക്കാറ്റേറ്റ്
സഞ്ചരിക്കുമ്പോൾ കണ്ണുകൾ,
തരളമായ ഏതോ
കാഴ്ചയുടെ കൊളുത്തലിന്
ദാഹിച്ച് വലയുന്നു -

ആൾക്കൂട്ടത്തിലേക്ക്
ഒലിച്ചുപോകുമ്പോൾ
ഏതൊരു കാഴ്ചയുടെ
വിഭ്രമങ്ങളിലേക്ക്
ആർത്തിപിടിച്ച തെരുവ്നായയെപ്പോലെ,
മനസ്സ്, പിന്തുടർന്ന് പോകുന്നു.

നോട്ടങ്ങൾക്ക് പിന്നിൽ
ചരട് വലിക്കുന്ന ഇച്ഛകളുടെ
ദു:സ്വാതന്ത്ര്യത്തിന്
വിലങ്ങിടാതെ വയ്യ !
കെട്ട കാഴ്ചയുടെ
ശവപ്പറമ്പിൽ
മേഞ്ഞുനടക്കുന്ന കൺവിളക്കുകളെ
കാക്കാതെ വയ്യ !

**ജസ്‌ല .പി**
10 A ഗവ.എച്ച്എസ്എസ് തലപ്പുഴ
മാനന്തവാടി ഉപജില്ല, വയനാട്

# കൊറോണയ്ക്കൊരു താക്കീത്

ഉലകമാകെ ഭീതിയിലാക്കി
ഞങ്ങടെ നാട്ടിലുമെത്തീനീ
പേടിക്കില്ല നിന്നെ ഞങ്ങൾ
കേരളമണ്ണിത് സൂക്ഷിച്ചോ
അതിജീവിച്ചു പ്രളയത്തെ
നിപ്പയെ ഞങ്ങൾ ഓടിച്ചു
വീട്ടിലിരുന്നു കണ്ണിമുറിച്ചു
പ്രതിരോധിക്കും കോവിഡേ
ഞങ്ങൾക്കുണ്ട് ഒത്തൊരുമ
ആതുര നിയമ പാലകരും
ജീവനെടുത്ത് കളിക്കല്ലേ
ജീവൻ വേണേലോടിക്കോ.

**മുഹമ്മദ് ഈസ. എസ്**
3 A, ഗവ: എൽ പി എസ് പാച്ചല്ലൂർ, തിരുവനന്തപുരം

# ജാഗ്രത

കൊറോണതൻ ഭീതിയിൽ ജനം പകച്ചു നിന്നു
ഈ പ്രപഞ്ചത്തെയാകെ വിഴുങ്ങും വ്യാധിയാണീ കൊറോണ
കോടിക്കണക്കിനു ജനങ്ങളെ ഭക്ഷിച്ച
ബാധയാണീ കൊറോണ
രാവേത്, പകലേതെന്നറിയാതെ ജീവിതം തെരുവിൽ പിടഞ്ഞുവീഴുന്നു
താങ്ങാവും കൈകളിൽ പോലും അവരറിയാതെ പറ്റിപ്പിടിക്കും
കൊറോണ
ജാതിയില്ല, മതമില്ലാ..
മനുഷ്യരെ ഭക്ഷിക്കും അണുവിന്
പരസ്പരം സ്നേഹത്താൽ കൈകോർക്കുമെങ്കിലോ അവർ പോലും
അറിയാതെ പകരും കൊറോണ
നമുക്ക് തടയാം സോപ്പാൽ നമ്മുടെ കൈകളെയെല്ലാം കഴുകാം
വീട്ടിലിരിക്കാം തുരത്താം കൊറോണയെ കൂട്ടരേ...

**ആകാശ് സജി**
6 ഗവ.എച്ച്.എസ്സ്.വീയപുരം
ഹരിപ്പാട് ഉപജില്ല, ആലപ്പുഴ

# പരിസ്ഥിതി

കാവും കുളങ്ങളും കായലോളങ്ങൾ തൻ
കാതിൽ ചിലമ്പുന്ന കാറ്റും
കാടുകൾക്കുള്ളിലെ സസ്യ വൈവിധ്യവും
ഭൂതകാലത്തിന്റെ സാക്ഷ്യം
അമ്മയാം വിശ്വപ്രകൃതി നമുക്കായ്
തന്ന സൗഭാഗ്യങ്ങളെല്ലാം
നന്ദിയില്ലാത്തവർ നമ്മൾ തിരസ്കരിച്ചല്ലോ
കാരിരുമ്പിന്റെ ഹൃദയങ്ങൾ എത്രയോ
കാവുകൾ വെട്ടിത്തെളിച്ചു
വള്ളികൾ ചുറ്റിപ്പിണഞ്ഞു പടർന്നൊരാ
വന്മരച്ചില്ലകൾ തോറും .
പൂത്തുനിന്നൊരു ഗതകാല സൗരഭ്യ
പൂരിത വർണ്ണ പുഷ്പങ്ങൾ
ഇന്നിനി ദുർലഭം

**ദേവിനന്ദന**
5 B ഗവ വി എച്ച് എസ് എസ് കൂടൽ
കോന്നി ഉപജില്ല, പത്തനംതിട്ട

# ആധിയുടെ കൊറോണക്കാലം

ശാന്തമാം നഗരത്തെ കണ്ടത്ഭുതപ്പെട്ടെന്നവണ്ണം
നിശ്ചലമാം മരത്തിന്റെ ശാഖയിൽ
തത്തിയിരിക്കുന്ന പച്ചപ്പന-
ങ്കിളിയോട്ചോദിച്ചു;
ആ ആൽമരം
എന്തുപറ്റിയീപാരിലീനഗര-
മീവണ്ണം ശാന്തമാകുവാൻ മാത്രം ?
ഫാക്ടറിതൻ കുഴലുകൾ
പുക വമിക്കുന്നില്ല.
എൻ തണൽ പങ്കിടാൻ മാനുഷരില്ല.
ദ്രുതവേഗത്തിൽപ്പായുന്ന വാഹനങ്ങളില്ല
താഴിട്ടു പൂട്ടിയ വാതിലുകൾ
നിശ്ചലമായിരിക്കുന്നു .
സ്കൂളുകളില്ല, കലാലയങ്ങളില്ല,
കൊച്ചുകുട്ടികൾതൻ കളകളാരവങ്ങളില്ല.
എന്തുപറ്റിയിപാരിലീനഗര-
മീവണ്ണം ശാന്തമാകുവാൻ മാത്രം ?
നാടാകെ ഭയന്നിരിക്കുന്നു,
പാരിലാകെ പടർന്നിരിക്കുന്നു,
കൊറോണയെന്നൊരു
വൈറസ്.
പകരാതിരിക്കാൻ,
പകർത്താതിരിക്കാൻ
മാനുഷരെല്ലാം വീട്ടിനുള്ളിൽ.
നാടും നഗരവും എല്ലാം ശാന്തം
മനുഷ്യമനസോ എന്നാൽ
അശാന്തം.
വൻ ശക്തികളെന്നു ഭാവിച്ചവർപോലും
വ്യാധിക്കുമുൻപിൽ
തകർന്നടിയുന്നു.
ഓഖിയും പ്രളയവും നിപയും

തരണംചെയ്ത കൊച്ചുകേരളം.
മാനുഷജന്മങ്ങൾ ഓർത്തു-
പെരുക്കുന്നു പോംവഴികൾ.
നിഴൽവീണ വഴികളിൽ
പ്രകാശം തെളിച്ചുകൊണ്ടാ-
രോഗ്യപ്രവർത്തകർ മുന്നേറുന്നു.
തുടിക്കും ഹൃദയം നിലയ്ക്കുംവരെ
പൊരുതാം ഏവർക്കും
കൊറോണക്കെതിരെയെന്നും
ഒത്തൊരുമയോടെ......

**ആര്യനന്ദ.കെ**
8 D ഗവ.വൊക്കേഷണൽ.എച്ച് .എസ്.എസ്.എടയന്നൂർ
മട്ടന്നൂർ ഉപജില്ല, കണ്ണൂർ

# ഓർമക്കാലം

കർണികാരങ്ങൾ പൂക്കുന്ന വേളയിൽ
തുള്ളിയാടുന്ന പൂക്കളെ പോലെ നാം
ഉറവവറ്റാത്ത പുഴകളിൽ നിന്നും
വെള്ളമൂറ്റുന്ന പേടമാൻ പോലവേ

തുള്ളിയുറയുന്ന കാറ്റിനെ തോൽപ്പിക്കും
പാറിപ്പറക്കുന്ന അപ്പൂപ്പൻ താടിപോൽ
ഓടിക്കളിക്കുന്നു മനതാരിലെപ്പോഴും
ഓർമകൾ മുട്ടി വിളിച്ചിടുന്നു

മോഹിച്ചതൊക്കെ നേടുവാനായി
നെട്ടോട്ടമോടുമ്പോൾ ഓർത്തീടുക
തിരികെ പിടിക്കാവതല്ല മനസ്സിൽ
ഓർമകൾ നെയ്യുമീ നല്ല നാളുകൾ

**അശ്വതി കൃഷ്ണ**
7 B, ഗവ യു പി എസ്സ് മഞ്ചവിളാകം
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# സുഖിനോ ഭവന്തു

മണലായ മണലെല്ലാം നാം ഊറ്റിയെടുത്തു
മണ്ണിട്ടു മൂടിയില്ലേ നാം നദികളായ നദികളെല്ലാം...
ശ്വാസം മുട്ടിച്ചും വെള്ളം വറ്റിച്ചും
മാലിന്യങ്ങൾ നാം ഒഴുക്കി വിട്ടില്ലേ...?
കുന്നും മലയും ഇടിച്ചു നിരത്തി,
മരങ്ങളായ മരങ്ങളെല്ലാം വെട്ടിമുറിച്ചും,
മണിമന്ദിരങ്ങൾ പണിതു തീർത്തില്ലേ നാം?
ചെറിയൊരു വീട്ടിലും പലതരം വാഹനങ്ങളാൽ
അന്തരീക്ഷം നാം മലിനമാക്കിയില്ലേ...?
കൂടെപ്പിറപ്പിന്റെ കണ്ണീരു കാണാൻ,
സമയമില്ലെന്നോതി ഓടിയില്ലേ നാം.
ജാതിമതത്തിൻ പേരു പറഞ്ഞു,
തമ്മിലടിച്ചതും കലഹിച്ചതും നാം കണ്ടതല്ലേ...?
രാഷ്ട്രീയത്തിൽ പോരടിച്ചു
രാഷ്ട്രധർമ്മവും നാം മറന്നില്ലേ...?
എവിടെയിന്നാ രാഷ്ട്രീയ വെറിയൻമാരും
തീവ്ര മത-വർഗ്ഗീയ ഭ്രാന്തൻമാരും?
നാം ചെയ്തു കൂട്ടിയ കർമ്മത്തിൻ ഫലം
നമുക്കു തന്നെ വിനയായി ഭവിച്ചില്ലേ...?
കൊറോണയെന്നൊരു കുഞ്ഞൻ ഭീകരൻ
എല്ലാം മാറ്റി മറിച്ചില്ലേ...?
ജാതിമത ചിന്തയേതുമില്ലാതെ, ഇന്നു
രാജ്യത്തിനായി നാമൊരു മെയ്യായി മാറിയില്ലേ..?
ഇനിയുള്ള കാലമിതൊരു പാഠമായ് കണ്ടു
രാജ്യത്തിനായി നമുക്കൊന്നിച്ചു നീങ്ങാം.
ലോകനൻമയ്ക്കായി നമുക്കൊന്നിച്ചു പ്രാർത്ഥിക്കാം,
ലോകാ സമസ്താ സുഖിനോ ഭവന്തു...

**നന്ദന പി.എസ്.**
5 എ ജി . എച്ച് . എസ് .എസ് വാളാട്
മാനന്തവാടി ഉപജില്ല, വയനാട്

# പ്രകൃതി

പ്രകൃതി നീ മനോഹരി
നിൻ മടിത്തട്ടിൽ ഞാനിരിക്കുമ്പോൾ
മന്ദമാരുതൻ പതിയെ തഴുകി
ഉറങ്ങീടുമ്പോൾ ആ നിദ്രയിൽ
ഞാൻ കാണുന്നു വെറുമൊരു
പാഴ്കിനാവായ് എൻ
മുത്തച്ഛൻ പറഞ്ഞ കഥ
എൻ മനതാരിൽ വന്നു
നിന്നുടെ ഓർമ്മകൾ
പച്ചക്കുട നിവർത്തി നിൽക്കും
വൃക്ഷലതാദികൾ
തുള്ളിച്ചാടി കളിച്ചു നടപ്പൂ
കതിരണി പാടവും വയലേലകളു നീലത്തടാകവും ആമ്പൽ
പൊയ്കയും
ഇനിയൊരു സ്വപ്നമല്ലാതെ
ഈ ധരണിയിൽ കാണാൻ കഴിയുമോ?
മാനുഷനുള്ള കാലം ...

**വൈഷ്ണവി.എസ്.ബി.**
3 A ഗവ.എൽ.പി .ജി.എസ്.എറിച്ചല്ലൂർ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# കൊറോണക്കാലം

കോറോണക്കാലത്ത്
വീട്ടിലിരുന്നാൽ
ബോറഡിയാണല്ലോ മുഖ്യം
തൊടിയിലേക്കൊട്ടൊന്നു
കണ്ണോടിക്കാൻ
മടിയുള്ള കൂട്ടരും വേറെ
വൈറ്റ് കോളർ ജോബിലിരിക്കുന്നവർ
മണ്ണിൽ പണിയുവാൻ ലജ്ജ
തൂമ്പയെടുത്തു കിളച്ചാൽ തീർന്നു
അയലാളർ കാണുമോ മോശം
സ്കൂളിന്റെ ഹെഡ്മാസ്റ്ററാണേ
ഞാനും
ചൂലെടുത്തീടാമോ 'ഹയ്യേ'
ചക്കക്കുരു പൊളിച്ചാലോ ഭാര്യ
മൂക്കത്ത് കൈവിരൽ വയ്ക്കും
ടി.വിക്കരുകിലോ ചെന്നാലയ്യോ
അമ്മതൻ കയ്യിൽ റിമോട്ട്
കൊച്ചു ടി.വി ; സീരിയലിന്നായി
വല്ല്യമ്മ മക്കൾ വഴക്ക്
ദൈവമേ നിന്റെ കടാക്ഷം എന്നും
ഞങ്ങളിൽ തൂകീട വേണം

**സായന്ദന കെ എസ്**
8 A ജി വി എച്ച് എസ് എസ് പുത്തൻചിറ
മാള ഉപജില്ല, തൃശ്ശൂർ

# ഈ സമയവും കടന്ന് പോകും

പുക കുറഞ്ഞതായി മരം
ഓക്സിജൻ ധാരാളമായെന്നു വായു
വിഷം ഒഴുകുന്നില്ലെന്ന് വെള്ളം
പുതു ജീവനെന്ന് മണ്ണ്
ചിരിച്ചു കൊണ്ടങ്ങനെ പ്രകൃതി
ആശങ്കയോടെ മനുഷ്യനും...
മനുഷ്യന്റെ മറുപടി
ഇതായിരുന്നു.....
ഒരു കാലവും
ഒരുപാട് കാലത്തേക്ക് ഇല്ല
ഈ സമയവും കടന്ന് പോകും

**ഫാത്തിമ്മ സഹന കെ.പി**
9 ജി.എച്ച്.എസ്. കരിപ്പോൾ
കുറ്റിപ്പുറം ഉപജില്ല, മലപ്പുറം

# കൊറോണ

രാവിലത്തെ ചായ കഴിഞ്ഞ്
ടി വി കണ്ടിരിക്കുമ്പോൾ അച്ഛൻ
ഉറക്കം തൂങ്ങാറുണ്ടെന്നും
അപ്പോൾ അമ്മ വന്ന് വിളിച്ചുണർത്തി
ചുടു ചായ കൊടുക്കുമെന്നും
ഇന്നലെ വന്ന കൊറോണയാണ്
കാട്ടിതന്നത്.
പറമ്പിൽ തൊട്ടാവാടി പൂക്കളുണ്ടെന്നും
അണ്ടിമാങ്ങ പഴുത്തുവീഴാറുണ്ടെന്നും
മുറ്റത്തെ മാവിൻതണലിൽ
പക്ഷികൾ കുശലം പറയാൻ വരുമെന്നും
നാലുമണിയുടെ വെയിലിൽ
കുട്ടികൾ കളിക്കാനായി പോകുമെന്നും
ഇന്നലെ വന്ന കൊറോണയാണ്
കാട്ടിതന്നത്.

**അർച്ചന കെ പി**
9ബി ജി എച്ച് എസ് കുറ്റ്യേരി
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ

# ഓർമക്കാലം

പ്രതീക്ഷയുടെ ശ്വാസങ്ങൾ
ഇന്നാദ്യമല്ല മുഖം മൂകബിംബം
സൂര്യ ശിലയായ് ജ്വലിച്ചിടാനാകാതെ
മൗനരാഗങ്ങൾ മൂളുന്നു...
മനം വിറകൊള്ളുന്നു...ഇന്നാദ്യമല്ല!

ചോദിപ്പാനായ് ജനനി കൺചിമ്മി
സൂര്യമിഴികളിൽ കൺകോർത്ത്
മൊഴികേൾക്കാൻ കാതോരമണഞ്ഞ്
മടിയിൽ തലചായ്ച്ച്മെല്ലെക്കരഞ്ഞ്....

മഹാമാരിയിൽ വെന്തുരുകുന്നൂ
തൻപ്രിയമക്കളെന്നുള്ളം പിടഞ്ഞൂ
അതിജീവനത്തിന്റെ ആത്മസംഘർഷങ്ങൾ
അലിവിന്റെ കനിവിന്റെ ആയിരം കൈയുകൾ.

സ്വജീവിതം ധന്യമാക്കാനൊരുങ്ങീ
അപരന്റെ നോവതിൽ സ്നേഹശുശ്രൂഷയായ്
മിന്നിനിൽക്കുന്നൊരാ മാലാഖമക്കളെൻ
തേങ്ങലിൽ താങ്ങായിമാറിയറിക നീ

ലോകമീ വേനലിലെരിയുമീവേളയിൽ
ഉയിർപ്പിൻ പ്രതീക്ഷകൾ എന്നിൽ നിറയുന്നു
സഹജീവനത്തിന്റെ സാന്ത്വനമറിയുന്നു
അതിജീവനം അകലയല്ലെന്നുമറിയുന്നു.

**ജെനീറ്റ ജോബി**
10 C ജി എസ് എച്ച് എസ് എസ് മേലഡൂർ
മാള ഉപജില്ല, തൃശ്ശൂർ

# കലിയടങ്ങാതെ

ചെറുതുകളെപഴിച്ചകറ്റിയ
മനുഷ്യാ നിനക്കിന്നൊരു
ചെറുതിനെ ഭയന്നല്ലോ
കുടുംബവാസം
ഏറെനാൾകൂടി തൻ സ്വന്തബന്ധങ്ങൾ
ഇണക്കുവാനഭ്യസിച്ചല്ലോ നീയും !
മാതാപിതാക്കൾതൻ പൊരുത്തക്കേടുകൾ
ചാലിച്ച് പൂശിയ ഭിത്തിമേൽ
ഒന്നുമറിയാത്ത കുഞ്ഞുമക്കൾ അന്നു
തറച്ചു കയറിയതും വിസ്മരിച്ചന്നു നീ
അന്നാലുഭിത്തിക്കുള്ളിലിന്നു നീ തീർക്കുന്നു
കുഞ്ഞുമക്കൾസ്വപ്നം കണ്ട
മറ്റൊരു ലോകം !
ആറിത്തണുത്ത ദാമ്പത്യം
കോറിവരച്ച മുറിവിലൂടൊഴുകുന്ന
കണ്ണുനീരിന് പരിഹാരമാണോ
അറിയില്ല .....
ഇപ്പെരും മെച്ചം കാറ്റിൽപറത്തി,
സർവ്വതും വെട്ടിപ്പിടിച്ചീ കൊറോണ
ഘോരമായ് തീവ്രമായ് മിന്നിയ വെളിച്ചം
പമ്മിപതുങ്ങി മിന്നിക്കെടുന്നു
ഇന്നറിയുന്നുനീ വിശപ്പിന്റെ വേദന
കൂട്ടിൽ കിടക്കുന്ന പക്ഷിതൻ യാതന
ഒരുപക്ഷേ, ഇതാകാം ഒടുക്കം,
ഇതാകാം തുടക്കം
കാലം കോറിവരച്ച മുറിപ്പാടുകൾക്ക്
നീ ഇട്ട പേര്, കലികാലം.......!


**ചൈതന്യ ടി.ആർ.**
12 Commerce B ജി.ജി.വി.എച്ച്.എസ്സ്.എസ്സ് ഇരിങ്ങാലക്കുട
ഇരിഞ്ഞാലക്കുട ഉപജില്ല, തൃശ്ശൂർ

# ലോക്ക്ഡൗൺ

ഏകമായ് മുഖം മൂടിക്കെട്ടി
വിജനമാം വീഥികൾ
ആരേയും കാണാതെ അലയുന്നു,
തെന്നലും
താഴെ വെയിൽപോലും മങ്ങി,
നരച്ചു.
താനെ ഒരു നിശബ്ദമാം മുറവിളി
'കൂട്ടിലടച്ച കിളികളും, കുപ്പിയിൽ -
മീനും - ചിരിക്കുന്നു.
തല താഴ്ത്തി ഞാനീ, വരാന്തയിൽ
ഇരിക്കുന്നു .
വാനിലുയരാൻ വിടാം ഞാൻ കിളികളെ
നീന്തിത്തുടിക്കാൻ കടലിലീ മീനിനെ .
ഒന്നിച്ചു പട്ടം പറത്താൻ കടൽക്കര
മാടി വിളിക്കുന്ന നേരം അറിഞ്ഞു ഞാൻ
തീരം തലോടുന്ന കാറ്റ് പറയുന്നു
നിയും നിലവിൽ തടവറയ്ക്കുള്ളിലായ്.

SEETHAL P S
10 E ജി.എച്ച്. എസ്.എസ്.ബളാന്തോട്
ഹോസ്ദുർഗ്ഗ് ഉപജില്ല
കാസർഗോഡ്

# തത്തയും ഞാനും



തത്തകൾ പത്തും പറന്നെത്തി
അത്തിമരത്തിൻ കൊമ്പത്ത്
അത്തിപ്പഴമതു തിന്നിട്ട്
തത്തകൾ പാറി വടക്കോട്ട്
പുത്തരിപ്പാടം നോക്കീട്ട്
തത്തകൾ പാറി തെക്കോട്ട്
നെല്ലിൻ കതിർ മുറിച്ചിട്ട്
തത്തകൾ പാറി കിഴക്കോട്ട്
ഒത്തൊരു മാവിൻ കൊമ്പത്ത്
ഒത്തു കളിച്ചു രസിച്ചിട്ട്
തത്തകൾ പാറി പടിഞ്ഞാട്ട്
വാക്കും കവിതയുമായിവിടെ,
ലോക്ക്ഡൗണായി ഞാൻ മാത്രം

**നിവേദ്യ.സി.**
7 എ ജി.എച്ച്.എസ്സ്.എസ്സ്.പെരിങ്ങോം
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# ഒളിച്ചോട്ടം

പരീക്ഷാഭൂതത്തിന്റെ
കൈപ്പിടിയിൽ നിന്ന്
രക്ഷപ്പെട്ട് ആഹ്ലാദിച്ചപ്പോൾ
ഭാവികാലമാണ്
'ഭൂത'കാലമെന്നു തിരിച്ചറിഞ്ഞു.
മതിലുചാടുന്ന ചവറുകൾ
ജന്മസ്ഥലത്ത് സമാധിയായി.
പാതി മുഖംമൂടിയണിഞ്ഞപ്പോൾ
തെറി തുപ്പുന്ന വായകൾക്ക്
പൂട്ട് വീണു.
മറിച്ചിട്ട കുപ്പായം പോലെയായ വീട്ടിൽ,
ഇഴയാൻ തുടങ്ങിയ ദിനങ്ങളെ
മൂകത റാഞ്ചി...
തൊടിവരമ്പത്തുനിന്ന്
അനാഥപ്പൂച്ച
കാലുകൊണ്ടുള്ള സർക്കസു നിർത്തി
കൊഞ്ഞനം കുത്തിയപ്പോഴും
അലമ്പൻ പട്ടികൾ
സഞ്ചാരവിസ്തൃതി കൂട്ടിയപ്പോഴും
'തലക്കനം' കുനിച്ചു നിർത്തി.
ഫ്രീക്കന്റെ മുടി പോലെ
പറമ്പ് നിറഞ്ഞിരുന്ന കാട്
തീൻമേശയിലെ സ്ഥിരം
അതിഥികളായപ്പോൾ
യുഗാന്തരങ്ങളിലേക്കുള്ള
ഒളിച്ചോട്ടം
തട്ടാതെ മുട്ടാതെയായി..
ലോകം
പാളം മാറിയോടുന്ന തീവണ്ടി പോലെ
പാഞ്ഞുകൊണ്ടേയിരിക്കുന്നു..

**ആര്യനന്ദ.കെ**
10 C ജി.എച്ച്.എസ്. ബാര
ബേക്കൽ ഉപജില്ല, കാസർഗോഡ്

# നിലച്ചുപോയ അവധിക്കാലം

കാലടിപ്പാടുകൾ വറ്റിയ വഴിയിൽ
ഇടക്കിടെ വരണ്ടകൺകളാൽ പരതി
പൂമുഖത്തിരുന്നു,ഞാൻ -
ലോകം അടച്ചുപൂട്ടിയ താക്കോലെങ്ങാനും കണ്ടുകിട്ടുമോ!?
മുറ്റത്തെ കിണറും തൊടിയിലെ കുളവും
അകലെ ചാലിയാറിന്റെ ചുടുനിശ്വാസവും എന്നെ പരിഹസിച്ചു:
"നീയും അനുഭവിക്ക് വറ്റിവരളലിന്റെ വേദന."

മതിൽക്കെട്ടിനപ്പുറത്തുള്ള പൂത്തുനിൽക്കുന്ന
കണിക്കൊന്നയ്ക്ക് മരണത്തിന്റെ നിറമാണെന്ന് എനിക്കുതോന്നി.
കൂട്ടിലകപ്പെട്ട പക്ഷിയെപ്പോലെ
ഞാനിന്ന് വിതുമ്പുകയാണ്.
കൂട്ടുകാരില്ല,വിരുന്നുകാരില്ല-പെൻസിലും നിറക്കൂട്ടുകളുമായി
ഞാൻ ചിലനേരങ്ങളിൽ ഇണങ്ങുകയും പിണങ്ങുകയും ചെയ്യുന്നു.

ചില്ലുകൂട്ടിനകത്തെ എന്റെ കുഞ്ഞുമത്സ്യങ്ങളെ ചിലപ്പോഴൊക്കെ
ലാളിച്ചു.
മക്കളും കൊച്ചുമക്കളുമായി അകത്തെ മൂലകളിൽ
പല്ലികൾ രഹസ്യം പറയുന്നു.
ഇടക്കിടക്ക് അലമാരയിൽനിന്ന് പുസ്തകങ്ങൾ
എന്നെ മാടിവിളിച്ചു.
ബഷീറും എം.ടി.യും ബെന്യാമിനും എനിക്ക് കഥകൾ പറഞ്ഞുതന്നു.
"വീട് ഒരു സ്വർഗ്ഗമാണ്!"
വൈകുന്നേരങ്ങളിൽ വിളക്കുവെച്ചു ഞാൻ പ്രാർഥിക്കും-
"ദൈവമേ,ഈ ലോകത്തെ രക്ഷിക്കണേ."

**ശിവാനിമിത്ര പി.കെ.**
6 C ജി.എച്ച്.എസ്.എസ്. തിരുവാലി
വണ്ടൂർ ഉപജില്ല, മലപ്പുറം

# ഒരു കുഞ്ഞുനോവ്

എന്റെ ചിറകുകൾ തളരുകയായി....
വേനലവധി മറക്കുകയായി.
ഒളിച്ചാം പൊത്തില്ല
കൊത്തം കല്ലില്ല
കൊച്ചമ്മാടിക്കളിയുമില്ല
ആരെയും കാണാതെ
കൂട്ടുകൂടാതെ
വാതിലടച്ചകത്തിരുന്നീടവേ
കൂട്ടിലടച്ച കിളിയെ നിനച്ചുഞാൻ..

**നിരഞ്ജന സന്തോഷ്**
VI ഡി ജി എച്ച് എസ് എസ് മാതമംഗലം
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# അവധിക്കാലം

അവധിക്കാലം വന്നണയുന്നു
കുട്ടികളാർപ്പുവിളിക്കുന്നു
മാവിൻചോടും ആമ്പൽക്കുളവും
നമ്മെ മാടി വിളിക്കുന്നു
എങ്കിലുമെന്തേ കുട്ടികൾ നമ്മൾ
വീട്ടിൽത്തന്നെയിരിക്കുന്നു
പുറത്തിറങ്ങാതാരും തന്നെ
കരുതലോടെയിരിക്കുന്നു
പ്രപഞ്ചഭീകരമഹാമാരി
മനുഷ്യമനസ്സു മഥിക്കുന്നു
തിരിച്ചറിയുക കൂട്ടരേ നാം
ജാഗ്രതയോടെയിരുന്നോളൂ
പുതിയ വസന്തം വന്നണയുമ്പോൾ
ആഘോഷത്താലാറാടാം .... .

**ശ്രീനന്ദ് എ**
4 B ജി എച്ച് എസ് എസ് പ്രാപ്പൊയിൽ
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# എങ്ങുപോയി ?

കൊന്നപൂക്കുമോരീക്കാലം
കൺമറഞ്ഞോരനുഭൂതി
വേനലവധി എങ്ങുപോയി
ചുറ്റും ഒരശാന്തി മാത്രം
എല്ലാം മാറിയകലുന്നു
കൈയെത്താദൂരത്തോളം
എല്ലാരും ഭയക്കുന്നു ;ആരെയോ,
എന്തിനെയോയെന്നറിയാതെ
എതോ ഇരുണ്ട വെട്ടം
എല്ലാം മൂടി പുതയ്ക്കുന്നു
ഒരു നീറലെൻ മനസ്സിൽ
ഒരു ഭയമെൻ മനസ്സിൽ
വിഷുവെങ്ങുപോയി
വിഷുപ്പക്ഷിയും...
എങ്ങുപോയി എങ്ങുപോയി
എൻ വാക്കുകളും
എങ്ങുപോയി

**മീര എം**
9 ജി എച്ച് എസ് എസ് എരിമയൂർ
ആലത്തൂർ ഉപജില്ല, പാലക്കാട്

# തിരിച്ചറിവുകൾ

ഇന്നത്തെ പകലുകൾ
കാത്തിരിപ്പുകളാണ്
തിരക്കിൻ വിഷപ്പുക
വലിച്ചു കയറ്റിയ ഞാൻ
ഇന്നാണ് ശരിക്കും നിശ്വസിക്കുന്നത്.
ആളൊഴിഞ്ഞ വഴിയോരങ്ങളിൽ
ഞാനെന്നാത്മാവിനെ
തിരയുകയാണ്.
സന്ധ്യകളിൽ
ആർദ്രമായൊരുൾക്കാഴ്ച
തിരയുകയാണ്
വെയിലിൽ സമൃദ്ധിയുടെ
കണിക്കൊന്നകൾ
തിരയുകയാണ്
മഴയിൽ
തകർത്തു പെയ്ത ഓർമ്മകളെ
തിരയുകയാണ്
ഉള്ളുലയ്ക്കുന്ന ഭീതിയും
ദയാവായ്പും
മാനവികതയുടെ താങ്ങും
ഞാനിന്നു തിരിച്ചറിയുകയാണ്
ഇന്നത്തെ പകലുകൾ
വെളിപാടുകളാണ്.

**അജ്മി നൗഷാദ്**
9 ഇ ഗവ.എച്ച് .എസ് .എസ്. പുനലൂർ
പുനലൂർ ഉപജില്ല, കൊല്ലം

# കോവിഡ് ചിന്തകൾ

അകലത്തിരിക്കാം
അടുത്തിടാൻ
ആനന്ദചിത്തരായ്-
തീർന്നിടാൻ

ആരോഗ്യശീലങ്ങളിപ്പോൾ
വളർത്തിടാം
അമ്മക്ക് വേണ്ടി സഹായങ്ങൾ
ചെയ്തിടാം

കൈകൾ കഴുകീടാം
മാസ്ക് ധരിച്ചിടാം
നിത്യവും വൃത്തിയായ് വസ്ത്രം
ധരിച്ചിടാം

കഥകൾ പറഞ്ഞിടാം
പാട്ടുകൾ പാടിടാം
ഓടിക്കളിച്ചിടാം
ചിത്രം വരച്ചിടാം

പുസ്തകക്കൂട്ടുകാർ-
ക്കൊപ്പം നടന്നിടാം
അക്ഷരലോകത്തെ
യദ്ഭുതം കണ്ടിടാം

ചിന്തയിൽ കൈയുകൾ
കോർക്കാം....
കാണാതെ മനസ്സുകൾ
ചേർക്കാം......
നല്ലൊരു നാളെയെ
സ്വപ്നവും കണ്ടിട്ടു
ശാന്തരായ് വീട്ടിലിരിക്കാം



**കൃഷ്ണപ്രകാശ്**
9 C, വിമലഹൃദയ ജി.എച്ച്.എസ്.എസ് കൊല്ലം

**ശ്രീപൗർണമി ജീ നമ്പൂതിരി**
7 എ മഹാത്മാഗാന്ധി ഗവ:ഹയ്യർസെക്കന്ററിസ്കൂൾ പാല
പാല ഉപജില്ല, കോട്ടയം

# വാശി

എനിക്കുള്ളത് ചവച്ചു തുപ്പിയ ആകാശം മാത്രമാണെന്ന്
ഇന്നലെകളിലെ അസ്തമനങ്ങൾ ഉറക്കെ വിളിച്ചു പറഞ്ഞപ്പോഴും....
എന്റെ സ്വപ്നങ്ങൾ വെറും
ഒരുപിടി ചാരമാണെന്ന് കാലം പറഞ്ഞു തന്നപ്പോഴും....
മനസ്സിൽ കനത്തു കിടന്ന വേദനകൾ അഭിനയമാണെന്ന് സൗഹൃദം
ചൂണ്ടിക്കാണിച്ചപ്പോഴും..... വാശിയായിരുന്നു....
എനിക്കുള്ള ആകാശത്തിൽ ഇരു ചിറകുകളും നിവർത്തി പറക്കാൻ....
ഒരു പിടി നിറങ്ങൾ ചാലിച്ച്
സ്വപ്നങ്ങൾക്കു
മോടി കൂട്ടാൻ
കാലത്തിന്റെ വേദിയിൽ
എന്റെ സ്വപ്നങ്ങളെ
മണമുള്ള കസ്തൂരിയാക്കി
മാറ്റാനുള്ള വാശി.....

**ശ്രീലക്ഷ്മി എസ്**
10 A ജി.എച്ച്.എസ്.എസ് പെരിങ്ങോട്ടുകുറിശ്ശി
കുഴൽമന്ദം ഉപജില്ല, പാലക്കാട്

# ഈ കവിതയ്ക്കു പേരില്ല

എനിക്കൊരാശ
എല്ലാ ദ്രോഹവും സഹിച്ച്
മാലിന്യക്കുളത്തിൽ മുങ്ങി
മരണവെപ്രാളത്തിൽചുങ്ങിചുളുങ്ങിയ
ഭൂമിയെ നേരിൽക്കാണാൻ
സർവംസഹയായ അവൾക്ക്
അന്ത്യശുശ്രൂഷ ചെയ്യാൻ
ബന്ധുക്കളെ അവസാനമായിക്കാണാൻ
എൻെറ മങ്ങിയകണ്ണട കൊടുക്കാൻ
അവളുടെ ജഡത്തിനെ
വെള്ളപുതപ്പിച്ച് ഒന്നേങ്ങിക്കരയാൻ.

**അർച്ചന എം**
9 B ജി.ജി.എച്ച്.എസ്.എസ്.ആലത്തൂർ
ആലത്തൂർ ഉപജില്ല, പാലക്കാട്

# കൊറോണ -കൊറോണ

വിളിക്കാതെ നാട്ടിലേക്ക്
കേറി വന്ന അതിഥി
കൊറോണ -
സ്കൂളടച്ചു ,ഇനി
ആർത്തുല്ലസിക്കാം
എന്ന് വിചാരിച്ചു
ഉമ്മ പറഞ്ഞു ,ഇറങ്ങരുത് '
നാട്ടിലെങ്ങും കൊറോണയാ -
ഉമ്മ കാണാതെ പുറത്തിറങ്ങി
കൂട്ടുകാരിയെ തേടിച്ചെന്നു
അയൽവാസിയും പറഞ്ഞു
കൊറോണയാ - കൂട്ടുകൂടി കളിക്കേണ്ട
കുളി കഴിഞ്ഞു വീട്ടിലെത്തി
ഉടുപ്പു മാറി
പിന്നിയ ഉടുപ്പ് കണ്ടപ്പോൾ
പുതിയതൊന്ന് വാങ്ങാൻ പറഞ്ഞപ്പോൾ
ഉപ്പ പറഞ്ഞു .കൊറോണ -
കടകളെല്ലാം ലോക്ക്ഡൗണെന്ന്
അവസാനം ഉമ്മവീട്ടിൽ
വിരുന്നുപോണമെന്നു പറഞ്ഞപ്പോൾ
ഉമ്മയുടെ ചുണ്ടിൽ നിന്ന് വന്ന വാക്കും
കൊറോണ - വണ്ടികൾ ഓടുന്നില്ല'
എല്ലാം കേട്ടപ്പോൾ ഞാനും പറഞ്ഞു
കൊറോണ -കൊറോണ
സർവത്ര കൊറോണ ...

**അൽമാസ് ജഹാൻ .പി**
2 A ജി .എൽ .പി .സ്കൂൾ .കാവനൂർ .
അരീക്കോട് ഉപജില്ല, മലപ്പുറം

# THE MUTED REQUIEM

He started off from a
deep sleep in her womb.
Listened to her lullabies
as the days got veiled.

She lulled unceasingly
as he travelled along
the seemingly endless road,
unaware of the impending doom.

He started composing
a requiem for her.
Perhaps in return for the
sweet lullaby she gifted.

Nevertheless, she forgave him.
Still he never repented,
but went on performing
his unforgivable sins.

He ceased not.
Just kept on singing.
But it got muted
as her lullaby
turned into a requiem.

**തീർത്ഥ**
12 A ജി.ജി.എം.ജി.എച്ച്.എസ്സ്.എസ്സ്. ചാലപ്പുറം
കോഴിക്കോട് സിറ്റി ഉപജില്ല, കോഴിക്കോട്

# ജാഗ്രത

കൈകൾ കഴുകുവിൻ കൈകൾ കഴുകുവിൻ,
കൈകൾ കഴുകുവിൻ കൂട്ടരേ നാം.

കൈലേസെടുത്തു മറച്ചു കൊള്ളീടുവിൻ,
തുമ്മലിൻ ചീറ്റലിൻ തുള്ളികളെ.

കൈകൾ ചേർക്കാതെ അകന്നു നിന്നീടിടാം,
സൗഹൃദത്തേനൊട്ടും ചോർന്നിടാതെ.

വ്യാധിയാം വ്യാളിയെ രോധിച്ചിടാമെന്നും,
വ്യാജമല്ലോർക്കുവിൻ തോഴരേ നാം.

പേടിക്കവേണ്ട യാതൊന്നിനെയും നമ്മൾ,
ജാഗ്രവത്തായി പൊരുതിടുമ്പോൾ.

ഏതു കൊറോണയുമില്ലാതായ്പ്പോയിടും,
ഓണമായ്ത്തീരും വരും നാളുകൾ.

**കാർത്തിക എസ് നാഥ്**
10 A ഡി.കൃഷ്ണൻ പോറ്റി മെമ്മോറിയൽ ഹൈസ് കൂൾ
കൊട്ടാരക്കര ഉപജില്ല, കൊല്ലം

# പൊട്ടിക്കാം നമുക്ക് ആ ചങ്ങലയെ

വിശ്വം ജയിച്ച മഹാമാരിയെ
ചെറുക്കുന്നു കൊച്ചു കേരളം
നയിക്കുന്നു നാടിൻ സാരഥികൾ
നേർവഴിക്കു നമ്മളെ
അനുസരിക്കാം അകന്നു നിൽക്കാം
സർക്കാർ നിയമം പാലിക്കാം
വിരുന്ന് പോകാതിരിക്കാം നമുക്ക്
വിലക്കിടാമതിഥികളെയും
ഇടയ്ക്കിടക്ക് കൈകൾ കഴുകാം
തൊടാതിരിക്കാം കണ്ണും മൂക്കും
അന്യരായി തന്നെ നിർത്തിടേണം
പരദേശികളാം ഉറ്റവരെ
ഒറ്റക്കെട്ടായ് തീരുമാനിക്കാം
ഒരു നല്ല നാളേക്കായ്
പരിശ്രമിക്കുന്നു ഗ്രാമപ്പഞ്ചായത്തും
ആരോഗ്യ വിഭാഗവും പോലീസ് സേനയും
നമിച്ചിടാം നമുക്കവരെ
നാടിൻ കാവലാളുകളെ...

**വൈഗ കെ**
6 D ഡി.ജി.എച്ച്. എസ്.എസ്. താനൂർ
താനൂർ ഉപജില്ല, മലപ്പുറം

# അകലെയാണോ വെളിച്ചം

ഇരുളാണ് ചുറ്റിലും കോവിഡ്... കരിനിഴൽ
മഹാന്ധകാരം വിഴുങ്ങുന്നു ഭൂമിയെ
എവിടെ പ്രകാശമിന്നാശയറ്റലയുമ്പോൾ
എങ്ങാൻ ഒരു തരി വെട്ടം തിളങ്ങിയോ

പിടയുന്നു ജീവൻ തെരുവോരങ്ങളിൽ
ശവപ്പറമ്പായിമാറി വൻ നഗരങ്ങളും
മരണം വിളിക്കുന്നു ഉണരുവിൻ കൂട്ടരേ
തൊട്ടടുത്തെങ്ങാനൊരു തേങ്ങലുയരുന്നോ

കൊടികുത്തിവാണൊരാ ഭൂലോകരാജ്ഞിയും
ചെറ്റപ്പുരക്കലെ അടിയാളൻ കോരനും
ഒരുമിച്ചു വീഴുന്നു രോഗക്കിടക്കയിൽ

ആരോരുമില്ലാതെ മായുന്നു മണ്ണിലേക്ക്

ഇതു മഹാവ്യാധിയോ ലോകാവസാനമോ
ചൈന തൊടുത്തൊരാ ജൈവാസ്ത്രമാരിയോ
വിഷണ്ണനായി നിൽക്കുന്നു വമ്പനാം ട്രംപും

സ്തംഭിച്ചു നിൽക്കുന്നു യൂറോപ്യൻ യൂണിയനും

ഇരുളാണ് ചുറ്റിലും കോവിഡ് കരിനിഴൽ
മഹാന്ധകാരം വിഴുങ്ങുന്നു ഭൂമിയെ
ഇതു കാലമേറ്റിയൊരു കാവ്യനീതി, ഇവിടെ
എല്ലാരുമൊന്നെന്നു ശാന്തിപാഠം

ചിറകറ്റു വീഴുന്നു സ്വപ്നങ്ങൾ, പിന്നാലെ
ഗതികിട്ടാതലയുന്നു ജാതികൾ മൂർത്തികൾ
ആരോരുമില്ലെന്ന്, ദൈവങ്ങൾ
ആശ്രയമറ്റെന്ന് പൂജാരി സ്വാമികൾ

മരണമെത്തുമ്പോഴെങ്കിലും നാടണഞ്ഞീടുവാൻ
കെട്ടിയ പെണ്ണിനെ ചേർത്തുപിടിക്കുവാൻ
അലിവോടെ മക്കൾക്ക് മുത്തം കൊടുക്കുവാൻ
ഓരോ പ്രവാസിയും നെഞ്ചുരുക്കീടുന്നു

അമ്മ കരയുന്നു മക്കളെ വന്നിടൂ...
പെറ്റവയറാണ്....... കാണണം നിങ്ങളെ....
എവിടെ പ്രകാശം, ഇന്നാശയറ്റലയുമ്പോൾ
എങ്ങാൻ ഒരു തരി വെട്ടം തിളങ്ങിയോ......

കണ്ണിൽ പ്രകാശവും കൈയിൽ സിറിഞ്ചുമായി
മണ്ണിലെ മാലാഖ കാത്തിരിക്കെ
ഇക്കാലവും നാം കടന്നുപോകും
നല്ലൊരു നാളെയിൽ നാമെത്തിടും

**കൃഷ്ണേന്ദു എസ്**
8 D ഡി.വി.വിഎച്ച്.എസ്സ്. എസ്സ്.തലവൂർ
കുളക്കട ഉപജില്ല, കൊല്ലം

# സഞ്ചാരി

കുഞ്ഞാശാനേ, കൊറോണയേ
നിനക്കുണ്ടല്ലോ മറ്റൊരു വിളിപ്പേര്
കോവിഡ് 19 എന്ന സ്റ്റൈലൻ പേര്
നിനക്കുണ്ടോ കണ്ണുകൾ?
നിനക്കുണ്ടോ കൈകളും കാലുകളും?
എങ്കിലും നീ എവിടെയൊക്കെപ്പോയി
ഈ ലോകമാകെ നീ വ്യാപിച്ചില്ലേ
ഇവിടെമാകെ കണ്ടുകഴിഞ്ഞെങ്കിൽ
സ്ഥലം വിട്ട് പോയ്ക്കൂടെ
മഹാമാരിയേ കൊറോണയേ

**ഹെലന പി.എസ്**
2 എ ബി.വി.എച്ച്.എസ്.എസ്.നായരമ്പലം
വൈപ്പിൻ ഉപജില്ല, എറണാകുളം

# മഹാമാരിയായ വൈറസ്

എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും
കേൾക്കുന്നതെല്ലാം കൊറോണ മാത്രം.
ചൈനയിൽ നിന്നും പുറപ്പെട്ട രോഗം
ലോകം മുഴുവനും കൈയടക്കി.
ലോക മഹാമാരി,യെത്തുരത്താൻ
ഒന്നായ് ചേരാം അകന്നു നിന്ന്
നമുക്കൊത്തുചേരാം അകന്നു നിന്ന്
കൈകോർത്തിടാതെ ഒത്തു ചേരാം.
ശുചിയാക്കണം നാം ശുചിയാക്കണം
വീടും പരിസരോം ശുചിയാക്കണം
വ്യക്തി ശുചിത്വം പാലിക്കണം.
ജാതി മത ഭേദമന്യേ
ഒത്തുചേരാം നമുക്കൊത്തുചേരാം
പൊരുതണം നമ്മൾ പൊരുതിടേണം
ലോക മഹാമാരിയെത്തുരത്താൻ
ആശങ്ക വേണ്ട ജാഗ്രത വേണം
ലോകമഹാമാരിയെത്തുരത്താൻ
സന്ദർശനങ്ങളും സമ്പർക്കവും
ഒഴിവാക്കിയാലേ നിവൃത്തിയുള്ളു .
ജാഗ്രതയോടെ നാം മുന്നേറുക
നാടിനു വേണ്ടി നാം മുന്നേറുക

**അനുരഞ്ച് . എൻ**
5 B തേലമ്പ്ര യു.പി സ്കൂൾ
മട്ടന്നൂർ ഉപജില്ല, കണ്ണൂർ

# കൊറോണയും ശത്രുക്കളും

കൊറോണ എന്നൊരു ജാതി
അങ്ങ് ശീമേന്നു വന്നൊരു മാരി
കോയി റോഡ് പർ നാ നികലേ
എന്നു മോദിജിയും ചൊല്ലി

ലോക്ഡൗൺ എന്നൊരു കാലം
അങ്ങു നീണ്ടു കിടന്നോരു കാലം
ശരീരദൂരം പാലിക്കണ
മെന്നേവരും ഓതിയ കാലം

ഹാൻഡ്‌വാഷ് എന്നൊരു ജോലി
ത്രില്ലിൽ ചെയ്യും ജോലി
ബ്രേക്ക് ദി ചെയിനെന്നായിരമായിരം
നാവുകളേറ്റതു പാടി

ക്വാറന്റൈൻ എന്നൊരു വാക്ക്
വിരുന്നുകാർക്കൊരു നോവ്
മുറിയിൽത്തന്നെ ചടഞ്ഞു
കൂടാൻ മേലാളന്മാരോതി

സ്റ്റേ ഹോം എന്നൊരു ആജ്ഞ
കൂടെ സ്റ്റേ സേഫ് എന്നും ചൊല്ലി
വീട്ടിലിരുന്നും തിന്നുമടുത്തും വീർത്തു
തടിച്ചങ്ങു സേഫായി

ഫേസ് മാസ്ക് എന്നൊരു ശീല
കൂടെ സാനിറ്റൈസർ ഗന്ധം
വായും മൂക്കും പൊത്തിനടക്കും
മാന്യന്മാർ അതികേമർ

പോലീസെന്നൊരു ധീരൻ
പോരാ റോഡ് ഭരിക്കും കേമൻ
സാമം ദാനം ഭേദം ദണ്ഡം
ഒന്നൊന്നായവർ നോക്കും

ആരോഗ്യ മേഖല ഒന്നാകെ
ഒറ്റക്കെട്ടായ് നിന്നിട്ടോ
കേരള മോഡൽ സീനാക്കി
ലോകം മുഴുവൻ സീനാക്കി.

**ജയലക്ഷ്മി**
5 B നടുവട്ടം വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, പള്ളിപ്പാട്
ഹരിപ്പാട് ഉപജില്ല, ആലപ്പുഴ

# പ്രതീക്ഷ

ഇന്നീ പ്രഭാതത്തിൻ കാഴ്ചയോ ഭയാനകം
ആൾക്കൂട്ടമിരമ്പുമീ നഗരവീഥിയി -
ന്നേകാന്തമായി ശേഷിക്കവേ ..
ചുറ്റും നിശബ്ദതയുടെ നിഴൽ മാത്രം
എൻ മിഴികൾക്കു മണ്ണിലൂടകലുമീ മുഖമാകെ
ഭയത്തിൻ കനൽകാറ്റായി വീശവേ ...
ചുറ്റും ഇരുൾ മൂടാൻ നാഴികകൾ മാത്രം

ഇന്നീ ശീതക്കാറ്റിനോ ദുർമരണത്തിൻ ഗന്ധം
പകൽവെളിച്ചമോ ഭയത്തിൻ നിഴലുകൾ
നിശബ്ദമാം നിഴൽപോലും അശാന്തിതൻ കനലുകൾ
വിരസമാം അന്ധകാരത്തിനോ
നിസംഗതയുടെ നിഴൽവെട്ടം

ഭീതിതൻ അശാന്തി നിഴലിക്കവേ
പോയകാലത്തിൻ അടയാളം ഈ വിപത്ത്
പുതുയുഗത്തിൻ ചെയ്തികളി -
ന്നിതാ കനലായെരിയുന്ന വേളയായി.

കോറോണയാം മഹാമാരി ലോകം വിഴുങ്ങവേ ..
അതിജീവനത്തിൻ അതിർവരമ്പിലേക്കായി
മനുഷ്യരീ പാരാകെ അലറിപ്പായവേ
സ്വജീവനവഗണിച്ചപരജീവനായ് പൊരുതു -
ന്നിതാ തെരുവിലനേകം സുമനസ്സുകൾ
ഇവിടെ കണ്ടില്ല ഞാനൊരു ജാതിയും മതവും
കാണുന്നതോ മനുഷ്യവർഗത്തെ മാത്രം
ഒരുമിച്ചൊരു മെയ്യായി പോരാടുന്നു നാളേക്കായി ...

അലസതയുടെ കാണാച്ചരടിൽ കാലമിഴയവേ
ചിന്തകളുടെ കാണാവലയിൽ കുരുങ്ങാതെ
കരൾ തളരാതെ നീറിപ്പുകയാതെ
സാന്ത്വനത്തിൻ നൗകയായി സൗമ്യമായി നീങ്ങിടാം
സൃഷ്ടിയിൽ വിശിഷ്ടരാം മാനവരല്ലോ നാം
കനിവിൻ കരൾ പേറി ഇരുളിൻ പടം നീക്കാം
പ്രതീക്ഷതൻ കൂടൊരുക്കാം നാളേക്കായി ...

**ദേവനന്ദ ആർ ജെ**
12 നവഭാരത് എച്ച് എസ് എസ്
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# ലോകമഹായുദ്ധം

നിശബ്ദത തെരുവുകൾ -
കാണാൻ പ്രയാസമില്ലേ?
ഒഴിഞ്ഞ ചന്തകളും
ശൂന്യമായ നഗരങ്ങളും
തിരക്കേറിയ ശ്മശാനങ്ങളെ
കാണുന്നത് സങ്കടകരമല്ലയോ?
ഈ ലോകമഹായുദ്ധത്തിലെ
സൈനികരാം ഡോക്ടർമാർ
പ്രയത്നിക്കുന്നതെല്ലാം
നമുക്കു വേണ്ടി
പ്രകൃതി ഇതിനെല്ലാം നിഷ്പക്ഷ
സാക്ഷ്യം വഹിക്കുന്നു
ഒരു നീണ്ട രാത്രി പോയാൽ
ഒരു ദിനം വരും
സൂര്യൻ പ്രകാശിക്കുമ്പോൾ
ഇരുട്ടോ നീങ്ങിടുന്നു
അതിനാൽ അകമേക്ക് നോക്കാൻ
സമയം ഉപയോഗിക്കുക
ആന്തരിക വെളിച്ചം നിന്നുടെ
തൻ വഴിയാകട്ടെ
അനുകമ്പയുള്ള ആരോഗ്യമുള്ള
മനുഷ്യജീവിതത്തിനായി

**ഫാരിസ കെ**
8 A പി.ടി.എം.എച്ച്.എസ്, തൃക്കടീരി
ഒറ്റപ്പാലം ഉപജില്ല, പാലക്കാട്

# കൊറോണ വൈറസ്

കൊറോണ വന്നൂ, ബോധമുണർന്നൂ
ദേശമുണർന്നു
രാജ്യമുണർന്നു
ലോകമുണർന്നു
അതിർവരമ്പുകളില്ലല്ലോ
മതിൽ കെട്ടുകളില്ലല്ലോ
മത വിദ്വേഷമില്ലല്ലോ
അസമത്വങ്ങളുമില്ലല്ലോ
മർത്യൻമാരുടെ വേദനയറിയാൻ
മർത്യന്മാരേ ഉതകുകയുള്ളൂ
കേരളത്തിൻ തനതായ ശൈലിയാം
കൈകോർത്തൊരുമിച്ചുള്ള പ്രവർത്തനം
രോഗവിമുക്തി നേടാൻ വേണ്ടി
ആതുരസേവനം കർശനമാക്കി
മുഖ്യമന്ത്രിതൻ ആഹ്വാനങ്ങൾ പാലിച്ച്
ജനങ്ങൾ വീട്ടിലൊതുങ്ങി
കേരളത്തെ മാതൃകയാക്കി ലോകം മുഴുവൻ
ഇനി നമുക്ക് വേണോ യുദ്ധം
ഇനി നമുക്ക് വേണോ അതിർവരമ്പുകൾ
ഒരുമിച്ചൊന്നായ് മുന്നേറാം
മഹാമാരിയെ തോൽപ്പിക്കാം.

**അമൽ ജോഷി**
5 എ പി.എസ്.എൻ.എം. ഗവ. ഹയർസെക്കന്ററി സ്ക്കൂൾ, പേരൂർക്കട
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# പ്രതീക്ഷ

കിണറുകൾ പുഴകൾ വറ്റി വരണ്ടു
ഭൂമിതൻ പച്ചപ്പുമോടിമറഞ്ഞു
കുളിരില്ല തളിരില്ല പുലരിതൻ നാമ്പില്ല
വാനിൽ പറക്കുന്ന കിളികളില്ല
വിളറി കിടക്കുന്ന ഭൂമിക്ക് തുണയായി
പുലരിതൻ നാമ്പിൻ പ്രതീക്ഷയില്ല.
മരുഭൂമി പോലിന്ന് നീറി കിടക്കുന്ന
ഭൂമിയെ കാണുവാൻ എന്തു ദൈന്യം
രാത്രിതന്നശാന്തിയിൽ
ആകാശവീഥിയിൽ വിളറി നിൽക്കാണമ്പിളി
ഓർക്കുന്നു ഞാൻ എന്റെ ബാല്യകാലത്തെ
സമൃദ്ധി നിറഞ്ഞൊരാവസന്തകാലത്തെ
മലകളും പുഴകളും മഞ്ഞക്കിളികളും
പച്ചവിരിച്ചൊരാ താഴ്വരയും
കുളിരുണ്ട് കൂട്ടുണ്ട് കുയിലിന്റെ പാട്ടുണ്ട്
അരുവിതൻ നീണ്ട പ്രവാഹമുണ്ട്
പുഞ്ചിരി ഭാവമായ് അരുണനും കൂട്ടുണ്ട്
വയലിൽ തിമിർത്തൊരാ ബാല്യമുണ്ട്
മാഞ്ഞുപോയ് ഇന്നിതാ പച്ചപ്പിൽ നെയ്തൊരാ
വർണകാലം ഇനി ഓർമ മാത്രം
പുകയുന്നു ചൂളകൾ ഉയരുന്നു ഫ്ളാറ്റുകൾ
ഓടിക്കിതയ്ക്കുന്നു വാഹനങ്ങൾ
ഇനി വരും നാളെയിൽ പച്ചപ്പിൻ നാമ്പുകൾ
പൊട്ടിമുളയ്ക്കുമെന്നാശ്വസിക്കാം
മലിനമാം ഭൂമിയും മാനവമനതാരും
മാറുമതിനായി കാത്തിരിക്കാം.

**വിജീഷ്**
12 പി.കെ.എച്ച്.എസ്സ്. മഞ്ഞപ്ര
ആലത്തൂർ ഉപജില്ല, പാലക്കാട്

# പ്രതിരോധം

കൊറോണ നാട് വാണീടും കാലം
മനുഷ്യർക്കെങ്ങുമേ നല്ല നേരം
തിക്കും തിരക്കും ബഹളമില്ല
എല്ലാരും വീട്ടിൽ ഒതുങ്ങിക്കൂടി
വട്ടം കൂടാനും കുടിച്ചിടാനും
നാട്ടിൽപുറങ്ങളിലാരുമില്ല
ജെങ്ക് ഫുഡ് തിന്നുന്ന ചങ്കുകൾക്ക്
കഞ്ഞി കുടിക്കാനും സാരമില്ല
കല്ലറിയാൻ റോഡിൽ ജാഥയില്ല
കല്യാണത്തിനും ജാടയില്ല
നേരമില്ലെന്ന് പരാതിയില്ല
ആരുമില്ലെന്നുള്ള തോന്നലില്ല
എല്ലാരും വീട്ടിൽ ഒതുങ്ങി നിന്നാൽ
കള്ളൻ കൊറോണ തകർന്നു വീഴും
എല്ലാരും ഒന്നായി ചേർന്നു നിന്നാൽ
ഒന്നായി നമ്മൾ ജയം വരിക്കും.

**സാന്ദ്രാ ബ്രൈറ്റ്**
8 B പി എം എച്ച് എസ്സ് കാരക്കോണം
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# അതിജീവനം

നമ്മുടെ നാടിനെ ഭീതിയിലാഴ്ത്തിയ
വൈറസല്ലോ കൊറോണ
വീട്ടിലിരിക്കൂ സുരക്ഷിതരാകൂ
നമ്മുടെ നാടിനെ രക്ഷിക്കാം
ഒന്നൊന്നായ് പാലിക്കാം
സർക്കാരിൻ നിർദ്ദേശങ്ങൾ
ഒത്തൊരുമിച്ച് നമ്മൾക്കെല്ലാം
തോൽപ്പിക്കാം ഈ മഹാമാരിയെ
കൈകൾ കഴുകാം മാസ്ക്ക് ധരിക്കാം
ഓടിച്ചീടാം കൊറോണയെ
വീട്ടിലിരിക്കാം അകന്നു നിൽക്കാം
ഒന്നിച്ചൊന്നായ് പോരാടീടാം
നമുക്ക് നല്ലൊരു സർക്കാരുണ്ട്
സർക്കാരെന്നും നമ്മൾക്കൊപ്പം
മുന്നിൽ നിന്നു നയിക്കുന്നു
മുഖ്യൻ നമ്മുടെ പിണറായി
ആരോഗ്യത്തിൻ കാവലായ്
ടീച്ചറമ്മയുമുണ്ടല്ലോ
റേഷൻ നൽകിയും കിറ്റുകൾ നൽകിയും
പട്ടിണി മാറ്റും നമ്മുടെ സർക്കാർ
നിർദ്ദേശങ്ങൾ പാലിക്കുക നാം
നമ്മുടെ ജീവൻ നിലനിർത്താൻ

**Jeevana Maneesh**
3 B ബി.സി.എൽ.പി.എസ് കോട്ടപ്പടി
ചാവക്കാട് ഉപജില്ല, തൃശ്ശൂർ

# ആകാശയരിപ്പ

അതെന്താടി ചിന്നു?
ആകാശയരിപ്പ ആണെടി പാത്തു...

ആകാശയരിപ്പയോ ചിന്നു?
ഭൂമിക്ക് കുട പോലെ മാനത്തു കാവലായി
അങ്ങനെ ഒന്നുണ്ടെടി പാത്തു...

എനിക്കൊരെണ്ണം കിട്ടുമോടി ചിന്നു?
എനിക്കും നിനക്കും നമുക്കെല്ലാവർക്കും
വേണ്ടിയാണെടി പാത്തു... ;

ഇതു നമുക്ക് എന്തിനെടി ചിന്നു?
സൂര്യന്റെ തീവ്രകിരണങ്ങൾ
ഭൂമിക്കു മേൽ പതിയാതിരിക്കാനാണെടി പാത്തു...
അതല്പം കീറി ഇരിക്കുന്നല്ലോടി ചിന്നു... !
അത് നീയും ഞാനും ഉൾപ്പെടെയുള്ളവർ
കീറി മുറിച്ചതാണെടി പാത്തു...

അതെങ്ങനെ ആണെടി ചിന്നു?
അന്തരീക്ഷത്തിൽ കാർബൺ സംയുക്തങ്ങളുടെ
അളവ് കൂടുമ്പോൾ ആണെടി പാത്തു...

അതിനെന്തടി ചിന്നു,കീറിയാലിപ്പോ?
കീറിയ തുണ്ടിൽ കൂടി കയറും തീവ്രകിരണങ്ങൾ
ജൈവസമ്പത്തെല്ലാം വിഴുങ്ങും
കാൻസർ പോലെ മാരക രോഗങ്ങൾ പൊട്ടിപ്പടർന്നിടും

സൂക്ഷ്മ ജീവികൾ പലതും പേറും വികൃത രൂപങ്ങൾ
മനുഷ്യ രാശിയെ, പ്രകൃതിയെ -
യാകെ ഞെരിച്ചമർത്തീടും

നമുക്കിതിനെന്തു പ്രതിവിധി ചിന്നു?
മനസ്സ് മരവിക്കുന്നു പാത്തു....

പുകതുപ്പുന്ന വാഹനവും
പുകക്കുഴലേറും ഫാക്ടറിയും
നീ കത്തിച്ചീടുന്ന പ്ളാസ്റ്റിക്കും

മണമേകുന്ന പെർഫ്യൂമും
നിൻ അടുക്കളയിലെ റെഫ്രിജറേറ്ററും...
മരം മുറിക്കലും, മാലിന്യക്കൂമ്പാരവും,
അരിപ്പയിൽ വിള്ളൽ ഉണ്ടാക്കിടും പാത്തു...

വിവേകത്തോടെ നാം ഇവയൊക്കെ
ഉപയോഗിച്ചീടിൽ പാത്തു....

നമ്മുടെ ഭൂമിയെ സംരക്ഷിക്കാൻ
എന്നും കാണും ആകാശയരിപ്പ...

പരിസ്ഥിതി സംരക്ഷണം ആവട്ടെടി പാത്തു...
നമ്മുടെ മുദ്രാവാക്യം.....
കാക്കാം നമുക്ക് കാവലാളായ
ഈ ആകാശയരിപ്പയെ.....

**അന്ന റാഹേൽ**
6 എ ബേക്കർ മെമ്മോറിയൽ ഗേൾസ്, എച്ച്.എസ്സ്,എസ്സ്
കോട്ടയം ഈസ്റ്റ് ഉപജില്ല, കോട്ടയം

# ഭൂമിയുടെ തേങ്ങൽ

വായുവിൽ മുത്തമിട്ടു പറന്നിടുന്ന
പക്ഷികളെന്തേ വിതുമ്പിടുന്നു
മണ്ണിലിഴയും ഇഴവർഗ്ഗമിന്നു
ഇഴയുവാനാകാതെ വിതുമ്പിടുന്നു

ജലമാർഗ്ഗമോടുന്ന മീനുകളുമിന്ന്
ജലധാരയിൽ നിന്നകന്നിടുന്നു
മണ്ണിനധിപനാം മാനുഷന്മാരെയോ
മാരകരോഗം വിഴുങ്ങിടുന്നു

മണ്ണും പുഴയും മലയും മലയോര
വായുവും വാവിട്ടലറിടുന്നു
മരങ്ങളും കാവുകളുമിന്ന്
കത്തിയെരിഞ്ഞു കരിഞ്ഞിടുന്നു

നീങ്ങണം നീക്കണം ഭൂമിയിൽ നിന്നുള്ള
പ്ലാസ്റ്റിക് മാലിന്യമെന്നുമെന്നും
ജീവനെ വെല്ലുന്ന രോഗാണുക്കൾക്കു നാം
ഉന്മൂലനാശം വരുത്തിടേണം

അഴിച്ചു പണിയണം ഭൂമിയെ നാമിന്നു
പുതിയൊരു ലോകം മെനഞ്ഞിടുവാൻ
ജീവന്റെ കണ്ണികൾ നിലനിർത്തുവാൻ
നമുക്കൊത്തു ശ്രമിച്ചീടാം

**ആഷിൻ എസ് എസ്**
2 A എൽഎംഎസ് എൽപിഎസ് ഇമ്പിലിക്കോണം
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# പ്രതിരോധിക്കാം വ്യാധികളെ

അച്ഛമ്മ നീട്ടിയ അച്ചപ്പം
തട്ടിയെറിഞ്ഞു കുട്ടപ്പൻ
കാർ നിർത്തും നേരത്ത്
അച്ഛൻ നൽകും ബേക്കറി സഞ്ചി
കാത്തുനിന്നു കുട്ടപ്പൻ

അച്ഛൻ വന്നു കാർ നിർത്തി
ഓടിയെത്തി കുട്ടപ്പൻ
ഡോർ തുറന്നു ചാടി ഇറങ്ങി
വാരിയെടുത്തു പൊന്നച്ഛൻ

പലഹാരപ്പൊതി തട്ടിയെടുത്തു
കൊതിയാൽ തുറന്നു കുട്ടപ്പൻ
ഞെട്ടിപ്പോയി കുട്ടപ്പൻ
പൊതിയിൽ നിറയെ പഴവർഗങ്ങൾ

അച്ഛൻ ചൊല്ലി അന്നേരം
കേൾക്കു മോനെ കുട്ടപ്പാ
വ്യാധികൾ പെരുകും ഈ കാലം
ഒരു കാര്യം നാം ഓർക്കേണം
ബേക്കറി പലഹാരങ്ങൾ നമ്മെ
രോഗികളാക്കി തീർത്തീടും

പഴവും പച്ചക്കറികളുമെല്ലാം
നമുക്കു നൽകും പ്രതിരോധം

**അഭിനവ് പി റെജി**
എൽ എം എസ് എൽ പി എസ് പൂവത്തൂർ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# ഹേ... മാനവാ.....

ഒരു കുന്നിടിയുന്നു.... ഒരു മരംമുറിയുന്നു
തേനരുവി തന്നിലെ തെളിനീര് വറ്റുന്നു
അമ്മയാം ഭൂമി തൻ മാറ് കുഴിയ്ക്കുന്നു ..
രമ്യഹർമ്മ്യങ്ങൾ പടുത്തുയർത്താൻ
കാരുണ്യമേശാത്ത കാട്ടാള ചെയ്തികൾ.
കാളകൂടം നിറയ്ക്കുന്നു മനതാരിൽ .....

തെരുവോര ബാല്യങ്ങൾ കേഴുന്ന ശബ്ദം.
അധികാരികൾക്കോ കേൾക്കാവതല്ല.
സാമൂഹ്യതിൻമകൾ തച്ചുടച്ചീടുവാൻ
ശാന്തിതൻ മന്ത്രങ്ങൾ പാഴായിടുമ്പോൾ.

ഹേ... മാനവ , നീയെവിടെയാണ്?
നിന്റെ നേരും നെറിയുമിന്നെവിടെയാണ്?

എങ്കിലും ഓർമ്മ തൻ വാതായനങ്ങൾ
മെല്ലെ മെല്ലെ തുറന്നീടുമ്പോഴോ -
സ്നേഹത്തിൻ ത്യാഗത്തിൻ കാരുണ്യ ദീപ്തമാം
നന്മതൻ മുത്തുകൾ മിന്നിത്തിളങ്ങീടുന്നു
ഓരോന്നുമോരോന്നും ഒന്നിലും മേലെയായ്
സൗമ്യമാം ദീപ്തി ചൊരിഞ്ഞിടുന്നു ......

**അനുഗ്രഹ എ.ബി**
7 A എൽ. എം. എസ്. യു. പി. എസ്. പേരിമ്പക്കോണം
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# പ്രകൃതിയും പുതുതലമുറയും

പ്രകൃതിമാതാ കനിഞ്ഞു നല്കിയ
വനവൃക്ഷങ്ങൾ കാണ്മൂ ഇവിടെ
മണ്ണും,തോടും,മാമലകളും
സസ്യലതാദികൾ, മാമരങ്ങൾ
പച്ചവിരിച്ച പുൽമേടുകളും പുൽച്ചാടികളും
കളകളമൊഴുകും കാട്ടരുവികളും
തെളിനീരിൽ നീന്തിത്തുടിക്കും
പരൽ മീനുകളും
ആകാശകൊമ്പിൽ
ചേക്കേറും പൊൻപറവകളും
പ്രകൃതിയിലേക്കിറങ്ങിച്ചെന്നാൽ
സ്വർഗ്ഗം താണിറങ്ങി
വന്നതുപോലെ..........
പുതുതലമുറ ഉടലെടുക്കുംനാൾമുതൽ
മാനവർ കാണ്മൂ തരിശുനിലങ്ങളും........
അരുതരുതരുതേ ഒരിക്കലും
പ്രകൃതി വരങ്ങൾ നഷ്ടപ്പെടുത്തരുതേ........

**അനാലിയ കെ.ജെ**
4 b എൽ എഫ് സി എൽ പി എസ് ഇരിഞ്ഞാലക്കുട
ഇരിഞ്ഞാലക്കുട ഉപജില്ല, തൃശ്ശൂർ

# പാലിക്കേണ്ടവ

കൂട്ടരേ അറിയുവിൻ
രോഗപ്രതിരോധം നേടുവാൻ
വ്യക്തിശുചിത്വം പാലിച്ചീടേണം
വ്യക്തിശുചിത്വം പാലിച്ചീടാൻ
നഖം വളരുമ്പോൾ മുറിച്ചീടണം
രണ്ടു നേരം പല്ലു തേച്ചീടണം
രണ്ടു നേരം കുളിച്ചീടണം
കൈകൾ വൃത്തിയായി കഴുകീടണം
കൂട്ടരേ അറിയുവിൻ
രോഗപ്രതിരോധം നേടുവാൻ
പരിസരശുചിത്വവും പാലിക്കണം
പരിസരം വൃത്തിയാക്കിടേണം
പ്ലാസ്റ്റിക് ഉപേക്ഷിച്ചിടേണം
വെള്ളം കെട്ടിക്കിടക്കരുതേ ..
മാലിന്യങ്ങൾ വലിച്ചെറിയരുതേ ..
കൂട്ടരേ അറിയുവിൻ
രോഗ പ്രതിരോധം നേടുവാൻ
നല്ല ഭക്ഷണം കഴിച്ചീടണം
നല്ല ഭക്ഷണം എന്തെന്നാൽ
പഴവും പാലും പച്ചക്കറികളും
പയറും മുട്ടയും മാംസവുമെല്ലാം
ദിനവും ഭക്ഷിച്ചീടണം കൂട്ടരേ ..
കൂട്ടരേ അറിയുവിൻ
രോഗപ്രതിരോധം നേടുവാൻ
നിത്യവും വ്യായാമം ചെയ്തിടേണം
കൂട്ടരേ നമുക്കൊന്നായി മുന്നേറാം
ആരോഗ്യമുള്ളൊരു നാടിനായി

**റുമൈസ് ഖാൻ**
3 എ എൽ പി എസ് വള്ളക്കടവ്
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

## I KEEP MY BODY CLEAN

My eyes help me see
I keep my eyes clean
My nose help me smell
I keep my nose clean
My lips help me smile
I keep my lips clean
My ears help me hear
I keep my ears clean
My hands help me work
I keep my hands clean
My legs help me run
I keep my legs clean
This is my body
I love my body
And I keep my body clean.

**സഹ്‌ല.എസ്**
1 A എൽ.പി.എസ് കോവില്ലൂർ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

## LIFE

Life is so short
but challenge is long.
Life is so exciting
but it makes tens.
Life is so beautiful
but we see it a curse.
In all the challenges and failure
there are lesson
never to repeat again.
Some people fight each other
Some people care each other.
As life is so short
So live in peace and love...

**ജിയാ റോസ് ബിജു**
6 C മാർത്തോമ്മാ എച്ച് എസ് എസ് പത്തനംതിട്ട
പത്തനംതിട്ട ഉപജില്ല, പത്തനംതിട്ട

# പഞ്ചമി

പാതിരാവീഥിയിൽ പാതയോരത്തു ഞാൻ
പലകുറി കണ്ടുപോൽ പഞ്ചമിയെ...
പഴങ്കഞ്ഞിമോന്തിക്കുടിച്ചൊരാ പഞ്ചമി
പാതിരാവിൽ പോലും വേല ചെയ്വൂ.
എന്തിനോ വേണ്ടി ജീവിച്ച പഞ്ചമി
ആരോഗ്യ ഗാത്രിയായി മാറിടുന്നു ....
പുത്രരോ മിത്രമോ കാക്കുവാൻ ആളില്ല..
നീർദോഷം പോലും ഭയപ്പെടില്ല
തുളസിയും കാപ്പിയും ഒരു നുള്ള് മധുരം
പതിവായി മോന്തുന്നു ഏകയായ്
പാറപൊട്ടിക്കലും വിറകു കീറിയിടലും
പറമ്പു കിളയ്ക്കലും കുന്നുകയറലും
കിതയ്ക്കാതെ പഞ്ചമി ചെയ്തിടുന്നു ..
സപ്തതി കഴിഞ്ഞെന്ന ചിന്തയെ വെടിഞ്ഞിട്ട്
രോഗത്തെ വെല്ലുവാൻ പ്രാപ്തയാണിന്നവൾ
കണ്ടു പഠിക്കട്ടെ മാലോകരെല്ലാരും
പഞ്ചമി തന്നുടെ ജീവിതത്തെ....

**അഭിയ**
4 A എൽ എം എസ് മോഡൽ എൽ പി എസ് ചെമ്പൂര്.
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# വേരുകൾ പറയുന്നത്

ആഴ്ന്നിറങ്ങുമ്പോളൊക്കെ
കയ്ക്കാറുണ്ടിപ്പോ
മണക്കാറുണ്ട്,
പരിചിതമില്ലാത്തതെന്തൊക്കെയോ
ഉറച്ചു നിന്നിടത്തു
ഇളക്കമുണ്ടാവാറുണ്ട്
എന്റെ കൈകളെല്ലാം അരിഞ്ഞു
വീഴ്ത്തുന്നുണ്ട്
നീറി നോവുന്നുണ്ട്,
തണൽ തന്നതിന്
ഇങ്ങനെ പകരം തരുമ്പോൾ
ഉള്ളിലാരോ നിർത്താതെ നിലവിളിക്കുന്നുണ്ട്.
പ്രതികാരമില്ലെനിക്ക്
ഓടിത്തളർന്ന് എന്നെങ്കിലും
ഇരിക്കാനിടം തേടുമ്പോൾ
അടിവേരറുത്തില്ലെങ്കിലിവിടെ
ഞാനുണ്ടാവാം
കാത്തിരിക്കുന്നു
കാർന്നുതിന്നാത്ത
കാലത്തിനായ്.

**നിത സുജിത്**
1 B മരുതൂർകുളങ്ങര എസ്സ്.എൻ.യു.പി.എസ്സ്
കരുനാഗപ്പള്ളി ഉപജില്ല, കൊല്ലം

# PERVERSE MANKIND

Just by a glance of sunlight
My heart feels cherished
I wonder the creations of god
Aren't just for mankind

I want to travel through the past
To feel the silence of forest
And the fresh cold river last
It has always been a nightmare
To think about the extinct of the care

How I wish I could feel
The blossoming flowers
Without expecting for any heal

I am afraid whether
The next generation are bound to see
Only the cries and pain of earth

We are about to pay
For all we have done, they say
Human, infront of this mighty power
Even the greens suffer

The nature will rage on
Through the outbreak of mysterious virus
Will end up with no land under feet
And would be crying for some meat

And now due to our rash
We all are in despair
We all are in despair

**മാളവിക പൊയ്യിൽ**
8 A മൂത്തേടത്ത് ഹയർ സെക്കന്ററി സ്കൂൾ തളിപ്പറമ്പ
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ

## TIME

Smooth as liquid,hard as stone
The one that stays even when we've gone
The one that's always as its prime
The all prevailing magnanimous time.

Time can hurt,time can heal
It can always make us feel
The eagerness of the silly man
To bring whoes end; time always can

Time might not be man's side
But there is no need to run or hide
The ravages of time spare none
Even the mighty and powerful ones.

**ആതിഥ്യ സുരേഷ്**
മേരി ഗിരി ഇ.എം.എച്ച്.എസ്. കുടപ്പനക്കുന്ന്
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

## IN SEARCH OF GOD

I’ve been searching for the Almighty
Here, there and everywhere
Asked my mom, my dad
My friends and even to the society
I didn’t get an answer.

Finally I feel the presence of God
In the angels in white coat
Their relentless work and selfless sacrifice
Showcase their untiring journey
To wipe out the pandemic -CORONA

**അഭിരാം കൃഷ്ണൻ**
9 രാജാരവിവർമ്മ ബി വിഎച്ച് എസ് എസ് കിളിമാനൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# സൗഹൃദം

കലാലയങ്ങളിൽ
മാത്രം ഒതുങ്ങുന്നതല്ലെൻ സൗഹൃദം
ഹൃദയങ്ങളിൽ നിന്നും ഹൃദയങ്ങളിലേക്ക് ചേക്കേറുന്ന
കവിത പോലാണെൻ സൗഹൃദം
ഒരിക്കലും വാടാത്ത പൂ പോലെ
ആരും പറയാത്ത കഥ പോലെ
ഒരിക്കലും മറക്കാത്ത സ്വപ്നം പോലെ
എന്നും എപ്പോഴും ഏവരിലും
മായാതെ നിൽക്കുന്ന ഒരപൂർവത
അത്.... സൗഹൃദം.....
കാണാനായില്ലെങ്കിലും
മിണ്ടാനായില്ലെങ്കിലും
തകരില്ലൊരിക്കലും
നിപ്പ കൊറോണയോ
ഏതു വൻ രോഗമോ
തച്ചു തകർക്കാൻ
തുനിഞ്ഞിങ്ങു വന്നാലും
മായാതെ നിൽക്കുന്ന ഒരപൂർവത
അത്.... സൗഹൃദം.....

**ലിയാ എസ് കോരുള**
7 ഡി മൗണ്ട് കാർമ്മൽ ഹൈസ്കൂൾ കോട്ടയം
കോട്ടയം ഈസ്റ്റ് ഉപജില്ല, കോട്ടയം

# TO BREAK THE CHAIN

I love myself 'cause
my life is precious for me
I love my family 'cause
I can't be alone
I love my society 'cause
They provide everything for me
I love my country 'cause
I'm protected.

I am too young to serve
My family,society and country
But one thing I can do now
Wash my hands for myself
Shake head for shake hands
For the sake of my family
Keep inside to support the society

Say no to fake news
To stand for my country
As a symbol of gratitude
And WHAT WOULD YOU DO?
To break the chain of CORONA

**അബിൻ മധു**
8 രാജാരവിവർമ്മ ബി വിഎച്ച് എസ് എസ് കിളിമാനൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# മനസ്സു പറഞ്ഞ കഥ

തൊടിയിൽ ഇനി കറിയുണ്ടാക്കാനായി
ഏതെങ്കിലും ഇല ബാക്കിയുണ്ടോയെന്ന
തിരച്ചിലിലിലാണ് അമ്മ.........
കൊറോണ ന്യൂസ് വായിച്ചു വായിച്ചു
ടിവിക്കു പോലും കൊറോണ വന്നോന്ന്
സംശയം ......
വെറുതെയിരുന്ന് ഡാറ്റ തിന്നു തിന്നു
ഇനി ഒരടി നടക്കാൻ വയ്യെന്ന്
മൊബൈൽ ഫോൺ .....
ഇരുപത്തിനാലു മണിക്കൂറും
കറങ്ങിക്കൊണ്ടിരിക്കുന്ന സിലിംഗ് ഫാൻ
എന്നാണാവോ പണി മുടക്കുന്നത് .....
വരാൻ പോകുന്ന കറന്റ് ബില്ലോർത്ത് നെടുവീർപ്പിടുന്നുണ്ട്
അച്ഛൻ ......
കൂടെ കിടന്നു മടുത്തിട്ടാണോ എന്തോ
പാതിരാ നേരത്തു പോലും
ഉറക്കം തിരിഞ്ഞു നോക്കുന്നില്ല .......
എന്നാൽ നിരത്തിൽ വണ്ടികൾ കുറഞ്ഞപ്പോൾ
ശുദ്ധവായു ശ്വസിക്കാനായി
ഇത്ര മാത്രം ലോകം നിശ്ചലമാക്കാൻ കയ്യും കാലുമില്ലാതെ
ജീവി എവിടുന്നു വന്നോ എന്തോ

**അജിൽ**
8 രാജാ രവിവർമ്മ ബോയ്സ് വിഎച്ച് എസ് എസ് കിളിമാനൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# തൊഴിൽരഹിത
# അഥവാ
# ഹൗസ് വൈഫ്

എത്ര അലക്കിയാലും വെളുക്കാത്ത
പഴന്തുണിപോലെ
നിറം വരാത്ത
ക്ലാവ് പിടിച്ച പഴയ
ഓട്ടുപാത്രം പോലെ
അവളുടെജീവിതം.
പുലർച്ചെ ഉണർന്ന്
മുററത്തെ ചപ്പുചവറുകൾ
തൂത്ത് വൃത്തിയാക്കി
അടുക്കളയിൽ കുക്കറിലെ വിസിലുകൾ
എണ്ണം തെററാതെ ശ്രദ്ധിച്ച്
ചോറു വെന്തുപോവാതെ
പച്ചക്കറിക്കഷണങ്ങൾ
ഉടഞ്ഞുപോവാതെ
ഉപ്പ് കൂട്ടാതെ
എരിവ് കുറയാതെ
മീൻ വറുത്തത്
കരിഞ്ഞുപോവാതെ
എല്ലാം ശ്രദ്ധിച്ച് ശ്രദ്ധിച്ച്
അമ്മായിയമ്മയുടെ കുത്തുവാക്കുകൾ
കേട്ടില്ലെന്ന് നടിച്ച്
ഭർത്താവിന്റെ കുററപ്പെടുത്തലുകൾ
നിസ്സംഗയായി സഹിച്ച്
കുട്ടികളുടെ ആവശ്യങ്ങൾ
ഓരോന്നായി ചെയ്ത് തീർത്ത്
ഒടുവിൽ അവൾ തന്റെ
മുഖം തേടി നടന്നു
മുററത്ത് അടിച്ചു കൂട്ടിയ
ചപ്പുചവറുകൾക്കിടയിൽ

അലക്കിത്തേച്ച് വെച്ച
തുണികൾക്കിടയിൽ
കഴുകി അടുക്കിവെച്ച
പാത്രങ്ങൾക്കിടയിൽ
തുടച്ച് മിനുക്കി വെച്ച
മാർബിൾതറയിൽ
പക്ഷേ
അതെപ്പോഴോ
അവൾക്ക് നഷ്ടമായിരുന്നു

**അരുന്ധതി ജയകുമാർ**
XL രാജീവ് ഗാന്ധി മെമ്മോറിയൽ എച്ച്.എസ്.എസ്.മൊകേരി
പാനൂർ ഉപജില്ല, കണ്ണൂർ

# പുനർജനി

ഭൂമി വീണ്ടും പുനർജനിച്ചോ?
പ്രകൃതിക്ക് വീണ്ടും ഭംഗി വച്ചോ?
പുഴകൾ കലങ്ങാതെ ശാന്തമായി ഒഴുകിയോ?
പക്ഷികൾ പാടിത്തിമിർത്തുവോ?
ശുദ്ധവായു ശ്വസിച്ച് പൂക്കളുടെ ഗന്ധവും പേറി
ശാന്തയായി സമാധാനപ്രിയയായി
വീണ്ടും പുനർജനിച്ചോ നീ ?
ഭൂമിയിലെ ഭ്രാന്തന്മാരെ
ചങ്ങലയ്ക്കിട്ട് കൂട്ടിലാക്കിയോ ?
ആർത്തിമൂത്ത് ഭ്രാന്തായ മനുഷ്യാ ,
നിന്നെ മാത്രം ഭൂമിക്ക് വേണ്ടാതായോ ?
നീയില്ലെങ്കിലും ഭൂമി സ്വച്ഛന്ദമായി വിഹരിക്കും
നിനക്ക് പുനർചിന്തനം ചെയ്യാൻ സമയമായി
ചെയ്ത പാപങ്ങൾക്കെല്ലാം പ്രായശ്ചിത്തം ചെയ്യുവാനും

ദുർഗ്ഗ
8 C ജി.ജി.എച്ച്.എസ്.എസ്.ആലത്തൂർ
ആലത്തൂർ ഉപജില്ല, പാലക്കാട്

# കടന്നുപോകും ഈ നാളും

നമ്മുടെ മുന്നിൽ നിൽപ്പുണ്ട്
കൊറോണയെന്നൊരു ഭൂതത്താൻ
നമ്മുടെയുള്ളിൽ കയറാനായ്
ഊഴം കാത്തു കിടക്കുന്നു.
ഭൂതത്താനെ ഓടിക്കാൻ
ഒരു കൈ അകലം പാലിക്കാം
ദൂരേക്കെങ്ങും പോകാതെ
വ്യക്തിശുചിത്വം പാലിക്കാം.
ഒറ്റക്കല്ലാ നാമാരും
ഒറ്റക്കെട്ടായ് പോരാടാം
കടന്നുപോകും ഈ നാളും
പുതിയൊരു പുലരി പിറന്നീടും

**ദേവനന്ദ**
4 ജി.ഡബ്ലിയു.എൽ.പി.എസ്. പാലത്ത്
ചേവായൂർ ഉപജില്ല, കോഴിക്കോട്

# ശാന്തി

മഴതുള്ളി തൻ താളം പാടുന്നു
ശാന്ത തൻ ഒരല
പക്ഷി പാടും ഗാനം കേൾക്കും
ശാന്തി തൻ ഒരല
കുട്ടികൾ തൻ തിമിർക്കും ചിരിയോ
ശാന്തി തൻ ഒരല
വനത്തിൽ മൂളും ഗാനം
ശാന്തി തൻ ഒരല
ഉദിച്ചസ്തമിക്കും സൂര്യ ദേവൻ
ശാന്തി തൻ ഒരല
തേടിയെത്തും ശാന്തി പലരൂപത്തിൽ
നമ്മെ മൂടട്ടെ ഈ ശാന്തി തൻ അലകൾ

**ആമിനത് സുഹാന**
7 C വി എം ജെ യു പി എസ്, വള്ളക്കടവ്
തിരുവനന്തപുരം നോർത്ത് ഉപജില്ല

# കൂ കൂ - കൂ കൂ....

കൂകൂ കൂകൂ കുയിലമ്മെ നിൻ
ചുണ്ടിലൊരോടക്കുഴലുണ്ടോ?
എന്തൊരു മധുരം നീ പാടുമ്പോൾ
കുളിരുകയാണെൻ മനമാകെ!

കുറുകെയൊന്നു കറുത്തവളെങ്കിലും
ഒരു ചെറുസുന്ദരിയല്ലോ നീ?
കരി മാനത്തിൻ കരളിൽ നിന്നോ
വന്നതു നീയെൻ കൺമണിയെ??

ഇമ്പം വഴിയും സ്വരരാഗങ്ങൾ
പാടാൻ ആരു പഠിപ്പിച്ചു?
കാക്കക്കൂട്ടിൽ മുട്ടയിടുന്നൊരു
വിദ്യയിതാരു പഠിപ്പിച്ചു?.

എന്താണൊന്നും മിണ്ടാത്തതു നീ
മാന്തളിരുണ്ടു മയങ്ങീട്ടൊ?
കൂകൂ കൂകൂ കുയിലമ്മേ നിൻ
ചുണ്ടിലൊരോടക്കുഴലുണ്ടോ?

**നിഷാന**
7 B വി എം ജെ യു പി എസ്, വള്ളക്കടവ്
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# നൊമ്പരം

ആദ്യമേ ഞാൻ പറഞ്ഞിടട്ടേ,
ഈ വരികളിൽ എന്റെ കുറ്റസമ്മതം.
ഇതെന്റെ ഏറ്റു പറച്ചിൽ
നീ സംഹാര താണ്ഡവമാടീടുന്നു,
നിന്റെ ചുണ്ടിലെ രുധിരത്തിൻ തുള്ളികൾ
എന്റെ ഉള്ളിൽ പേടിയുടെ
കനലെരിക്കുന്നു.
എന്തു ഞാൻ ചെയ്തെന്ന്
ചോദ്യമില്ല...
എന്റെ ചെയ്തികൾ
ഞാനിന്നോർമ്മിക്കുന്നു.
എനിക്ക് കുടിക്കാൻ നീ
തെളിനീരു തന്നു,
ഞാനോ അതിന്ന്
മലിനമാക്കി,
എനിക്ക് പുതക്കാൻ നീ
പച്ചപ്പ് തന്നു,
ഞാനതെടുത്ത്
കശക്കിയെറിഞ്ഞു. എവിടെ, നീ തന്ന പച്ചപ്പും
പാടവും
എവിടെ നീതന്ന കുന്നിൻ
പുറങ്ങളും
നീ തന്ന സുന്ദര
ഭൂമിയിന്നെവിടെ
എവിടെയും നരകത്തിൻ
രൂക്ഷഗന്ധം.....
ഇല്ലമ്മേ നിന്നോടെനിക്കിന്ന്
പരിഭവം,
അത്രയും ക്രൂരത
കാട്ടിയില്ലേ....
നിൻ ഗർഭപാത്രത്തിൽ

കൈ കടത്താൻ പോലും
നിന്റെയീ മക്കൾ
　　മുതിർന്നു വല്ലോ!
നിൻ മണൽ സമ്പത്തും
　　നിൻ മത്സ്യസമ്പത്തും
ചൂഷണം ചെയ്ത തീ
　　ദുഷ്ടജന്മം
എല്ലാം സഹിച്ചില്ലേ,
　　ഇനിയും സഹിക്കില്ലേ
എങ്കിലുമൊന്ന്
　　വിതുമ്പിപ്പോയ്....
സുനാമിയായ്, ഓഖിയായ്
　　നിപ്പയായ്
ഉരുൾപ്പൊട്ടലായ്
ഇപ്പൊഴോ കൊറോണയായ്
　　നിറഞ്ഞാടിടുന്നു,
പേടിച്ചു! ഞാൻ തളർന്നു
　　കൂടെ,
ലോകരും നിൻ മുന്നിൽ
　　മുട്ടുകുത്തി.
ഇനിയും പരീക്ഷണം
　　ബാക്കി നിൽക്കുന്നുവോ
ഇടനെഞ്ചിൽ തേങ്ങലേ
　　ബാക്കിയുള്ളൂ.....!

**റിഷോൺ**
7 C ശങ്കരവിലാസം യു.പി.സ്കൂൾ, മുതിയങ്ങ
കൂത്തുപറമ്പ് ഉപജില്ല, കണ്ണൂർ

# മരുപ്പച്ച തേടുന്ന സ്വപ്ന സഞ്ചാരികൾ

ക്ഷണികമീ .... ഭൂവതിൽ
ക്ഷണമൊന്നു ചിന്തിപ്പൂ
ക്ഷണികം അല്ലാത്തതായ്
എന്തുണ്ട് ഭൂവതിൽ

കാത്തു പാലിക്കേണ്ട കരത്തിനാൽ കണ്ടതെല്ലാം വെട്ടി നീക്കി
തച്ചുടച്ചും വെട്ടിപ്പിടിച്ചും
മുന്നേറി.. സ്വപ്ന സ്ഥലികളീ മർത്ത്യരാം ജീവികൾ

ചെയ്തൊരു കർമ്മഫലമെന്ന പോൽ വന്നു ഭവിപ്പൂ
മഹാമാരികളൊന്നൊന്നായ്
മഹാവ്യാധിയിൽ പെട്ടുഴലുന്ന മർത്ത്യാ..
നീ ഓടി ഒളിക്കുന്നതെവിടെപ്പോയ്

വെട്ടിയൊതുക്കിയും
വെട്ടിപ്പടുത്തും കരേറിയ
കരങ്ങൾക്കുമിപ്പോൾ
ശക്തി പോരയോ മഹാ വ്യാധിയെ തടുക്കാൻ

ചുറ്റിത്തിരിയുന്ന കലികാല
ചക്രച്ചുഴിയിൽ പെട്ടുഴലുന്നു
ചുറ്റി വരിഞ്ഞൊരാ പാശത്തിൻ
കെട്ടിൽ പെട്ടുഴറുന്നു
കേണു വിലപിക്കുന്നു

താങ്ങിനായ് തണലിനായ് ഉഴറീ നടപ്പൂ ....
ഒരിറ്റു കനിവിനായ്
മരുപ്പച്ചകൾ തേടി നടപ്പൂ ..
മർത്ത്യർ നാം സ്വപ്നസ്ഥലികളീ .... ഭൂമിയിൽ

**ദേവവൃന്ദ റ്റി .യു**
9 E ശ്രീ നാരായണ എച്ച്.എസ്.എസ് ഒക്കൽ
പെരുമ്പാവൂർ ഉപജില്ല, എറണാകുളം

# മറുമരുന്ന്

ഹിമവാനുമപ്പുറം ചൈനയിൽ നിന്നും
വിമാനമേറിവന്ന വൈറസ്
വിഴുങ്ങുന്നു മാനവരാശിതൻ
ഭാവിസ്വപ്നങ്ങളെ
സ്തംഭിച്ചുനിന്നുപോയ്
ശരവേഗത്തിലോടുന്ന വണ്ടികൾ
നിശ്ചലം നിന്നൂ മഹാമാരിക്ക് മുന്നിലീ മന്നവർ
ശവമഞ്ചങ്ങളടുങ്ങിക്കിടക്കുന്നു നിശ്ചലം
ശിശിരകാലത്തിൻ പത്രങ്ങളെന്നപോൽ
വിറച്ചുനിൽക്കുന്നൂ ഭരണാധികാരികൾ
വീർപ്പുമുട്ടുന്നു ലോകർ തങ്ങൾ തൻ വീടകങ്ങളിൽ
കണ്ടു നാം ദൈവദൂതരേ കണ്മുന്നിൽ
ശുഭ്രവസ്ത്രധാരിണികളാം മാലാഖമാരേ

കണ്ണിനുകാണാ കീടാണുവിൻ തേരോട്ടം തടയുവാൻ
കാക്കിതൻ കാർക്കശ്യം കണ്ണുരുട്ടുന്നു,
ലാത്തിവീശുന്നു, മണ്ണിലും വിണ്ണിലും നിരന്തരം

ആഴ്ചകൾ മാസങ്ങളായ്,
എത്തീ വാർത്തകൾ ദിനംതോറും,
അടുത്തെത്തീ മരണത്തിൻെറ സന്ദേശവാഹകൻ
ഹിമാവാനുമിപ്പുറം വിന്ധ്യന്നരികെ
പശ്ചിമഘട്ടത്തിനക്കരെ
പാരാവാരത്തിൻ പരിസരങ്ങളിൽ
പഞ്ഞമേറും ജനപഥങ്ങളിൽ
കവർന്നൂ ജീവനെ

'തുടരുമോ വിനാശം ? ഒടുങ്ങുമോ വിലാപം ?'

ചൂടേറുമാ വാർത്തകൾ കേട്ടവർ
ചുറ്റിലും തീർത്തൂ പ്രതിരോധത്തിൻ കോട്ടകൾ
തടഞ്ഞു നാം മാരിയെ
'കോവിഡെ'ന്ന മഹാമാരിയെ
കണ്ടെടുത്തൂ വ്യാധി തൻ കടൽ കടന്നു വന്നവരെ
അവർ കണ്ടവരെ

രക്ഷ നാം നൽകി
പ്രാണരക്ഷ തൻ പത്ഥ്യം നൽകി

പാഥേയം പകുത്തു നാം നൽകി
പകർച്ചവ്യാധിയിൽ പകച്ചൊരാ അതിഥിത്തൊഴിലാളികൾക്കും
തോറ്റുപോയ് കൊറോണ തൻ തേറ്റ
തെറ്റിടാത്തൊരാ ഭിഷഗ്വരർ തൻ കുറിപ്പടിക്കു മുന്നിൽ
മാഞ്ഞുപോയ് വേലിക്കെട്ടുകൾ
തീർത്തുനാം സ്നേഹത്തിൻ ബലിഷ്ഠമാം സേതുക്കൾ

മുഖ്യമാം വസ്ത്രം മുഖാവരണമായ്
മുഷിയാതെ നമ്മൾ ശുദ്ധമാക്കി കരങ്ങളും

ഉയിർത്തെഴുന്നേറ്റു നാം , ദൈവപുത്രനോടൊപ്പം
വിഷുപ്പക്ഷി തൻ തുയിലുണർത്തും കേട്ട്

വറുതി തൻ ദിനങ്ങൾ പോയ് മറയട്ടേ
പെരുമയുള്ളൊരാ പെരുന്നാളുകൾ വരട്ടേ

മുറിക്കട്ടെ ചങ്ങല
തിരയട്ടെ ഞാനെൻ ഹാന്റ് സാനിറ്റൈസർ
അണിയട്ടെ ഞാനെൻ മുഖാവരണം.

**ദയ. എൻ**
7 E സി എം എം യു പി സ്കൂൾ എരമംഗലം
പൊന്നാനി ഉപജില്ല, മലപ്പുറം

# കരുതലോടെ...

ചിതലരിച്ച ഭൂമി ചിതയായിടാതെ കാത്തിടാം
കരുതലോടെ ഭൂമിക്കൊരു സാന്ത്വനം പകർന്നിടാം
രോഗത്തിനെതിരെ പൊരുതിടുന്നിതു ചിലർ
മാനവരാശിതൻ കാവൽ പടയാളികൾ
വ്യാധിയാൽ പിടഞ്ഞിടുന്ന ഭൂമിയെ പുൽകുവാൻ
ദിനംതോറും പൊരുതുന്ന മാലാഖമാർ
അരുമയാം ഭൂമിയെ ഒരുമയോടെ കാത്തിടാം
അകലാം നമുക്കിന്നിനിയടുക്കാനായ്
കത്തി പടരുന്ന വ്യാധിയെ കെടുത്തിടാം
ശുചിത്വത്തിൻ പുണ്യജലത്താലേ.
മണ്ണിന്റെ മണമറിയാത്ത മാനവർക്ക്
ദൈവത്തിൻ ഓർമ്മപ്പെടുത്തലോ?
പ്രകൃതിയാമമ്മയെ അറിഞ്ഞ് നമുക്കീ
ഭൂമിതൻ മാറാപ്പ് നീക്കിടാനൊരുങ്ങിടാം
വാടിത്തളർന്ന നിൻപുഷ്പവാടിയിൽ
വീണ്ടും പുതുവേരുകൾ തളിർത്തിടും
ഇനിയൊരു രോഗവും പടരാതെ നോക്കിടാം
ശുചിത്വത്തിൻ ചുവടുവയ്പോടെ
പ്രത്യാശതൻ നവദീപം കൊളുത്തിടാം
നാളെ തൻ അന്ധതയകറ്റിടാനായ്

**തേജാലക്ഷ്മി വി.എം**
8 D സി.എം.സി ഗേൾസ് ഹൈസ്കൂൾ
ചേവായൂർ ഉപജില്ല, കോഴിക്കോട്

# തിരിഞ്ഞുനോട്ടം

സമയമില്ലാത്ത മാനവർക്കിപ്പോൾ,
സമയമെങ്ങനെ കഴിയുമെന്നോർക്കുന്നു.
നിശ്ചലമാകുമെന്നോർത്തീല....
നെട്ടോട്ടം തുടരുമ്പോൾ ;
ഹൃദയത്തിൻ ബന്ധങ്ങൾ,
ഹൃദയത്തോടടുപ്പിക്കാൻ,
തന്നതീയവസരമൊന്നു
തനതായി വിനിയോഗിക്കാം.
പുകയില്ലാത്തൊരാകാശം
പൊടിയില്ലാ....വായുവിലും,
മായാത്തൊരു പുഞ്ചിരി
മാത്രം കാണാനായി സാധിച്ചു.
കുടുംബത്തിൽ അംഗങ്ങൾ
കൂടിയിരിപ്പൂ നിമിഷങ്ങൾ
സന്തോഷം വാരിയെറിയൂ
സസ്നേഹം വീടുകളിൽ
മുറിവുകൾ മാത്രവുമല്ല..
മാരകമായ വൈറസിനും,
മനസ്സുകളെ ചലിപ്പിക്കാനും
ഒരു തിരിഞ്ഞുനോട്ടം
അവശ്യമെന്നതു ചിന്തിപ്പിക്കാൻ
സാധിക്കുകയും ചെയ്തല്ലോ.
നന്ദിയുടെ വചനങ്ങളോ?
കോപത്തിൻ
ചൂണ്ടുവിരലോ..?
എന്തുനൽകണമെന്നറിയാതെ
നിൽപ്പൂ ഞങ്ങൾ
നിന്നുടെ മുമ്പിൽ.

**പ്രാർത്ഥന വി**
9 B സി.ജി.എച്ച്.എസ്സ്.എസ്സ്.വടക്കഞ്ചേരി
ആലത്തൂർ ഉപജില്ല, പാലക്കാട്